സമകാലിക
# ജനപഥം

2022 നവംബർ
പുസ്തകം 9 ലക്കം 4

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ






## തിയേറ്ററിന്റെ കലയാണ് സിനിമ
അടൂർ ഗോപാലകൃഷ്ണൻ




## ദൃശ്യോത്സവത്തിലേക്കു സ്വാഗതം


കേരളം സുരക്ഷിതം \ കേരളം അഭിമാനം
നല്ല നാടിന്റെ നന്മകൾ കാണാൻ
സമകാലിക
ജനപഥം
KERALA CALLING
പ്രത്യേക
വരിസംഖ്യാ
ക്യാംപെയ്ൻ
സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ
സമകാലിക ജനപഥത്തിന്റെയും
കേരള കോളിങ്ങിന്റെയും വാർഷിക
വരിക്കാരാവാൻ ഇപ്പോൾ സുവർണാവസരം...
ഒരുവർഷത്തേക്ക് കേരളകോളിങ്ങിനും
ജനപഥത്തിനും
240 രൂപ
വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്
ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക...
0471-2517036
iocirculation@gmail.com
കൂടാതെ www.etreasury.kerala.gov.in
എന്ന വെബ്സൈറ്റിലൂടെയും പണമയയ്ക്കാം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എച്ച്. ദിനേശൻ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ - ഇൻ - ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
സർക്കുലേഷൻ ഓഫീസർ
**കെ. ബി. ശ്രീകല**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി. എസ്**

November 1, 2022, Volume 9, Issue 4
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

**എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം – 695001**
prdmalayalam@gmail.com
**04712518171**

**വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം,
1–ാം നില, സെക്രട്ടേറിയറ്റ് അനക്സ്–1,
തിരുവനന്തപുരം–1
എന്ന വിലാസത്തിൽ അയയ്ക്കുക.**

**04712517036**

**ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.**

സമകാലിക
ജനപഥം

2022 നവംബർ 1
പുസ്തകം 9 ലക്കം 4

# ജാഗ്രത പുലർത്തേണ്ട കാലം



അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും അവസാനിപ്പിച്ച് ഒരു നവോത്ഥാനകേരളം കെട്ടിപ്പടുക്കാനുള്ള യത്നങ്ങൾക്കൂടി അടങ്ങുന്നതാണ് കേരളത്തിന്റെ സ്വാതന്ത്ര്യപ്രക്ഷോഭചരിത്രം. നിരന്തരപോരാട്ടങ്ങളിലൂടെയും ബോധവൽക്കരണങ്ങളിലൂടെയും അയിത്തം പോലുള്ള സാമൂഹികവിലക്കുകളും മൃഗബലി പോലുള്ള ദുരാചാരങ്ങളും ഇല്ലാതാക്കാൻ നമുക്കായി. ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും ബ്രഹ്മാനന്ദസ്വാമി ശിവയോഗികളും കെ.കേളപ്പനും എകെജിയും മന്നത്ത് പത്മനാഭനും വക്കം അബ്ദുൾഖാദർമൗലവിയും മറ്റും അടങ്ങുന്ന മഹത് വ്യക്തിത്വങ്ങൾ തെളിച്ചപാതയും ദുരാചാരങ്ങളുടെ ഇരുൾ മുറിച്ച് പുതിയ കേരളം കെട്ടിപ്പടുക്കുന്നതായിരുന്നു. എന്നാൽ മാനവിക ബോധവും ശാസ്ത്രചിന്തയും നയിച്ച നവോത്ഥാന കേരളത്തിൽനിന്നുള്ള പിൻനടത്തമെന്നപോൽ അപകടകരമായ ചില പ്രവണതകൾ സമീപകാലത്തു കണ്ടുതുടങ്ങിയിരിക്കുന്നു. ഇതിനെതിരെ സാംസ്കാരികകേരളം ഒന്നിച്ചു കൈകോർത്തുനീങ്ങേണ്ടതിന്റെ പ്രസക്തിയാണ് ഈ ലക്കം പ്രധാനമായും ചർച്ച ചെയ്യുന്നത്. ദുരാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമൊപ്പം മനുഷ്യത്വത്തെ ഇല്ലാതാക്കുന്ന മറ്റൊരു അന്ധകാരമാണ് ലഹരി. ലഹരിക്കെതിരായി വിപുലമായ ബോധവൽക്കരണമാണ് സംസ്ഥാനസർക്കാർ നടത്തിവരുന്നത്. റിപ്പബ്ളിക് ദിനംവരെ നീളുന്ന ക്യാംപെയിനിന്റെ രണ്ടാംഘട്ടത്തിന്റെ സവിശേഷതകൾക്കും ഈ ലക്കം പ്രാധാന്യംനൽകുന്നു.

ഇതിനകം രാജ്യാന്തരശ്രദ്ധ നേടിയ കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഡിസംബർ ഒൻപതിന് തുടക്കമാവുകയാണ്. ചലച്ചിത്രോത്സവത്തിലൂടെ ഒരു തിരനോട്ടം ഉൾപ്പെടുത്തിയിട്ടുണ്ട്. വിഖ്യാതസംവിധായകൻ അടൂർ ഗോപാലകൃഷ്ണന്റെ ആദ്യസിനിമയായ സ്വയംവരത്തിന് അരനൂറ്റാണ്ട് തികയുന്നവേളയിൽ അദ്ദേഹവുമായുള്ള ഒരു അഭിമുഖം പ്രസിദ്ധീകരിക്കാനായതിലും ഞങ്ങൾക്ക് അഭിമാനമുണ്ട്.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
എഡിറ്റർ

06 ഉയരട്ടെ മനുഷ്യത്വത്തിന്റെ കൊടിപ്പടം
പിണറായി വിജയൻ
മുഖ്യമന്ത്രി

08 അന്ധവിശ്വാസത്തിനെതിരെ കേരളം കൈകോർക്കുന്നു
വി. എൻ. വാസവൻ

10 ഇരുൾമുറിച്ച കേരളം
ഡോ. ശിവദാസൻ. പി

14 അന്ധവിശ്വാസത്തിന്റെ തലച്ചോറിടങ്ങൾ
എതിരൻ കതിരവൻ

18 മണിച്ചിത്രത്താഴിട്ട് പൂട്ടുമ്പോൾ
ശ്രീബാല കെ. മേനോൻ

20 കേരളമേ ജാഗ്രത
ഡോ. മോഹൻ റോയ്

22 നവസമൂഹത്തിനുള്ള നിയമങ്ങൾ
അഡ്വ.വി.എൻ.ഹരിദാസ്

24 ലഹരിവിപത്തിനെതിരെ ജ്വാലപോൽ പടർന്ന് കേരളം
രമ്യ രാജൻ


28 മികവിന്റെ മഹായാനം
ഗിപ്സൺ എ.സി


30 ഐഐഎഫ്എഫ്
ഉരുവിൽ പൊന്നുനിറച്ച് കേരളം

35 തിയേറ്ററിന്റെ കലയാണ് സിനിമ
അടൂർ ഗോപാലകൃഷ്ണൻ/
എൻ.പി.മുരളീകൃഷ്ണൻ

42 കഥയുടെ ഭ്രമാത്മകലോകം
എസ്.ആർ. ലാൽ

40 നാം സ്വപ്നം കാണുന്ന ഭാഷ
എം.മുകുന്ദൻ






32 ഉയരങ്ങളിൽ
പൊതുവിദ്യാഭ്യാസം
മിനി സുകുമാർ



48 ശബ്ദമില്ലാത്തവരുടെ
ശബ്ദമാണ്
ചലച്ചിത്രങ്ങൾ
മഹ്നാസ് മൊഹമ്മദി /
ഡോ.അപർണ അജിത്





44 ദൃശ്യോത്സവത്തിലേക്കു സ്വാഗതം
സി. അജോയ്




# ഉയരട്ടെ മനുഷ്യത്വത്തിന്റെ കൊടിപ്പടം

മയക്കമരുന്നിന് അടിപ്പെട്ടയാൾ എങ്ങനെ മനുഷ്യത്വം ചോർന്നുപോകുന്നയാളാകുന്നു അതേപോലെതന്നെയാണ് അന്ധവിശ്വാസ ങ്ങൾക്കും ദുരാചാരങ്ങൾക്കും പിന്നാലെ പോകുന്നവരുടെ സ്ഥിതിയും.

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

ലഹരിയും അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും മനുഷ്യത്വത്തെ ചോർത്തിക്കളയുന്നതാണ്. ഇതിനെതിരേ ശക്തമായ ബോധവൽക്കരണം ഉണ്ടാകണം.

മയക്കമരുന്നിന് അടിപ്പെട്ടയാൾ എങ്ങനെ മനുഷ്യത്വം ചോർന്നുപോകുന്നയാളാകുന്നു അതേപോലെതന്നെയാണ് അന്ധവിശ്വാസങ്ങ ൾക്കും ദുരാചാരങ്ങൾക്കും പിന്നാലെ പോകുന്നവ രുടെ സ്ഥിതിയും. സംസ്കാരസമ്പന്നമെന്നു കരുതുന്ന കേരളത്തിൽ ദുർമന്ത്രവാദങ്ങൾ മുതൽ നരബലിവരെ സംഭവിച്ചു. പണത്തോടുള്ള അത്യാർത്തിയും അന്ധവിശ്വാസവുമാണ് ഇതിന്റെ യൊക്കെ അടിസ്ഥാനം. മനുഷ്യത്വം ചോർത്തിക്കള യുന്ന മൃഗീയതയിലേക്ക മനുഷ്യരെ അധഃപതിപ്പിക്കുന്ന അന്ധകാരത്തിന്റെ കുട്ടിനകത്ത് കുട്ടികൾ അകപ്പെടാതെ നോക്കണം. മന്ത്രവാദങ്ങളിലും ആഭിചാരങ്ങളിലുമൊക്കെ ഇരയാക്കപ്പെടുന്നതിൽ അധികവും സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. ഇതു മുൻനിർത്തി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമിടയിൽ വലിയ തോതിലുള്ള ബോധവൽക്കരണം ഉണ്ടാകണം.

ലഹരിക്കെതിരായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിപുലമായ ജനകീയ ക്യാംപെയിൻ നടക്കുകയാണ്. കേരളത്തിന്റെ ഊർജസ്വലരായ വിദ്യാർഥി സമൂഹമാണ് ഈ ക്യാംപെയിനിന്റെ മുൻപന്തിയിൽ നിൽക്കുന്നത്. ഗാന്ധിജയന്തി ദിനത്തിൽ തുടക്കം കുറിച്ച ക്യാംപെയിനിന്റെ ആദ്യ ഘട്ടം കേരളപ്പിറവി ദിനമായ നവംബർ ഒന്നിനു സമാപിച്ചു. രണ്ടാം ഘട്ടം ശിശുദിനത്തിൽ തുടങ്ങി. 2023ലെ റിപ്പബ്ലിക് ദിനം വരെ നീളുന്നതാണു ക്യാംപെയിൻ. സംസ്ഥാനത്തെ ഓരോ സ്കൂളും ഓരോ ക്ലാസ്മുറിയും വലിയ രീതിയിൽ പങ്കാളിത്തം വിധമാണ് ഇതു വിഭാവനം ചെയ്തിരിക്കുന്നത്. ലഹരിവിരുദ്ധ ബോധവൽക്കരണ ത്തിനു തയ്യാറാക്കുന്ന വിവിധ കലാരൂപങ്ങൾക്ക് ഇതിൽ വലിയ പങ്കുവഹിക്കാനാകും. ലഹരിക്കെതിരേ പോരാടാൻ ഓരോ വിദ്യാർഥിയും തങ്ങളുടെ കലാപരമായ കഴിവുകൾ വിനിയോഗിക്കണം. ■







# അന്ധവിശ്വാസത്തിനെതിരെ കേരളം കൈകോർക്കുന്നു

**കേരളത്തിലെ കല, സാംസ്കാരിക, സാഹിത്യപ്രവർത്തകരും പ്രസ്ഥാനങ്ങളും ഒന്നിച്ച് സമൂഹമനസ്സിന് അറിവിന്റെയും തിരിച്ചറിവിന്റെയും നിലാവെളിച്ചം പകർന്നുനൽകാനുള്ള ഉദ്യമത്തിനാണ് തുടക്കമിടുന്നത്**



**വി. എൻ. വാസവൻ**
സഹകരണ, സാംസ്കാരിക, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി

ഉജ്ജ്വലമായ മാനവസാഹോദര്യത്തിന്റെയും സാമൂഹിക നീതിയുടെയും വിത്തും വളവുമിട്ടുറപ്പിച്ച നവോത്ഥാനഭൂമികയാണ് കേരളം. ഇന്ത്യയിൽ മറ്റൊരിടത്തും കാണാത്ത രീതിയിൽ ഉഴുതുമറിച്ച ഭൂപ്രദേശമാണ് കേരളം. യുക്തിചിന്തയും ശാസ്ത്രബോധവും എല്ലാം ജീവിതത്തിലേക്ക് ചേർത്തുനിർത്തുന്ന ഇടവും കൂടിയാണ് നമ്മുടെ നാട്.

എന്നാൽ ഇന്ന് നവോത്ഥാനത്തിന്റെ ആ ശക്തി സ്തംഭങ്ങളെ തകർത്തെറിയാൻ ഇരുളിന്റെ ശക്തികൾ ശ്രമം തുടങ്ങിയിരിക്കുന്നു. മനുഷ്യവിരുദ്ധമായ പ്രവണതകൾക്ക് താണ്ഡവമാടുന്ന സാഹചര്യമൊരുക്കാനുള്ള നീക്കങ്ങൾ കാണുന്നുണ്ട്. നാടിന്റെ മനസ്സ് ഊതിത്തെളിച്ച് വൃത്തിയാക്കേണ്ട സമയം അടുത്തു എന്നാണ് അടുത്തിടെ ഉണ്ടായ സംഭവങ്ങൾ നൽകുന്ന സൂചന. നവോത്ഥാന മൂല്യങ്ങൾ കേരളീയസമൂഹത്തിന്റെ ബോധമണ്ഡലത്തിൽ ജ്വലിച്ച് നിൽക്കേണ്ട കാലമാണിത്.

ഏതെങ്കിലും പ്രത്യേകശക്തിയുടെ അനുഗ്രഹം കൊണ്ട് മാറിയ നാടല്ല കേരളം, മനുഷ്യവിരുദ്ധമായ ആശയങ്ങൾ നിറഞ്ഞുനിന്ന ഒരു കാലം ഇവിടെയും ഉണ്ടായിരുന്നു. അനാചാരങ്ങളും ദുഷ്ചിന്തകളും നാടിന്റെ മനസ്സിൽനിന്നും അപ്രത്യക്ഷമാകുന്നത് നവോത്ഥാന പ്രവർത്തനങ്ങളിലൂടെയാണ്. സംസ്കാരവും ശാസ്ത്രവും ഒന്നിച്ച നവോത്ഥാന ആശയങ്ങളുടെ പ്രാധാന്യം ഉയർത്തിപ്പിടിച്ചുള്ള സംസ്ഥാനസർക്കാരിന്റെ ഇടപെടലുകൾക്ക് കരുത്തേകേണ്ട



കാലമാണിതെന്ന് കൺമുന്നിൽ കണ്ടകാര്യങ്ങൾ നമ്മെ ഓർമ്മപ്പെടു ത്തുന്നു. നവോത്ഥാനനായകർ തെളിച്ച പാതയിലൂടെ മുന്നേറിയ കേരളീയ മനസ്സിനെ പിന്നോട്ടടിക്കുന്ന ശക്തികളി ൽ നിന്ന് നാടിനെ മോചിപ്പിച്ചെടുക്കാ നുള്ള കടമയാണ് ഏറ്റെടുക്കാനുള്ളത്.

ശാസ്ത്രചിന്തയെ നിരാകരിച്ച് അന്ധവിശ്വാസങ്ങൾ നമ്മുടെ സംവാദമണ്ഡലത്തിലേക്ക് തള്ളിക്കയറ്റുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഇത്തരം ദുഷ്പ്രവണത വർധിപ്പിക്കുന്നതിൽ പ്രധാന പങ്കുണ്ട്.

അന്ധവിശ്വാസം ഉന്മൂലനം ചെയ്യാനുള്ള പ്രവർത്തനങ്ങൾക്കായി

> “ ശാസ്ത്രബോധത്തിൽ ഊന്നിയുള്ള സാംസ്കാരിക വിദ്യാഭ്യാസത്തിലൂടെ കേരളത്തിന്റെ സാമൂഹികവീക്ഷണത്തിൽ നവചിന്തകൾ സൃഷ്ടിച്ചെടുക്കാൻ സാധിക്കും ”

ജീവിതം സമർപ്പിച്ച ഡോ.നരേന്ദ്ര ധാബോൽക്കർ വെടിയേറ്റ് കൊല്ലപ്പെട്ട സംഭവം നമ്മൾക്കു മുന്നിലുണ്ട്. അത്രശക്തമാണ് ഇക്കാലത്ത് ഇരുട്ടിന്റെ കരുത്ത്. ആ ഇരുട്ടിനെയാണ് സാംസ്കാരിക, വിദ്യാഭ്യാസ പ്രക്രിയയിലൂടെ തുടച്ചു മാറ്റേണ്ടത്.

## വേണ്ടത് സാംസ്കാരിക വിദ്യാഭ്യാസം

നേട്ടമുണ്ടാക്കാനുള്ള കുറുക്കുവഴിക്കായി അന്ധവിശ്വാസത്തെ കൂട്ടുപിടിക്കുന്ന പ്രവണത ശക്തമാകുകയാണ്. ആത്മവിശ്വാസം നഷ്ടമാവുന്നവരെ ചൂഷണം ചെയ്യാനാണ് ഇത്തരം ശക്തികൾ പിടിമുറുക്കുന്നത്. നിരന്തരമായ ഇടപെടലുകളിലൂടെ മാത്രമേ ഇത്തരക്കാരെ മോചിപ്പിച്ചെടുക്കാൻ സാധിക്കൂ. വിദ്യാഭ്യാസം എന്നത് കേവലം അക്കാദമിക്പരിജ്ഞാനം മാത്രമല്ല, അറിയാനും ആശയങ്ങൾ സൃഷ്ടിക്കാനുമുള്ള സ്വയം പരുവപ്പെടുത്തൽ കൂടിയാകണം. ലോകത്തെ കാണാനും ലോകത്തു നടക്കുന്ന മാറ്റങ്ങളെ കാര്യകാരണസഹിതം വിശകലനം നടത്താനും കഴിയണം. സ്വയം ബോധമുള്ള ഒരാളെ മറ്റൊരാൾക്ക് മാനസികമായി കീഴ്പ്പെടുത്താൻ സാധിക്കില്ല. അന്ധവിശ്വാസത്തിന് പുറകെ പോകുമ്പോൾ തങ്ങൾ സമീപിക്കുന്നത് ആപത്തിനെയാണെന്ന് അക്കൂട്ടർ മനസ്സിലാക്കുന്നില്ല. ഇവിടെയുള്ളത് യുക്തിസഹമായ വിദ്യാഭ്യാസത്തിന്റെ അഭാവം തന്നെയാണ്. ക്ലാസ് മുറികളിൽ നിന്ന് നേടുന്ന വിദ്യാഭ്യാസമല്ല, മറിച്ച് സാംസ്കാരിക വിദ്യാഭ്യാസത്തിന്റെ കുറവ് കേരളീയസമൂഹത്തിന് ഇപ്പോഴുണ്ടെന്നാണ് നിലവിലെ സാഹചര്യത്തിൽനിന്ന് ബോധ്യമാവുന്നത്.

ആത്മവിശ്വാസം നഷ്ടപ്പെടുന്ന സമയത്ത് ആശ്രയമാ യിട്ടാണ് സാധാരണക്കാർ ഇത്തരം അന്ധവിശ്വാസക്കാ രുടെ വലയിൽപ്പെടുന്നത്. നമ്മൾ പിന്നിട്ടവഴികളെ ക്കുറിച്ചും നേടിയ നേട്ടങ്ങളെക്കുറിച്ചും കൂടുതൽ അറിയാതെയും വായിക്കാതെയും പോകുന്നൊരാൾക്ക് ഇവരുടെ ചതിക്കുഴികൾ കാണാൻ സാധിക്കണമെന്നില്ല. ബോധവൽക്കരണം പോലും ഇങ്ങനെയുള്ള വരുടെ കാര്യത്തിൽ ഫലപ്രദമാകണ മെന്നില്ല. അടിസ്ഥാന സാംസ്കാരിക വിദ്യാഭ്യാസവും കൃത്യമായ സാമൂഹികവീക്ഷണവും പകർന്നുകൊടുത്താൽ മാത്രമേ 'ബാധ'കളുടെ കയ്യിൽപ്പെടുന്നതിൽ നിന്ന് ഇത്തരം വ്യക്തികളെ രക്ഷിക്കാൻ കഴിയുകയുള്ളൂ.

## പകരാം തിരിച്ചറിവിന്റെ വെളിച്ചം

ആ ഉത്തരവാദിത്വം ഏറ്റെടുത്തു മുന്നിട്ടിറങ്ങാൻ ഒരുങ്ങുകയാണ് സാംസ്കാരികകേരളം. കേരളത്തിലെ കലാ സാംസ്കാരിക,സാഹിത്യപ്രവർത്ത കരും പ്രസ്ഥാനങ്ങളും ഒന്നിച്ച് സമൂഹമനസ്സിന് അറിവിന്റെ യും തിരിച്ചറിവിന്റെയും നിലാവെളിച്ചം പകർന്നുനൽകാ നുള്ള ഉദ്യമത്തിനാണ് തുടക്കമിടുന്നത്. ഒരു തുടർവിദ്യാഭ്യാസ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. ഗ്രാമങ്ങളിലും കലാലയങ്ങളിലും ടെക്നോപാർക്കുകളിലും ഇങ്ങനെ സമസ്തമേഖലകളിലും എത്തുന്നരീതിയിലാണ് ഇത് ക്രമീകരിക്കുക. നന്മയുടെ വെളിച്ചം എല്ലാ മനസ്സുക ളിലും എത്തിക്കുന്നതിലൂടെ സമൂഹത്തിന് സ്നേഹത്തോടെ യും കരുത്തോടെയും മുന്നോട്ടുപോകാൻ സാധിക്കും. കലാരൂപങ്ങളും സാഹിത്യരചനകളുമാണ് എല്ലാ കാലത്തും സമൂഹമനസ്സിനെ നന്മയിലേക്കുനയിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ളത്. നിയമവ്യവസ്ഥയെയും ഭരണഘടനയെയും ബഹുമാനിച്ചു ജീവിക്കുന്ന പൗരജനങ്ങൾ, അന്ധമായ വിശ്വാസിക്കൂട്ടങ്ങളായി അധഃപതിക്കാൻ ഒരിക്കലും അനുവദിക്കുകയില്ല. ശാസ്ത്ര ബോധത്തിൽ ഊന്നിയുള്ള സാംസ്കാരിക വിദ്യാഭ്യാസ ത്തിലൂടെ കേരളത്തിന്റെ സാമൂഹികവീക്ഷണത്തിൽ നവചിന്തകൾ സൃഷ്ടിച്ചെടുക്കാനും സാധിക്കും. നന്മയുടെ മൂല്യങ്ങൾ സംരക്ഷിക്കാനും കേരളത്തിന്റെ വർത്തമാന വെളിച്ചത്തെ കൂടുതൽ ജ്വലിപ്പിക്കാനും നമുക്കോരോരുത്ത ർക്കും ബാധ്യതയുണ്ട്. വരുംതലമുറകൾക്ക് കൈമാറേണ്ടത് 'നവോത്ഥാനകേരളം' തന്നെയായിരിക്കണമെന്ന് പ്രതിജ്ഞയെടുക്കേണ്ട സന്ധിയാണിത്. ■

# ഇരുൾമുറിച്ച കേരളം

## അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ കേരളം പൊരുതിയതിന്റെ ചരിത്രവഴികൾ



**ഡോ. ശിവദാസൻ. പി**
പ്രൊഫസർ, ചരിത്ര വിഭാഗം
കോഴിക്കോട് സർവകലാശാല

കേരളം പല കാര്യങ്ങൾ കൊണ്ടും ഇന്ത്യക്കു മാത്രമല്ല ലോകത്തിനു മാതൃകയായ പ്രദേശമാണ്. മലയാളികളുടെ സ്വാതന്ത്ര്യസമരപോരാട്ടം വിദേശവാഴ്ചക്കെതിരായതുമാത്രമല്ല സാമുദായിക പരിഷ്കരണത്തിനും മതനിരപേക്ഷ ജനാധിപത്യസമൂഹം നിർമ്മിക്കുന്നതിനും കൂടിയായിരുന്നു. ബ്രിട്ടീഷ് ഭരണം ഇന്ത്യക്ക് അനുഗ്രഹമാണെന്ന വിശ്വാസം അക്കാലത്തെ സവർണ്ണ നാട്ടുവാഴിവർഗത്തിനുണ്ടായിരുന്നു. നേരെമറിച്ച് ഒരു പുതിയ ഇന്ത്യയെ സൃഷ്ടിക്കുക എന്ന നിലപാടാണ് സ്വാതന്ത്ര്യസമരപ്രക്ഷോഭം മുന്നിൽകണ്ടത്. ആ നവസംസ്കാരത്തെ നിർമ്മിക്കാനുള്ള ചുമതലയും സ്വാതന്ത്ര്യസമരം ഏറ്റെടുത്തു.

കീഴ്ജാതിക്കാർക്കു ജാതിവിലക്കുകളും പ്രവേശനനിഷേധങ്ങളും ദൃഷ്ടിദോഷങ്ങളും അടിമജീവിതവും സഞ്ചാരനിഷേധങ്ങളും വിധിക്കപ്പെട്ട നാടായിരുന്നു കേരളം. ഈ സാമൂഹികവിലക്കുകൾ ബ്രിട്ടീഷ് ഭരണചൂഷണങ്ങളെക്കാൾ ഭയാനകമായിരുന്നു. അന്ധവിശ്വാസങ്ങളും ആചാരങ്ങളും നാട്ടുനടപ്പുകളുമായി നിലനിൽക്കാനുതകുന്ന സാഹചര്യം നൂറ്റാണ്ടുകളിലൂടെ സൃഷ്ടിക്കപ്പെട്ടിരുന്നു. 18-ാം നൂറ്റാണ്ട് മുതലാണ് ആ ദുഷിച്ച സമ്പ്രദായങ്ങളുടെ അടിവേരുമുറിക്കുന്ന മുന്നേറ്റങ്ങൾ ഉണ്ടായിത്തുടങ്ങിയത്. വിവിധ മിഷണറിസംഘക്കാരുടെ പരിഷ്കരണ പ്രവൃത്തികളോടൊപ്പം മൈസൂർവാഴ്ചക്കാലത്തെ നടപടികളും വ്യവസായാധുനികതയും ഈ നാട്ടുനടപ്പുകളുടെ നിലനിൽപ്പിനെ ചോദ്യംചെയ്തുതുടങ്ങിയിരുന്നു. ബ്രിട്ടീഷ് ഭരണത്തോടെ നിർമ്മിക്കപ്പെട്ട ഭരണരേഖകളും കേരളീയരല്ലാത്ത ബ്രാഹ്മണ ഉദ്യോഗസ്ഥരുടെ പുത്തൻസമ്പ്രദായങ്ങളുടെ അടിച്ചേൽപ്പിക്കലും 19-ാം നൂറ്റാണ്ടിലെ കേരളത്തെ അധീശജാതി ക്രമീകരണങ്ങളിലേക്കു തള്ളിവിടാൻ തുടങ്ങി. ഈ ആധുനികത കേരളത്തിനു പരിചിതമല്ലാതിരുന്ന ചാതുർവർണ്ണ്യാധിഷ്ഠിതസമൂഹം നിർമ്മിക്കുന്നതിനുള്ള ശ്രമത്തിലാണ് പര്യവസാനിച്ചത്. ഈ ദുഷിച്ച പ്രവണതക്കെതിരായ പ്രക്ഷോഭം കൂടിയായിരുന്നു കേരളത്തിലെ സ്വാതന്ത്ര്യ സമരം. നാട്ടുവാഴിത്തത്തിന് അവകാശങ്ങൾ നൽകുവാനും പിൻവലിക്കുവാനും അധികാരമുണ്ടെന്നായിരുന്നു വിശ്വാസം. തണ്ട്, പല്ലക്ക്, പരവതാനി, വെഞ്ചാമരം,



വര: വി.എസ്. പ്രകാശ്

കുട, വാക്കുരവ, പഞ്ചവാദ്യം, പഞ്ചവർണ്ണക്കുട തുടങ്ങി നെറ്റിപ്പട്ടവും കച്ചപ്പുറവും തോൾവളയും പൂണൂലും മുടിക്കീഴാഭരണങ്ങളും തേക്കും കമ്പിളും ആഞ്ഞിലിയും നായാട്ടും ആനയും പടിപ്പുരയും ആലും ആൽത്തറയും തുടങ്ങി പല സമ്പ്രദായങ്ങളും അധികാരികളുടെ അനുമതിയോടെ മാത്രമേ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. തന്റെ അധമാവസ്ഥ കർമ്മഫലമായിക്കണ്ട് അനുഭവിക്കാനുള്ള വിധിയായാണ് ഇവയൊക്കെ നിഷേധിക്കപ്പെട്ടവരെ വിശ്വസിപ്പിച്ചിരുന്നത്. സാധാരണ മനുഷ്യർ പൊതുമണ്ഡലത്തിൽ സജീവമായി ഇടപെട്ടു തുടങ്ങിയതോടെയാണ് കേരളം മാറാനാരംഭിച്ചത്.

## പുതുവഴി വെട്ടിയ ക്ഷേത്രപ്രവേശന സമരങ്ങൾ:

1888 ൽ അരുവിപ്പുറത്ത് ക്ഷേത്രപ്രതിഷ്ഠ നടത്തി ബ്രാഹ്മണാധിപത്യത്തെ ചോദ്യംചെയ്ത നാരായണഗുരുവിന്റെ ദൗത്യം നിരവധി പുരോഗമനമുന്നേറ്റങ്ങൾക്ക് വഴിയൊരുക്കി. 1917 ൽ കോഴിക്കോട് നടന്ന തളിക്ഷേത്ര സമരവും 1924 ലെ വൈക്കം സത്യഗ്രഹവും 1931 ലെ ഗുരുവായൂർ സത്യഗ്രഹവും ഇതിന്റെ തുടർച്ചയായിരുന്നു. പൊതുവഴികളും പൊതുകുളങ്ങളും പൊതുമൈതാനങ്ങളും മതനിരപേക്ഷ ഇടങ്ങളായി മാറുന്നതിന് പുരോഗമനസമൂഹം ഒന്നിച്ചിറങ്ങിയത് സാമൂഹിക പരിഷ്കരണത്തിന് വഴിയൊരുക്കി. അന്ധവിശ്വാസങ്ങളുടെ അടിവേരറുക്കുവാൻ ധീരമായ മുന്നേറ്റങ്ങൾക്ക് ജനങ്ങൾ തയ്യാറായി. 1920ൽ ചെങ്ങന്നൂർ ക്ഷേത്രത്തിൽ അധഃകൃതരെ പ്രവേശിപ്പിക്കുവാൻ നേതൃത്വം നൽകിയ കാര്യം ചിറ്റേടത്തു ശങ്കുപ്പിള്ളയുടെ ജീവചരിത്രത്തിൽ പറയുന്നുണ്ട്. സമാനമായ മുന്നേറ്റങ്ങൾ സ്വാതന്ത്ര്യസമരകാലത്തും ശേഷവും നടക്കുകയുണ്ടായി. നൂറ്റാണ്ടുകളായി അധികാരം നിഷേധിക്കപ്പെട്ട ജനത ഉണർന്നെണീറ്റു. 'വേദം കേട്ടുകൂടാ വേദം ഉച്ചരിച്ചുകൂടാ' എന്ന് വിധിക്കപ്പെട്ടവരാണ് ഈ മാറ്റങ്ങൾക്കായി പ്രവർത്തിച്ചത്. കോഴിക്കോട് ശ്രീകണ്ഠേശ്വര ക്ഷേത്രവും തലശ്ശേരിയിൽ ജഗന്നാഥ ക്ഷേത്രവും കേരളത്തിനെ നവീകരിച്ചു. ഈ ക്ഷേത്രങ്ങളിൽ അധഃകൃതരെന്ന് മുദ്രകുത്തി മാറ്റി നിർത്തപ്പെട്ടവർക്കും പ്രവേശനം ലഭിച്ചു. കെ. കേളപ്പനും എ കെ ജിയും പി.കൃഷ്ണപിള്ളയും ക്ഷതമേൽപ്പിച്ചത് വേരുപിടിച്ച ഇരുമ്പുദുർഗങ്ങൾക്കായിരുന്നു. 1936ലെ ക്ഷേത്രപ്രവേശനവിളംബരം ജനകീയസമ്മർദത്തിന്റെ കൂടി ഫലമായിരുന്നു.



## ശബ്ദമുയർന്നത് മൃഗബലിക്കെതിരെയും

മനുഷ്യക്കുരുതിക്കു പകരമാണെന്ന രീതിയിൽ ആധുനിക കാലത്തും നടന്നുവന്ന മൃഗബലികൾക്കെതിരെ കേരളം ശബ്ദിക്കുകയുണ്ടായി. വരേണ്യവർഗക്കാർ മൃഗങ്ങൾക്കെതിരായ ക്രൂരത തടയുന്നതിന് സംഘമായി പ്രവർത്തിച്ചപ്പോൾ ക്ഷേത്രങ്ങളിലും മറ്റും അന്ധവിശ്വാസങ്ങളുടെ ഭാഗമായി രക്തം വീഴ്ത്തുന്നത് അവസാനിപ്പിക്കുന്നതിന് മുന്നിട്ടിറങ്ങിയത് ശ്രീനാരായണഗുരുവായിരുന്നു. കൊടുങ്ങല്ലൂരിലെ മണിമലക്കാവിലെ കോഴി വെട്ടിനെതിരെ സി. കൃഷ്ണൻ നയിച്ച സമരത്തിൽ സഹോദരൻ അയ്യപ്പനും പങ്കാളിയായി.

## വസൂരിപ്പുരകളും ജാതിക്കുളങ്ങളും:

അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വളർത്തിയ ജാതിക്കുളങ്ങൾ വളരെക്കാലം കേരളത്തിൽ നിലനിന്നു. സവർണ്ണർക്കായി നിർമ്മിച്ച കുളങ്ങളിൽ കീഴ്ജാതിക്കാർക്ക് പ്രവേശനമുണ്ടായിരുന്നില്ല. കോഴിക്കോട് മേപ്പയൂരിൽ നടന്ന മാതിരി കുളിസമരങ്ങളിലൂടെയാണ് ഇത്തരം അയിത്തക്കുളങ്ങൾ ഇല്ലാതായത്. ചികിത്സ ലഭ്യമാകാത്ത രോഗങ്ങൾ വന്നാൽ മരണത്തിനു വിട്ടുകൊടുക്കുന്നതും കേരളത്തിന്റെ ശാപമായിരുന്നു. വസൂരി വന്നവരെ പാർപ്പിക്കുന്ന 'വസൂരിപ്പുരകൾ' അല്ലെങ്കിൽ 'കുരിപ്പ് ചാപ്പകൾ' ഇല്ലാതായത് ശാസ്ത്രവും ചികിത്സയും വികസിച്ചതോടെയാണ്.

## ഊഴിയവും അടിമവേലയും

കേരളത്തിൽ അടിമസമുദായങ്ങളുണ്ടായിരുന്നു. അവർ കൂലിയില്ലാ ഊഴിയം വേലകൾ ചെയ്യണമായിരുന്നു. കുടിയൊഴിപ്പിക്കലുകൾ നിരോധിക്കപ്പെട്ടതും നിർബന്ധനികുതികൾ ഇല്ലാതാക്കിയതും ജാതിപ്പലകകൾ പറിച്ചെറിഞ്ഞതും ഭൂപരിഷ്കരണം നടപ്പിലാക്കിയതും അടിമത്തത്തിന്റെ വേരറുത്തു.

## പുതിയ യുവത്വം കോരപ്പുഴയും കടന്നു

കേരളത്തിലെ ജാത്യാചാരമായിരുന്നു യാത്രാവിലക്കുകൾ. പാലങ്ങളും ട്രെയിനും റോഡുകളും വന്നതോടെ ജാതിവിലക്കുകൾ കൂസാതെ ചെറുപ്പക്കാർ ദൂരദേശങ്ങളിലേക്ക് ജീവിതമാർഗംതേടി സഞ്ചരിച്ചു. ഒരു കാലത്ത് 'കോരപ്പുഴ കടന്നാൽ' ജാതിവിലക്കെന്ന വിശ്വാസമുണ്ടായിരുന്നു. സമരകാലത്ത് സമുദ്രയാത്രാ വിലക്കുകൾക്കു വിലയില്ലാതായി. സവർണ്ണജാതിക്കാർ പോലും ദൂരദേശങ്ങളിൽ മറ്റുള്ളവരുമായി ഇടപഴകി ജീവിക്കാൻ തുടങ്ങി. ശീമയിൽ പോയി ഉന്നതബിരുദങ്ങൾ നേടിയവർ ഏവരുടെയും നായകരായി. വഴി നടക്കുവാൻ തളി ക്ഷേത്രമുറ്റത്തു മാത്രമല്ല കല്പാത്തിയിലും വൈക്കത്തും പാലിയത്തും ഉഗ്ര പ്രക്ഷോഭങ്ങളുണ്ടായി. സവർണ്ണവഴികളിലൂടെ കീഴ്ജാതിക്കാർ തലപ്പാവും ധരിച്ച് വില്ലുവണ്ടികൾ ഓടിച്ചു. കേരളം തകർത്തെറിഞ്ഞത് പഴകിദ്രവിച്ച ഹീനമായ നാട്ടുനടപ്പുകളെയാണ്. അവകാശം ഔദാര്യമല്ലെന്ന് ഇത്തരം സമരങ്ങൾ തെളിയിച്ചു.

## അടുക്കളയിൽ നിന്ന് അരങ്ങത്തെത്തിയവർ

കേരളത്തിൽ സ്ത്രീകൾക്കനുഭവിക്കേണ്ടിവന്ന യാതനകൾ കുറഞ്ഞു തുടങ്ങിയത് മുന്നേറ്റങ്ങളിലൂടെയാണ്. സ്ത്രീകൾ സാഹിത്യരംഗത്തു മാത്രമല്ല കലാരംഗത്തും അഭിനയരംഗത്തും പ്രത്യക്ഷപ്പെട്ടത് വിലക്കുകൾ അവഗണിച്ചാണ്. വിദ്യാഭ്യാസത്തിലൂടെ അവർ എല്ലാരംഗത്തും പുരുഷനോടൊപ്പമെത്താൻ കഴിയുന്നവരാണെന്ന് തെളിയിച്ചു. ടിപ്പു സുൽത്താന്റെ കാലത്തെ ചേലക്കലാപത്തിൽ തുടങ്ങി പൊതുവിടങ്ങളിൽ മേൽവസ്ത്രമണിഞ്ഞ് ധീരരായ വനിതകൾ ജാതിമേലാളരെ ചോദ്യം ചെയ്തു. സ്വാതന്ത്ര്യം നേടിയതിനുശേഷവും നിലനിന്ന മേൽവസ്ത്രവിലക്കിനെപ്പോലുള്ള അനാചാരങ്ങളെ ഇല്ലാതാക്കിയതിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വലിയ പങ്കുണ്ട്.

## സഹഭോജന കൊടുങ്കാറ്റ്

കേരളത്തെ പുരോഗമനപാതയിലേക്കു നയിച്ച മിശ്രഭോജനസംഭവങ്ങൾ ആധുനികതയുടെ സൃഷ്ടിയായിരുന്നുവെങ്കിലും കേരളത്തിലെ ജാതിവ്യവസ്ഥയെ തകർത്തെറിയുവാൻ ഈ സമരമാർഗം സ്വീകരിച്ചവരുമുണ്ട്. 1917 ൽ കോഴിക്കോട്ടെ ആനിഹാളും സഹോദര സംഘ നേതൃത്വത്തിൽ ചെറായിയിലും തുടങ്ങിയ ധീരസമരങ്ങൾ അക്കാലത്ത് ജാതീയതയെ ചോദ്യം ചെയ്തു. കോൺഗ്രസ് യോഗങ്ങളിൽ തുടങ്ങിയ മിശ്രഭോജനങ്ങൾ ഗ്രാമങ്ങളിലെത്തിച്ചത് പുതിയ ചെറുപ്പക്കാരായിരുന്നു. റെയിൽവേ സ്റ്റേഷനുകളും ചായക്കടകളും ഹോട്ടലുകളും മനുഷ്യർക്ക് ഒത്തുകൂടാവുന്ന വേദികളായത് നിരന്തരമായ ജാതി ലംഘനങ്ങളിലൂടെയാണ്. പന്തികളായി മനുഷ്യരെ ജാതിതിരിച്ച് ഭക്ഷണം വിളമ്പിയിരുന്നതും മുറ്റത്തെ കുഴികളിൽ അധഃകൃതർക്ക് കഞ്ഞി കൊടുത്തിരുന്നതും ഇല്ലാതായതും പുരോഗമന മുന്നേറ്റങ്ങളിലൂടെയാണ്. ഒറ്റപ്പെടുത്തിയും ഭ്രഷ്ട് കല്പിച്ചും പുരോഗമന പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നവരെ വേട്ടയാടിയിരുന്നവർക്കു ചരിത്രത്തിലേക്ക് ആഴ്ന്നുപോകേണ്ടി വന്നു.

## ഇരുട്ടിനെ അകറ്റിയ അക്ഷരവിപ്ലവം

അക്ഷരജ്ഞാനം നിഷേധിച്ചാണ് അന്ധവിശ്വാസങ്ങളെ നിലനിർത്തിയിരുന്നത്. മിഷണറിസംഘക്കാരിലൂടെയും ദേശീയവിദ്യാലയങ്ങളിലൂടെയും സാധാരണക്കാർ





അക്ഷരജ്ഞാനം നേടി. വിദ്യാലയങ്ങളും കോളേജുകളും പുരോഗമനമുന്നേറ്റത്തിന്റെ വേദികളായി. യുവാക്കൾ ഗ്രന്ഥശാലകൾ സ്ഥാപിച്ചും നിശാപഠനശാലകൾ നടത്തിയും നിരവധിപേരെ അക്ഷരലോകത്തിലെത്തിച്ചു. തുടർന്നുണ്ടായ വിപ്ലവം കേരളത്തെ മാറ്റിമറിച്ചു. വിദ്യകൊണ്ട് പ്രബുദ്ധരാവാൻ മലയാളി സമൂഹത്തിനായി. ഏറെ പ്രതിഷേധങ്ങൾ അതിജീവിച്ചിട്ടാണെങ്കിലും നിരന്തരസമരങ്ങളിലൂടെ അവർണ്ണർ വിദ്യാലയങ്ങളിൽ പ്രവേശനം നേടി. 'ഞങ്ങൾ വിളയിച്ച നെല്ലിന് അയിത്തമില്ലെങ്കിൽ ഞങ്ങളുടെ കുഞ്ഞുങ്ങൾക്കും അയിത്തം പാടില്ലെന്ന്' അടിച്ചമർത്തപ്പെട്ടവർ ഒന്നിച്ചുപറഞ്ഞ നാടായി കേരളം.

## കല്ലുമാലകൾ പൊട്ടിച്ചെറിഞ്ഞ കേരളം

അധഃകൃതരായ സ്ത്രീകൾക്ക് ലോഹാഭരണങ്ങൾ ധരിക്കുവാനോ മാറുമറയ്ക്കാനോ അവകാശമില്ലായിരുന്നു. നിറയെ കല്ലുമാല ധരിച്ചാണ് അവർ പൊതുവിടങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. പെരിനാട്ടുലഹള കല്ലുമാലകൾ ഉപേക്ഷിക്കാനുള്ള സമരമായിരുന്നു. മൂക്കുത്തി ധരിക്കുവാനും സമരമുണ്ടായി. കാതുകുത്ത് പരിഷ്കാരവും സമാനരീതിയിൽ കീഴാളർ നടത്തുകയുണ്ടായി. ഈ അവകാശങ്ങൾ നിയമംമൂലം അനുവദിക്കപ്പെട്ടെങ്കിലും നാട്ടിലാകമാനം നടപ്പിലായത് പുരോഗമനവാദക്കാരുടെ ഇടപെടൽ വഴിയായിരുന്നു.

> “ അക്ഷരജ്ഞാനം നിഷേധിച്ചാണ് അന്ധവിശ്വാസങ്ങളെ നിലനിർത്തിയിരുന്നത്. മിഷണറി സംഘക്കാരിലൂടെയും ദേശീയവിദ്യാലയങ്ങളിലൂടെയും സാധാരണക്കാർ അക്ഷരജ്ഞാനം നേടി ”




## മാതൃകയായ 'വാൽവെട്ട് പ്രക്ഷോഭം':

ജാതിചിഹ്നങ്ങൾ പിൻതുടരുന്ന സവർണ്ണനിലപാടിനെ ചോദ്യം ചെയ്ത ധീരൻമാരായിരുന്നു കെ. കേളപ്പനും മന്നത്ത് പത്മനാഭനും. സ്വസമുദായത്തിന്റെ നവീകരണത്തിനായി രംഗത്തിറങ്ങിയ ഇവർ സ്വന്തം ജാതിപ്പേർ ഉപേക്ഷിച്ച് മാതൃകാപ്രവർത്തനം നടത്തിയവരാണ്. മതനിരപേക്ഷ സമൂഹത്തിനായി നിലകൊള്ളുന്ന കേരളം:പുരോഗമന മുന്നേറ്റങ്ങളാലും ശ്രദ്ധേയമായ സ്വാതന്ത്ര്യസമരകാലത്ത് ജാതിനശീകരണയാത്രയും അയിത്തോച്ചാടനയാത്രയും കേരളത്തിലുണ്ടായി. 1920ൽ മഹാത്മാഗാന്ധി കേരളത്തിലാദ്യമായി കോഴിക്കോടെത്തിയപ്പോൾ ജനങ്ങളെ അഭിമുഖീകരിച്ചത് യാക്കൂബ് ഹസ്സനുമൊത്തായിരുന്നു. ഹിന്ദു- മുസ്ലിം മൈത്രി സ്വാതന്ത്ര്യസമരത്തിന്റെ അവിഭാജ്യഘടകമായിരുന്നു. ജോർജ് ജോസഫും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും കേരളത്തിന്റെ സ്വാതന്ത്ര്യസമരനായകരായിരുന്നു. സ്വകാര്യജീവിതത്തിലും പൊതുജീവിതത്തിലും പുരോഗമന മൂല്യങ്ങൾ പ്രാവർത്തികമാ ക്കുവാൻ അക്കാലത്തെ പ്രവർത്തകർക്കായി. മലയാളഭാഷയിലൂടെ മലയാളികൾ അവരുടെ കേരളത്തെ യാഥാർഥ്യമാക്കിയെടുത്തു. പരസ്പരസഹായസമിതികളിലൂടെ മലയാളികൾ വികസനപാതയിൽ ഒന്നിച്ച് കൈകോർത്തു പ്രവർത്തിച്ചു. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന സന്ദേശം ഈ പുരോഗമനമുന്നേറ്റത്തിന്റെ തെളിമയടങ്ങിയ മഹത് വചനമാണ്. ■









## എതിരൻ കതിരവൻ

ശാസ്ത്രജ്ഞൻ, ഷിക്കാഗോ യൂണിവേഴ്സിറ്റി


മതാത്മകവിശ്വാസങ്ങൾ സാമൂഹികമായി സംപ്രേക്ഷണം ചെയ്യപ്പെടുന്നവയാണ്. അത് പ്രകൃത്യതീത സംഭവങ്ങളും സ്വരൂപങ്ങളും സത്യമാണെന്ന വിവക്ഷയാണ് ഉൾക്കൊള്ളാറ്. അങ്ങനെ മതസംബന്ധിയായ വിശ്വാസങ്ങൾ പ്രയോഗസിദ്ധിപരമായതും അനുഭവജ്ഞാനത്താൽ തീർച്ചപ്പെടുത്തിയതുമായ വിശ്വാസങ്ങളിൽ നിന്ന് തുലോം വ്യത്യസ്തമാകുന്നു. പ്രയോഗസിദ്ധിപരമായ വിശ്വാസങ്ങൾ ആധാരമാക്കുന്നത് ലോകം എങ്ങനെ വെളിവാകുന്നു എന്നതുമായി ബന്ധപ്പെടുത്തിയ കാര്യങ്ങളെയാണ്. പുതിയ തെളിവുകൾ ലഭ്യമാകുമ്പോൾ അവ നവീകരിക്കപ്പെടുന്നവയാണ്, ഭാവിസംബന്ധിയായ പ്രവചനങ്ങൾ സാധ്യമാവുന്ന സിദ്ധാന്തങ്ങൾ ലഭ്യമാവുമ്പോഴും. എന്നാൽ മതാത്മക വിശ്വാസങ്ങൾ ഇങ്ങനെ പുതുക്കപ്പെടുന്നതല്ല. പുതിയ തെളിവുകളോ ശാസ്ത്രീയ സമർഥനങ്ങളൊ അവയെ ബാധിക്കുന്നുമില്ല. അവ നിശ്ചിതവും വഴങ്ങാത്തതും കാർക്കശ്യസ്വഭാവമുള്ളതുമാണ്.

ഈ കാർക്കശ്യം മതതീവ്രവാദികളെ പ്രതിരോധത്തിനു പ്രേരിപ്പിക്കുന്നുണ്ട്. പരീക്ഷണങ്ങളാലോ തെളിവുകൾകൊണ്ടോ സാധൂകരിക്കാൻ വയ്യെന്നുള്ള അറിവ് അവരുടെ വിശ്വാസത്തെ ചോദ്യംചെയ്യുന്നത് തടയാനോ ആക്രമണസ്വഭാവത്തിലേക്ക് മാറിപ്പോവാനോ അവർക്ക് തുണയേറ്റുന്നു. ശാസ്ത്രചിന്തയോട് അവർക്ക് സമരസപ്പെടാനാവുന്നില്ല, തങ്ങളുടെ ലോകവീക്ഷണത്തിന് ഭീഷണിയുമാണെന്ന് കരുതുന്നു.

എന്നാൽ മതചിന്തകൾ മനുഷ്യപെരുമാറ്റത്തെ ഏറെ സ്വാധീനിക്കുന്നുണ്ട്. എണ്ണൂറുകോടി ആൾക്കാരുള്ള ലോകത്തിൽ എഴുന്നൂറുകോടിയും എതെങ്കിലും ഒരു മതത്തിനെ പ്രമാണിതസമർഥനം ചെയ്യുന്നവരാണ്. ഒന്ന് സ്പഷ്ടമാണ്, മതവിശ്വാസം മനുഷ്യചരിത്രത്തിൽ നിലനിൽപധികാരം ആസ്വദിച്ച് പോരുന്നതാണ്, അത് ഉടനെങ്ങും മാറ്റത്തിനു വിധേയമാകാനും പോകുന്നില്ല. എന്തുകൊണ്ട് എന്നത് ഒരു ചോദ്യമാണ്. ഇവിടെയാണ് ശാസ്ത്രവും മതവിശ്വാസവുമായി യോജിപ്പിക്കേണ്ട ആവശ്യകത വന്നു ചേരുന്നത്. മതത്തെ പഠിച്ചെടുക്കാൻ ശാസ്ത്രം ഉപയോഗിച്ചുതുടങ്ങിയിട്ട് അധികം നാളായിട്ടില്ല. മനുഷ്യസ്വഭാവമൂല്യങ്ങളെ പഠിച്ചെടുക്കാൻ മതബോധവും അതിൽ നിന്നുള്ള പരിചയങ്ങളും സഹായകമാകുന്നുണ്ട്. ശാസ്ത്രവും മതവും വിശ്വാസസംഹിതകളെ ആധാരമാക്കിയവയാണ്.



# അന്ധവിശ്വാസത്തിന്റെ തലച്ചോറിടങ്ങൾ

## അന്ധവിശ്വാസങ്ങളെ ശാസ്ത്രരീതിയിൽ വിശകലനം ചെയ്യുമ്പോൾ

അവ രണ്ടും ജീവിതത്തിന് അർഥവും ഉദ്ദേശ്യവും ലക്ഷ്യവും തേടാനുള്ള ഉപാധികളാണുതാനും. മതവിശ്വാസത്തെ, അല്ലെങ്കിൽ ഏതുതരം വിശ്വാസത്തെയും യുക്ത്യനുശീലമല്ല എന്ന കുറ്റമാരോപിച്ച് തള്ളിക്കളയാനാവില്ല എന്നത് ഓർമ്മയിരിക്കേണ്ടതാണ്.

വിശ്വാസങ്ങൾ പ്രകൃതിയെക്കുറിച്ച് ചില അറിവുകൾ സ്വായത്തമാക്കി വെയ്ക്കാൻ ആദിമകാലത്തു നമ്മെ സഹായിച്ചിട്ടുണ്ട്. അതിജീവനത്തിന് അത് അത്യാവശ്യമായിരുന്നു താനും. പുല്ലിളകുന്നതു കണ്ടാൽ അതിനു പുറകിൽ കാറ്റോ കടുവയോ എന്ന് അറിയേണ്ടിയിരുന്നു, രക്ഷപെടുവാൻവേണ്ടി. എന്നാൽ പിന്നീട് പുല്ലിളകുന്നത് ഹിംസ്രജന്തുവിന്റെ സൂചനയായി കണ്ട് ഓടിപ്പോകാൻ പ്രേരിപ്പിച്ചിരുന്നു. ഇവിടെ യുക്തിനിബദ്ധമാകേണ്ടത് അത്യാവശ്യമല്ല. ഇത്തരം പ്രമാണനിർമ്മിതി ജീവിതത്തിന്റെ എല്ലാ സന്ദിഗ്ധഘട്ടങ്ങളിലും സഹായവുമായി എത്തിയിട്ടുണ്ട്. ഒരോ ഗോത്രത്തിനും വ്യത്യസ്ത വിശ്വാസങ്ങളും ഉരുത്തിരിഞ്ഞു വന്നിരിക്കണം. ഇത് തൊട്ടിലിലെ കുഞ്ഞ് വരെ സ്വാംശീകരിച്ചിരുന്നു എന്നതു സത്യമാണ്, ഇന്നും ഒരു കുടുംബത്തിന്റെ/ സമൂഹത്തിന്റെ വിശ്വാസപ്രമാണവും പേറിയാണ് ഓരോ കുഞ്ഞും വളരുന്നതു തന്നെ. പ്രകൃതിപ്രതിഭാസങ്ങളോ വിന്യാസങ്ങളോ യുക്തിഹീനമായോ യുക്തിസഹമായോ കയറിക്കൂടാൻ നമ്മുടെ തലച്ചോറ് എപ്പോഴും തയ്യാറാണു താനും. ഇന്നും പരിണമിച്ചുകൊണ്ടിരിക്കുന്ന ഒരേയൊരു അവയവമാണ് നമ്മുടെ മസ്തിഷ്ക്കം.

### തീവ്രവിശ്വാസങ്ങൾ രൂപപ്പെടുന്നത്

ശാസ്ത്രം ഇന്ന് വിശ്വാസങ്ങൾ രൂപപ്പെടുന്ന തലച്ചോർ രീതികളെക്കുറിച്ച് കൂടുതൽ വിവരങ്ങളുമായി എത്തുകയാണ്. വികാരങ്ങളുടെ കേന്ദ്രങ്ങളും അവയെ നിയന്ത്രിക്കുന്ന 'സൂപ്പർ ബോസ്' ഇടങ്ങളും നിശ്ചയിച്ചെടുക്കാൻ നൂതനവിദ്യകൾ ധാരാളമുണ്ട്. വിശ്വാസങ്ങൾ രൂപീകരിച്ചെടുക്കുന്നത് നെറ്റിയ്ക്ക് പുറകിൽ, കണ്ണിന്റെ ഉൾവശത്തിനു മേലെയായി സ്ഥിതി ചെയ്യുന്ന 'പ്രിഫ്രൊണ്ടൽ കോർടെക്സ്' എന്ന ഇടത്താണ്. പുതിയ തെളിവുകൾ ലഭിയ്ക്കുന്നതനുസരിച്ച് പൊതുധാരണകളോ ആശയങ്ങളോ മാറ്റിയെടുക്കാൻ വഴക്കമോ അയവോ ഉള്ളതാണ് ഈ പ്രിഫ്രൊണ്ടൽ കോർടെക്സ്. ഷിക്കാഗോയിലെ നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റിയിലെ ഒരു പഠനത്തിൽ മതപരമായി തീവ്രവിശ്വാസങ്ങളുള്ള, വിയെറ്റ്നാം യുദ്ധത്തിൽ പങ്കെടുത്തിരുന്ന നൂറിൽപ്പരം പട്ടാളക്കാരുടെ പ്രിഫ്രൊണ്ടൽ കോർടെക്സ് പരിശോധിച്ചപ്പോൾ ഈ ഇടത്തിനു ക്ഷതമേറ്റിരുന്നതായി നിരീക്ഷിക്കുകയുണ്ടാ

യി. ഇവരെല്ലാം തീവ്രവിശ്വാസികളായി മാറപ്പെട്ടവരായിരുന്നു. വിശ്വാസങ്ങളെ മുറുകെപ്പിടിക്കാൻ ഇടവരുത്തി ഒരു വഴക്കത്തിനും സാധ്യമല്ലാതാക്കിയത് ഈ തലച്ചോറിടം അതിനു അനുവദിക്കാത്തതിനാലാണ്. മതതീവ്രവാദികളിൽ ഈ ഇടത്തിന്റെ പ്രവർത്തനം മാറപ്പെടുന്നതായി മറ്റ് നിരീക്ഷണങ്ങളുമുണ്ട്.

തലച്ചോറിലെ മറ്റൊരിടമായ 'ടെമ്പൊറൽ ലോബ്'-ൽ ചുഴലി (epilepsy) ബാധിച്ചവർ തീവ്രമായ മതാത്മകതയിലേക്ക് വഴുതിവീഴുന്നു എന്ന് തെളിവുകളുണ്ട്. നേരത്തെ തന്നെ.'ബോധജ്ഞാനത്തിന്റെ വഴക്കശീലം' (cognitive flexibility) പുതിയ അറിവുകൾ ലഭ്യമാവുമ്പോൾ വിശ്വാസങ്ങൾ മാറ്റിയെടുത്ത് അതിജീവനത്തെ സഹായിക്കാൻ രൂപപ്പെടുത്തിയിട്ടുള്ളതാണ്. ഇതാണ് അന്ധവിശ്വാസികളിലോ മതതീവ്രവാദികളിലോ പാടേമാറുന്നത്. ജനിതകപരമായ കാരണങ്ങളാലോ സമൂഹരീതികളുടെ സ്വാധീനത്താലോ ഈ പരിവർത്തനം സംഭവിക്കാവുന്നതാണത്രെ.

തലച്ചോറിലെ മറ്റൊരിടമായ 'പെരിഅക്വിഡക്റ്റൽ ഗ്രേ ( Periaqueductal gray, PAG) യും തീവ്രമതാത്മകതയ്ക്കും കടുത്ത വിശ്വാസങ്ങൾക്കും സ്വാധീനം ചമയ്ക്കുന്നുണ്ടത്രെ. ഈ 'പി എ ജി' തലച്ചോറിന്റെ പിൻഭാഗത്ത് ഉള്ളിന്റെ ഉള്ളിലാണ്, വേദനാക്രമീകരണം, പേടി പരുവപ്പെടുത്തൽ, പരോപകാരശീലം ഇവയൊക്കെ നിജപ്പെടുത്താൻ സഹായിക്കുന്ന ഇടമാണ്. മതാത്മകതയും ആത്മീയതയും തലച്ചോറിൽ കുടിയേറാൻ ഇവിടം വഴിവയ്ക്കുന്നു എന്ന് ഇതുമായി ബന്ധപ്പെടുന്നതോ സ്വാധീനിക്കപ്പെടുന്നതോ ആയ ഇടങ്ങളിൽ ക്ഷതം പറ്റിയവരിൽ നടത്തിയ പരീക്ഷണങ്ങൾ തെളിയിക്കുന്നു. തലച്ചോർ ശസ്ത്രക്രിയക്കുശേഷം മതാത്മകത മാറപ്പെട്ടവരുണ്ട്, ശസ്ത്രക്രിയ ചെയ്യപ്പെട്ട ഇടങ്ങൾ പി എ ജിയുമായി ബന്ധപ്പെട്ടവയാണെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

## എന്തുകൊണ്ട് അന്ധവിശ്വാസങ്ങൾ?

നേരത്തെ പരാമർശിച്ച cognitive flexibility വിശ്വാസങ്ങൾ മാറ്റിയെടുക്കാനും അതിജീവനത്തിനു സഹായിക്കാനും വഴി തുറക്കുന്നുണ്ട്. എന്നാൽ സമൂഹത്തിന്റെ സമ്മർദത്താൽ പലപ്പോഴും വിശ്വാസങ്ങൾ യുക്തിക്ക് അപ്പുറത്തേക്കു ചലിക്കാൻ ഇടവരുന്നുണ്ട്. നമ്മുടെ വിശ്വാസങ്ങൾ കൊണ്ട് നമുക്ക് ചുറ്റുമുള്ള ലോകത്തിനു മാതൃകാരൂപം ചമയ്ക്കുകയല്ല, നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടിമെനഞ്ഞെടുക്കുകയാണ്. സമൂഹത്തിലെ അംഗമാണെന്ന് സ്വയം ധരിപ്പിക്കാൻ ഇട വരുത്തുന്നുണ്ട് ചിലപ്പോൾ. അത് പടർന്നു പിടിക്കുന്നു. സമൂഹത്തിന്റെ അപചയം പലപ്പോഴും ആശങ്കകൾക്കു വഴിവയ്ക്കുകയും കൃത്യമായ ഉത്തരം കിട്ടാനുള്ള സ്രോതസ്സുകൾ കമ്മിയായിരിക്കുകയും ചെയ്യുമ്പോൾ തലച്ചോറ് പ്രാകൃതമായ പരിചിന്തനങ്ങൾ പുറത്തെടുക്കുകയും അതിൽ ആശ്രയം കൊള്ളാൻ തയാറാകുകയും ചെയ്യുന്നു. അതിമത്സരസ്വഭാവമുള്ള സമൂഹം ഇതിനു ആക്കം കൂട്ടിയേക്കും, സ്വന്തം ഇടം നിജപ്പെടുത്താനാവാതെ പോകുമ്പോൾ അന്ധവിശ്വാസങ്ങൾ കൂട്ടിനെത്തിയേക്കും. ഉത്തരങ്ങൾ തരാനാവാത്ത സമൂഹം യുക്തിചിന്തയിൽനിന്നുമാറി ഭ്രമാത്മകതയിലേക്കു തലച്ചോറിനെ നയിച്ചേക്കും.

നമ്മുടെ അടിസ്ഥാനപരമായ വിശ്വാസങ്ങൾ വസ്തുതകളെയോ യുക്തിയെയോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല. നമ്മുടെ പരിണമിച്ച മനശ്ശാസ്ത്രവും ജീവശാസ്ത്രവും സംസ്കാരവും രൂപപ്പെടുത്തിയതാണവ. അദൃശ്യശക്തി സ്വാസ്ഥ്യം പ്രദാനം ചെയ്യും എന്ന പ്രതീക്ഷ, വിധിയുടെ കരു മാത്രമാണെന്ന അറിവ്/തോന്നൽ അന്ധവിശ്വാസത്തെ അരക്കിട്ടുറപ്പിക്കുന്നു. വ്യവസ്ഥകൾ/നീതിനിയമങ്ങൾ ബലഹീനമാകുമ്പോൾ മസ്തിഷ്കം യുക്തിയിൽനിന്ന് വേർപെട്ട് മറ്റ് പ്രതീക്ഷകളിൽ ആശയർപ്പിക്കുന്നു.

വാസ്തുദോഷമാണ് അതിജീവനം ദുഷ്ക്കരമാക്കുന്നത് എന്ന് വിശ്വസിച്ചുപോകുന്നത് ഇത്തരം പശ്ചാത്തലങ്ങളിലാണ്. സ്വജീവിതം മെച്ചപ്പെടാൻ നരബലിയാണ് പോംവഴി എന്ന് ചിലർ ചിന്തിക്കുന്നു. ഇലന്തൂരിലെ നരബലി മതാത്മകതയിൽ നിന്ന് പുറത്തുകടന്നതാണ്. സമൂഹത്തിൽ ഉന്നതി നേടാൻ ഇത്തരം മാർഗങ്ങൾ സ്വീകരിക്കുന്നവരുടെ തലച്ചോറിടങ്ങൾ പരിശോധിക്കപ്പെടേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും പ്രിഫ്രൊണ്ടൽ കോർടെക്സും പി എ ജി ബന്ധപ്പെടുന്ന ഇടങ്ങളും. ■



സ്വജീവിതം
മെച്ചപ്പെടാൻ നരബലിയാണ്
പോംവഴി എന്ന് ചിലർ ചിന്തിക്കുന്നു.
ഇലന്തൂരിലെ നരബലി മതാത്മകതയിൽ
നിന്ന് പുറത്തുകടന്നതാണ്.
സമൂഹത്തിൽ ഉന്നതി നേടാൻ ഇത്തരം
മാർഗങ്ങൾ സ്വീകരിക്കുന്നവരുടെ
തലച്ചോറിടങ്ങൾ പരിശോധിക്കപ്പെടേ
ണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും
പ്രിഫ്രൊണ്ടൽ
കോർടെക്സും പി എ ജി
ബന്ധപ്പെടുന്ന ഇടങ്ങളും

കവർസ്റ്റോറി

# മണിച്ചിത്രത്താഴിട്ടു പൂട്ടുമ്പോൾ



## മിത്തുകളുടെ അർഥമോ വ്യാപ്തിയോ മനസ്സിലാക്കാതെയുള്ള പ്രയോഗമാണു പല സിനിമകളിലും കാണുന്നത്



**ശ്രീബാല കെ. മേനോൻ**
സംവിധായിക

നമ്മുടെ ജീവിതത്തെ വലിയതോതിൽ സ്വാധീനിക്കുന്ന ഒരു മാധ്യമമാണ് സിനിമ. മറ്റു മേഖലകളിൽനിന്നും സിനിമയെ വേറിട്ടുനിർത്തുന്ന ഒന്നാണത്. സിനിമയിലെ താരങ്ങളെയാണ് നമ്മൾ പലപ്പോഴും റോൾമോഡലായി തിരഞ്ഞെടുക്കുന്നതും. ആളുകൾ പലപ്പോഴും അവർ അഭിനയിക്കുന്ന കഥാപാത്രങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നതും കാണാം.

സാഹിത്യത്തിൽ മാത്രമല്ല, ഏത് കലാമേഖല എടുത്താലും പുരാവൃത്തങ്ങളുടെ, മിത്തുകളുടെ സ്വാധീനം കാണാം. ആ മിത്തുകളെ, അതിന്റെ ഗുണപരമായ വശങ്ങളെ മനുഷ്യർ നമ്മുടെ പുരോഗതിക്കുവേണ്ടി ഉപയോഗിക്കുകയാണെന്നു പറയാം. തങ്ങളുടേതായ രീതിയിൽ അർഥം മനസ്സിലാക്കിയാണ് അവർ മിത്തുകളെ ജീവിതത്തിന്റെ ഭാഗമാക്കുന്നത്. എന്നാൽ സിനിമയിൽ പലതരം മിത്തിക്കൽകഥകളിൽനിന്നും അവയുടെ അർഥവുംമറ്റും മാറ്റിയോ മനസ്സിലാക്കാതെയോ തെറ്റായ രീതിയിൽ ഉപയോഗിക്കുന്നതും കാണാം. മിത്തുകളെ തോന്നുംപടി അർഥം മനസ്സിലാക്കാതെ കാഴ്ചഭംഗി മാത്രം നോക്കി എടുത്തുപയോഗിക്കുകയാണ് അവർ. റോൾമോഡലായിട്ടുള്ളവർ അഭിനയിക്കുകകൂടിയാവുമ്പോൾ അത് ജനങ്ങളിൽ മോശമായ സ്വാധീനമാവും സൃഷ്ടിക്കുക. ശരിയായ പഠനമോ ഗവേഷണമോ ഇല്ലാതെ ഇത്തരം



മിത്തുകളെ, വിശ്വാസങ്ങളെ നല്ലരീതിയിലും ഉപയോഗിക്കാം. അതിന്റെ മികവുറ്റ ഉദാഹരണമാണ് മണിച്ചിത്രത്താഴ്

കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ അത് നശീകരണ സ്വഭാവമാർജിക്കും. മിത്തുകളുടെ അർഥതലങ്ങളിലേക്കൊന്നും പോകാതെ അവയെ ധനസമ്പാദനത്തിനുള്ള മാർഗമായി കാണുമ്പോഴാണ് അതിന് നശീകരണസ്വഭാവം കൈവരുന്നത്.

## മണിച്ചിത്രത്താഴിന്റെ മികവ്

ഇങ്ങനെ മിത്തുകളുടെ അർഥമോ വ്യാപ്തിയോ മനസ്സിലാക്കാതെയുള്ള പ്രയോഗമാണ പല സിനിമകളിലും കാണുന്നത്. പക്ഷേ മിത്തുകളെ, വിശ്വാസങ്ങളെ നല്ലരീതിയിലും ഉപയോഗിക്കാം. അതിന്റെ മികവുറ്റ ഉദാഹരണമാണ് മണിച്ചിത്രത്താഴ്. ആ സിനിമയിൽ ഇത്തരം മിത്തുകളും അന്ധവിശ്വാസങ്ങളും കൂടുതലായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഡോ.സണ്ണിയെന്ന മോഹൻലാൽ അഭിനയിച്ച കഥാപാത്രത്തിലൂടെ ഇതെല്ലാം തെറ്റാണെന്ന് പറഞ്ഞുവയ്ക്കുകയും ചെയ്യുന്നുണ്ട്.

അന്ധവിശ്വാസങ്ങളെ ഓരോ തലത്തിലും വിശദീകരിച്ചു മുന്നോട്ടുപോകുന്ന സിനിമ ഗവേഷണബുദ്ധിയോടെയാണ് നിർമ്മിച്ചിരിക്കുന്നത്. മിത്തും സയൻസും തമ്മിലുള്ള ഒരു സമ്മേളനം ഇവിടെ കാണാൻ കഴിയും. മണിച്ചിത്രത്താഴ് കണ്ട് വഴിതെറ്റിപ്പോയവരുണ്ടാവില്ല.

എന്നാൽ എല്ലാ സിനിമകളിലും അങ്ങനെയല്ല. മിത്തുകളുടെ അർഥം മനസ്സിലാക്കാതെ വിശ്വാസങ്ങളെ ഉപയോഗിക്കുമ്പോൾ അത് അന്ധവിശ്വാസമായി മാറുന്നു. പണസമ്പാദനത്തിനുള്ള ഒരുപാധിയായി മാത്രം ഇതിനെ കണ്ട് ദുരുപയോഗം ചെയ്യുകയാണ് അത്തരം ആളുകൾ.

സങ്കുചിതമായി ചിന്തിക്കുന്നതുകൊണ്ടാണ് നമ്മൾ വിശ്വാസം മൂലം വ്രണപ്പെടുന്നത്. സാങ്കേതികവിദ്യ വളർന്നെങ്കിലും മനുഷ്യന്റെ ചിന്തയിലെ സങ്കുചിതത്വം മാറിയില്ല. ചരിത്രവും സംസ്കാരവും വേണ്ട രീതിയിൽ പഠിച്ചുകഴിഞ്ഞാൽ ഈ സങ്കുചിതത്വം ഉണ്ടാവില്ല. ഒരു അഭിമാനം പോലെയാണ് എല്ലാവരും ഇത് കൊണ്ടുനടക്കുന്നത്.

സിനിമ മാത്രമല്ല, ഏത് കലാരൂപവും സമൂഹത്തിന് വേണ്ടിയുള്ള ഒരു ഉൽപന്നമാണ്. സിനിമാവ്യവസായം എന്നാണ് പൊതുവെ പറയുന്നത്. സിനിമ നിർമിക്കുന്ന വർക്കുമറിയില്ല ഇത് എങ്ങോട്ടാണ പോകുന്നതെന്ന്. അനിശ്ചിതത്വങ്ങൾ വരുമ്പോഴാണല്ലോ മനുഷ്യർ ഭയചകിതരാകുന്നത്. ഒരുപാട് അനിശ്ചിതത്വങ്ങളിലൂടെ കടന്നുപോകുമ്പോൾ, നമ്മുടെ നിയന്ത്രണത്തിലല്ലാത്ത കാര്യങ്ങൾ വരുമ്പോൾ സിനിമാക്കാരും മറ്റു വിശ്വാസങ്ങളിലേക്കുപോകുന്നു. അന്ധവിശ്വാസം മുൻനിർത്തിയുള്ള പണസമ്പാദനം എന്ന വസ്തുതയാണ് ആദ്യം നിരോധിക്കേണ്ടത്. പല ആചാരങ്ങളെയും നിയമത്താൽ തടയാൻ സാധിച്ചെന്നുവരില്ല. ഭയം ഉണ്ടാകുമ്പോൾ ശാസ്ത്രബോധം ഇല്ലാതാകുന്നു. ശാസ്ത്രബോധം ഇല്ലാതാകുമ്പോൾ മനുഷ്യൻ അന്ധവിശ്വാസത്തിന് അടിമപ്പെടും. ഇങ്ങനെയൊരു സാഹചര്യം മറ്റുള്ളവർ മുതലെടുക്കും. വിശ്വാസം പണസമ്പാദനത്തിനുള്ള ഒരു മാർഗമായിത്തീരും. ഇതാണ് നാം നിരോധിക്കേ ണ്ടത്. അപ്പോൾ പ്രശ്നങ്ങൾ കുറെയൊക്കെ പരിഹരി ക്കാൻ സാധിക്കും.

## മിത്തുകൾ പഠിച്ചുപയോഗിക്കുക

എന്നാൽ മിത്തുകൾ എല്ലാ സംസ്കാരങ്ങളുടേയും ഭാഗമാണ്. അത് സിനിമയിൽ ഉപയോഗിക്കാൻ പാടില്ല എന്ന് പറയുന്നത് ചലച്ചിത്ര പ്രവർത്തകരുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് നേരെയുള്ള കടന്നുകയറ്റമാണ്. മിത്തുകളെ ഉപയോഗിക്കുന്നവർക്ക് ശാസ്ത്രബോധം കൂടി ഉണ്ടെങ്കിൽ മണിച്ചിത്രത്താഴ് പോലെയുള്ള നല്ല സിനിമകൾ പിറക്കും. മിത്തുകളെ പഠിച്ച് നല്ല രീതിയിൽ ഉപയോഗിച്ചാൽ സിനിമ മനോഹരമാകും. ഒരു സിനിമാപ്രവർത്തക എന്ന നിലയിൽ മിത്തുകളെ ഞാൻ നിഷേധിക്കുന്നില്ല. മിത്തുകളും വിശ്വാസങ്ങളും വിഷയമായി ഒരു സിനിമ എടുക്കേണ്ടിവന്നാൽ ശാസ്ത്രത്തിന്റെ അകമ്പടിയോടെ മാത്രമേ അതിനെ സമീപിക്കാൻ എനിക്ക് കഴിയൂ. മിത്തും ശാസ്ത്രവും തമ്മിലുള്ള ഒരു സംയോജനമാണവേണ്ടത്. അങ്ങനെയുള്ള സിനിമകളാണ് നമുക്കുവേണ്ടത്. ■

കവർസ്റ്റോറി

# കേരളമേ ജാഗ്രത

**സാമൂഹികപരിഷ്ക്കർത്താക്കളുടെ നാടായിരുന്ന കേരളത്തിൽ ഈ ദുരാചാരങ്ങൾ സംഭവിക്കുമോ എന്ന് നമ്മൾ അത്ഭുതം കൂറുന്നു. നരബലിപോലുള്ള സംഭവങ്ങൾ തീർച്ചയായും സമൂഹത്തിന്റെ കണ്ണുതുറപ്പിക്കുന്നതാണ്**



**ഡോ. മോഹൻ റോയ്**
സൈക്യാട്രിസ്റ്റ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം


അന്ധവിശ്വാസങ്ങളും അനാചാരങ്ങളും യഥാർഥത്തിൽ ലോകത്തിന്റെ തുടക്കംതൊട്ടു തന്നെയുണ്ട്. മനുഷ്യൻ വേട്ടയാടി ഇര തേടിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ മനുഷ്യന് സ്വാഭാവികമായിട്ടും അവരുടെ വരുതിയില്ലാത്ത ഘടകങ്ങളെ ആരാധിക്കുന്ന രീതി ഉണ്ടായി. അതായത് അവരുടെ ദൈനംദിന ജീവിതത്തെ കാര്യമായി ബാധിക്കുന്ന പ്രകൃതിശക്തികൾ. പ്രകൃതിശക്തിയുടെ കരുണയിൽ തന്നെയാണ് അവരുടെ ജീവിതം മുന്നോട്ടുപോയിരുന്നത്. അതുകൊണ്ടുതന്നെയാണ് നമ്മൾ കാറ്റിനെയും മഴയെയും ഒക്കെ ദേവന്മാരായികണ്ടത്. വിവിധ സംസ്കാരങ്ങൾ, അത് ഇന്ത്യൻസംസ്കാരമാകട്ടെ ഗ്രീക്ക്സംസ്കാരമാകട്ടെ പുരാതനമായ ഏത് സംസ്കൃതികളിലും ഇത്തരത്തിൽ പ്രകൃതിശക്തികളെ ആരാധിച്ചിരുന്നു. പ്രകൃതിശക്തികൾക്ക് അതീവശക്തിയുണ്ടെന്ന് വിശ്വസിക്കുകയും അവയെ ദൈവങ്ങളായി ആരാധിക്കുകയും അവയെ പ്രീതിപ്പെടുത്താനുള്ള പ്രാർഥനകളും മറ്റും നടത്തുകയും ചെയ്തു.

മതങ്ങൾ ഉണ്ടായിക്കഴിയുമ്പോൾ ഈ വിശ്വാസങ്ങൾതന്നെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമായി മാറി. അന്ധം എന്നുപറയുമ്പോൾതന്നെ തെളിവുകൾ കൊടുത്താൽപോലും അതിനു നമ്മൾ വിലകൽപിക്കുന്നില്ല എന്നതാണ്. സാധാരണ നമുക്ക് ഒരു വിശ്വാസമുണ്ടാവാം. ആ വിശ്വാസത്തെ ശാസ്ത്രീയമായി എതിരിട്ടാൽ, ശാസ്ത്രീയമായ തെളിവുകൾ നൽകിയാൽ തെറ്റായ വിശ്വാസത്തെ നമ്മൾ മാറ്റും. അത് നമ്മുടെ ചിന്താശേഷിയുടെ ഒരു കഴിവുകൂടിയാണ്. ഉദാഹരണമായി നമ്മൾ ഒരു ശ്മശാനത്തിന്റെ അടുത്തുകൂടിപോയി എന്നിരിക്കട്ടെ. അതിനുള്ളിൽ ഒരു ചലനമൊക്കെ കണ്ടാൽ ആദ്യം നമ്മുടെ മനസ്സിലേക്കു ഓടിയെത്തുന്നത് അവിടെ മറ്റെന്തോ ഒരു ബാധ, അമാനുഷികശക്തി (അതിനെ പ്രേതം എന്നൊക്കെ പല സംസ്കാരങ്ങളിലും വിളിക്കാറുണ്ട്) യാണെന്നാവും. പക്ഷേ അടുത്തു ചെന്നുപരിശോധിച്ചാൽ സ്വാഭാവികമായും അത് ഒരു ഇലയുടെ അനക്കമോ മറ്റോ ആകാമെന്ന് മനസ്സിലാകും.

നമ്മുടെ മനസ്സിൽ രൂഢമൂലമായി ഉണ്ടായിരിക്കുന്ന ഒരു ഭയമുണ്ട്. ഈ ഭയം സാമൂഹികവും സാംസ്കാരികവും തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടതാണ്. അതായത് കുട്ടിക്കാലത്തുതന്നെ നമ്മുടെ മനസ്സിലേക്ക് ഇത്തരം ചില ബിംബങ്ങളെയും ആശയങ്ങളെയും സാംസ്കാരികപരമായി എത്തിച്ചിട്ടുണ്ട്. നമ്മുടെ കുടുംബത്തിൽനിന്നും ഇത് കിട്ടുന്നുണ്ട്. അതുകൊണ്ടാണ് ഇവയുടെ അടുത്തേക്ക് പോയി പരിശോധിച്ച് യാഥാർഥ്യം എന്താണെന്ന് ആലോചിക്കാനുള്ള ഒരു വിവേചനശേഷി പോലും നമുക്ക് അപ്പോൾ ഉണ്ടാവാത്തത്. അപ്പോഴേക്കും നമ്മെ ഭയം കീഴ്പ്പെടുത്തിക്കഴിയുകയാണ്. നേരെമറിച്ച് ഇതിനെക്കുറിച്ച് ഒന്നും അറിയാത്ത ഒരു കുട്ടിയാണെങ്കിൽ ഇത്തരത്തിലുള്ള ഒരു ചലനം ശ്മശാനത്തിൽ ആണെങ്കിൽപോലും ഭയപ്പെടണമെന്നില്ല. ഇങ്ങനെയുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അടുത്ത തലമുറയിലേക്കു നമ്മൾ കൊണ്ടുപോകരുത്. നമ്മുടെ ഭയങ്ങൾ നമ്മുടെ തലമുറയോടുകൂടി അവസാനിക്കട്ടെയെന്നും കുട്ടികളെ ശാസ്ത്രത്തിലൂടെ വളർത്താമെന്നും തീരുമാനിച്ചു കഴിഞ്ഞാൽ പരിഹാരമാകും. അങ്ങനെ പല തലമുറകൾ കഴിയുമ്പോൾ ഇതിനെതിരായ ഒരു പ്രതിരോധം രൂപപ്പെട്ടുവരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

## ശാസ്ത്രപഠനവും ശാസ്ത്രബോധവും

നിർഭാഗ്യവശാൽ സമൂഹത്തിൽ പൊതുവേ ശാസ്ത്രബോധം കുറവാണ്. കാരണം ശാസ്ത്രബോധം മുന്നോട്ടുകൊണ്ടുപോകാൻ



> നിരന്തരമായ ശാസ്ത്രബോധം സമൂഹത്തിൽ വളർത്തിയെടുക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതിവേണം. യുക്തിചിന്ത ഉൾപ്പെടെ അതിന്റെ ഒരു ഭാഗമായി വരേണ്ടതാണ്. അത് നമ്മുടെ സിലബസിലും പാഠപുസ്തകങ്ങളിലും ഉൾപ്പെടുത്തണം

ആൾക്കാർക്കു സാധിക്കുന്നില്ല. ഒരു വ്യക്തിയെ നാം ശാസ്ത്രത്തിന്റെ പാതയിൽ കൊണ്ടുവരുന്നതിന് വളരെമുമ്പുതന്നെ ഇത്തരത്തിലുള്ള ആചാരങ്ങളൊക്കെ- ചിലതൊക്കെ അനാചാരവും ആയിരിക്കും-ആ വ്യക്തിയുടെ ജീവിതത്തിൽ പിടിമുറുക്കിക്കഴിഞ്ഞു. അതിൽ നിന്നാണ് പിന്നീട് ശാസ്ത്രബോധം പഠിപ്പിക്കാൻ ശ്രമിക്കുന്നത്. ഇങ്ങനെ നാം ശാസ്ത്രബോധം പഠിപ്പിക്കാൻ ശ്രമിക്കുമ്പോഴും നിരന്തരം സാമൂഹികമായും സാംസ്കാരികമായും ഉള്ള പശ്ചാത്തലത്തിൽ അയാൾ ഈ പറയുന്ന മതത്തിന്റെയും മറ്റും സ്വാധീനങ്ങൾക്കു വിധേയമാവുകയുമാണ്. അതിനുശേഷം വ്യക്തി ഒരു ശാസ്ത്രവിഷയം പഠിച്ചാൽപോലും നിരന്തരമായി അയാളുടെ ജീവിതത്തിൽ ഇത്തരത്തിലുള്ള ഒരു സ്വാധീനം വരുമ്പോൾ, സ്വാഭാവികമായിട്ടും ശാസ്ത്രചിന്തയെക്കാൾ മുൻകൈ നേടുന്നത് മറ്റുചിന്തകൾക്കായിരിക്കും. അതിനാൽ നിരന്തരമായ ശാസ്ത്രബോധം സമൂഹത്തിൽ വളർത്തിയെടുക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതിവേണം. യുക്തിചിന്ത ഉൾപ്പെടെ അതിന്റെ ഒരു ഭാഗമായി വരേണ്ടതാണ്. അത് നമ്മുടെ സിലബസിലും പാഠപുസ്തകങ്ങളിലുമൊക്കെ ഉൾപ്പെടുത്തുകയും അവിടെ അവസാനിക്കാതിരിക്കുകയും സമൂഹത്തിൽ തന്നെ നിരന്തരമായ ചർച്ചകൾ ഉണ്ടാവുകയും ചെയ്യേണ്ടതാണ്.

പ്രാചീനസമൂഹങ്ങളിൽ നരബലി ഉണ്ടായിരുന്നു. പ്രാകൃതസമൂഹങ്ങളിലെ നരബലിയിൽ ഒരു ജീവൻ ബലി കൊടുത്ത് ഒരു പ്രകൃതിശക്തിയെ തൃപ്തിപ്പെടുത്താം എന്നതായിരുന്നു. വെള്ളപ്പൊക്കമൊക്കെ ഉണ്ടാകുമ്പോൾ മടവീഴുന്ന സ്ഥലത്തൊരാളെ ചവിട്ടിത്താഴ്ത്തുക, അങ്ങനെ ഒരാളെ ബലി കൊടുക്കുക എന്നുള്ള കാര്യങ്ങളൊക്കെ നടന്നതായി കേരളത്തിന്റെ ചരിത്രപശ്ചാത്തലത്തിലും പലയിടത്തും പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. മനുഷ്യന് പ്രയാസങ്ങൾ വരുന്നസമയത്ത് ശാസ്ത്രബോധമുള്ളവർപോലും ഇത്തരം പ്രകൃതിശക്തികളെ ആരാധിക്കുന്നത് പൊതുവേ കണ്ടിട്ടുള്ളതാണ്. മാനസികമായി തളരുകയോ തകരുകയോ ചെയ്യുമ്പോൾ സ്വാഭാവികമായി അവസാനത്തെ കച്ചിത്തുരുമ്പെന്നരീതിയിൽ പോവുന്നത് മനുഷ്യമനസ്സിന്റെ പ്രത്യേകത കൂടിയാണ്.

അപ്പോൾ ഇവയെ ശരിയായി പ്രതിരോധിക്കണമെങ്കിൽ ശാസ്ത്രബോധം വളർത്തേണ്ടതുണ്ട്. ഔപചാരികമായ വിദ്യാഭ്യാസത്തിന് അപ്പുറത്തേക്കുമാറി ശാസ്ത്രത്തെക്കുറിച്ചുള്ള അവബോധവും ശാസ്ത്രീയമായ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകളും പൊതുസമൂഹത്തിലും സ്കൂൾ പാഠപുസ്തകങ്ങളിലും ഉണ്ടാവണം. അതിലൂടെമാത്രമേ ദീർഘകാലമാറ്റം ഉണ്ടാവുകയുള്ളൂ. പിന്നെ ഇതുമായി ബന്ധപ്പെട്ട ശിക്ഷാനടപടികളെ വളരെ കൃത്യമായി മാതൃകാപരവും സമയബന്ധിതവുമാക്കിയാൽ സമൂഹത്തിന് കൃത്യമായ സന്ദേശം കൊടുക്കാനാവും. സാമൂഹികപരിഷ്ക്കർത്താക്കളുടെ നാടായിരുന്ന കേരളത്തിൽ ഈ ദുരാചാരങ്ങൾ സംഭവിക്കുമോ എന്ന് നമ്മൾ അത്ഭുതം കൂറുന്നു. നരബലിപോലുള്ള സംഭവങ്ങൾ തീർച്ചയായും സമൂഹത്തിന്റെ കണ്ണുതുറപ്പിക്കുന്നതാണ്. അവയ്ക്കെതിരായി കർശനനടപടികളും നിരന്തരമായ ജാഗ്രതയും ഉണ്ടാവേണ്ടതാണ്. ■

# നവസമൂഹത്തിനുള്ള നിയമങ്ങൾ

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നിയമനിർമ്മാണങ്ങൾ ശാസ്ത്രാവബോധമുള്ള സമൂഹത്തിന്റെ നിർമ്മിതിക്കു സഹായകമായേക്കാം



**അഡ്വ.വി.എൻ. ഹരിദാസ്**
അഭിഭാഷകൻ, കേരള ഹൈക്കോടതി

ഭരണഘടന നിലവിലുള്ള, ആശയപ്രകാശന, വിശ്വാസ സ്വാതന്ത്ര്യമുള്ള ഒരു ജനാധിപത്യരാജ്യത്ത് വ്യക്തിക്ക് എന്തും വിശ്വസിക്കാം. ശാസ്ത്രീയവും അശാസ്ത്രീയവും സുബദ്ധവും അബദ്ധവും ശാസ്ത്രത്തെ തന്നെയും അന്ധമായി വിശ്വസിക്കാം. പ്രശ്നം അത് സാമൂഹികാരോഗ്യത്തെയും മറ്റു വ്യക്തികളെയും ബാധിക്കാനും കുറ്റകൃത്യങ്ങൾ ആകാനും തുടങ്ങുമ്പോഴാണ്. അപ്പോൾ രാഷ്ട്രം രംഗത്തുവരികയും അതിനെ നേരിടുകയും ചെയ്യേണ്ടിവരും. അതിനുള്ള പല ഉപാധികളിൽ ഒന്നാണ് നിയമം. ഇന്ത്യയിൽ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും അതുമൂലമുള്ള കുറ്റകൃത്യങ്ങളെയും നേരിടുന്നതിനുള്ള സമഗ്രമായ ഒരു നിയമമില്ല. അന്ധവിശ്വാസവും അനാചാരവും പ്രവർത്തിക്കുന്നത് പ്രേരണയുടെ തലത്തിലാണ്. മറ്റേതു കുറ്റകൃത്യങ്ങളെയും നേരിടുന്നതിനുള്ള ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പുകൾ എല്ലാം തന്നെ ഇതിനും ബാധകമാകും. കൊലപാതകം പകയും വൈരാഗ്യം കൊണ്ടായാലും ഒരു കാര്യസാധ്യത്തിനായുള്ള ബലിയായാലും ഒരേവകുപ്പുതന്നെയാണ് ഇന്ത്യൻ ശിക്ഷാനിയമത്തിൽ. ഇന്ത്യൻ ശിക്ഷാനിയമത്തിലെ ഈ വകുപ്പുകൾ എല്ലാം പ്രവർത്തിച്ചുതുടങ്ങുക കുറ്റകൃത്യം നടന്നു കഴിഞ്ഞതിനുശേഷമാണ്. കുറ്റകൃത്യം നടക്കുന്നതിനു മുൻപ് ആരെങ്കിലും ഇടപെട്ടോ മറ്റേതെങ്കിലും കാരണം കൊണ്ടോ കുറ്റകൃത്യം നടക്കാതെപോയി എങ്കിൽ ശിക്ഷാനിയമം പ്രവർത്തിക്കാതിരിക്കുകയും അതേസമയം ഇരയുടെ ചെറുതും വലുതുമായ ശാരീരികവും മാനസികവുമായ ആഘാതങ്ങൾക്കും പരിക്കുകൾക്കും പ്രതി അർഹിക്കുന്ന ശിക്ഷ ലഭിക്കാതെ പോവുകയും സമൂഹത്തിന് ഉണ്ടാകുന്ന വിപുലവും ആഴത്തിലുള്ളതുമായ പരിക്ക് പരിഗണിക്കപ്പെടാതെ പോവുകയും ചെയ്യുന്നു. ഇവിടെയാണ് സമഗ്രമായ നിയമത്തിന്റെ പ്രസക്തി.

> “വിശ്വാസത്തിന്റെ മേഖലയിലെ കരിഞ്ചന്തയാണ് അന്ധവിശ്വാസങ്ങൾ. അതിനു മതവും വിശ്വാസവുമായി യാതൊരു ബന്ധവുമില്ല”

## നിലവിലുള്ള നിയമങ്ങൾ

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾക്ക് പുറമെ ഡ്രഗ്സ് ആൻഡ് മാജിക് റെമെഡീസ് ആക്ട്, 1954 എന്നൊരു നിയമം കൂടി ഈ മേഖലയിൽ നിലവിലുണ്ട്. ഭരണഘടനയിൽ അയിത്തം പോലുള്ള അനാചാരത്തെ നിരോധിച്ചിട്ടുണ്ട്. ഇതു കൂടാതെ ചില സംസ്ഥാനങ്ങളിൽ സവിശേഷമായ നിയമങ്ങൾ നിലവിലുണ്ട്. ബീഹാർ, ഛത്തീസ്ഗഢ്, ജാർഖണ്ഡ്, ഒഡീഷ, രാജസ്ഥാൻ, മഹാരാഷ്ട്ര, കർണാടക എന്നിവയാണ് ഇത്തരം പ്രവൃത്തികൾക്ക് എതിരെ നിയമം നിലവിലുള്ള സംസ്ഥാനങ്ങൾ. 2013 ഈ വിഷയത്തിൽ നിർണ്ണായക പ്രാധാന്യമുള്ള വർഷമാണ്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പ്രവർത്തിക്കുകയും അതിനായി നിയമനിർമ്മാണത്തിനായി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത നരേന്ദ്ര ധാബോൽക്കർ കൊല്ലപ്പെടുന്നത് 2013 ആഗസ്റ്റ് 20 നാണ്. അന്ധവിശ്വാസ, അനാചാര വിരുദ്ധ നിയമങ്ങളെ കൃത്യമായും ധാബോൽക്കറുടെ മരണത്തിന് മുൻപും ശേഷവും എന്നു തിരിക്കാം.

2013 നു മുൻപുണ്ടായിരുന്ന സംസ്ഥാനനിയമങ്ങളിൽ ഏറ്റവും ആദ്യത്തേതു ബിഹാറിലെ നിയമമായിരുന്നു. ദുർബലമാണെങ്കിലും 1999 മുതൽ ഒരു നിയമം ബിഹാറിൽ നിലവിലുണ്ട്. ഈ നിയമം പിന്തുടരുന്നതാണ് 2001 ലെ ജാർഖണ്ഡ് നിയമം. ഛത്തീസ്ഗഢിൽ 2005 ലാണ് നിയമം വരുന്നത്, ഒഡിഷയിൽ 2013 ലും. ഈ നിയമങ്ങളിൽ വളരെ കുറഞ്ഞ ശിക്ഷയാണ് നിലവിലുണ്ടായിരുന്നത്. 2015ൽ രാജസ്ഥാനിലും അസമിലും നിലവിൽ വന്ന നിയമങ്ങളിൽ ഏഴുവർഷം മുതൽ പത്തുവർഷം വരെ തടവുശിക്ഷ നിർദേശിച്ചിരുന്നു. 2013ൽ തന്നെയാണ്

മഹാരാഷ്ട്രയിലും നിയമം നിലവിൽ വരുന്നത്. മഹാരാഷ്ട്രയിൽ നിയമം നിലവിൽ വന്ന ആദ്യത്തെ രണ്ടു വർഷത്തിനകം തന്നെ 150 ലധികം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. മഹാരാഷ്ട്രാനിയമത്തിന്റെ ചുവടുപിടിച്ച് 2020 ൽ കർണാടകയിലും നിയമം നിലവിൽവന്നു.

## നിയമങ്ങളുടെ പരിമിതി

ഗൗരവ് ജെയിൻ സ്റ്റേറ്റ് ഓഫ് ബിഹാർ എന്ന കേസിൽ അന്ധ വിശ്വാസവും അനാചാരങ്ങളും മൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേകസെൽ ആരംഭിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് സുപ്രീംകോടതി ആവശ്യപ്പെടുകയുണ്ടായി. സുശീൽ മുർമു V സ്റ്റേറ്റ് ഓഫ് ജാർഖണ്ഡ് എന്ന നരബലി കേസിൽ അപൂർവങ്ങളിൽ അപൂർവം എന്ന് നിരീക്ഷിച്ച സുപ്രീംകോടതി പ്രതികൾക്ക് വധശിക്ഷയാണ് വിധിച്ചത്. ദശരഥ് ഗണ്ട് V സ്റ്റേറ്റ് ഓഫ് ഒഡിഷ എന്ന കേസിൽ ഒഡിഷയിൽ നിയമം നിലവിൽവന്നതിനു ശേഷവും പ്രേതബാധയുടെ പേരിൽ വേട്ടയാടലിനും നരബലികൾക്കും കുറവുവന്നിട്ടില്ല എന്ന് സുപ്രീം കോടതി നിരീക്ഷിക്കുകയുണ്ടായി. നിയമങ്ങൾ നിലവിലുള്ള സംസ്ഥാനങ്ങളിൽതന്നെ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നതിനു അനുസരിച്ച് ശിക്ഷിക്കപ്പെടുന്നില്ല എന്നാണ് കണക്കുകൾ. സ്ത്രീകളും കുട്ടികളും അതിൽതന്നെ പട്ടികവിഭാഗങ്ങളിൽനിന്നുമുള്ളവരാണ് ഇത്തരം കുറ്റകൃത്യങ്ങൾക്ക് ഇരകളാവുന്നത് എന്നും പഠനങ്ങൾ കാണിക്കുന്നു. പലപ്പോഴും ഇത്തരം നിയമങ്ങളെ മതവിശ്വാസങ്ങൾക്കുമേലുള്ള സർക്കാർ കയ്യേറ്റമായി ചിത്രീകരിക്കുന്ന പ്രവണതയുമുണ്ട്.

കേരളത്തിൽ ഈ വിഷയത്തിൽ 2019ൽ നിയമപരിഷ്കരണ കമ്മിഷൻ Kerala Prevention of Eradication of Inhuman Evil Practices, Sorcery and Black Magic Bill-2019 എന്ന പേരിൽ കരടുനിയമം തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

എന്നാൽ നിയമം കൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന ഒന്നല്ല അന്ധവിശ്വാസവും അനാചാരങ്ങളും മൂലമുള്ള കുറ്റകൃത്യങ്ങൾ. ധാബോൽക്കർ എഴുതിയതുപോലെ വിശ്വാസത്തിന്റെ മേഖലയിലെ കരിഞ്ചന്തയാണ് അന്ധവിശ്വാസങ്ങൾ. അതിനു മതവും വിശ്വാസവുമായി യാതൊരു ബന്ധവുമില്ല. അന്ധവിശ്വാസങ്ങൾക്ക് ഏതെങ്കിലും സവിശേഷ മതവുമായും ബന്ധമില്ല. അത് ഏറിയും കുറഞ്ഞും എല്ലാ മതങ്ങളിലും പ്രവർത്തിക്കുന്നു. അതിനു കുറ്റകൃത്യങ്ങളുമായാണ് ബന്ധം. വിശ്വാസത്തിൽ നിന്ന് അന്ധവിശ്വാസങ്ങളെയും ആചാരങ്ങളിൽ നിന്ന് അനാചാരങ്ങളെയും വേർതിരിക്കാൻ കഴിയുന്ന, ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന ശാസ്ത്രാവബോധമുള്ള സമൂഹത്തിൽമാത്രമേ ഇത്തരം കുറ്റകൃത്യങ്ങൾ ഇല്ലാതാവൂ. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നിയമ നിർമ്മാണങ്ങൾ അത്തരം സമൂഹത്തിന്റെ നിർമ്മിതിക്കു സഹായകരമായേക്കാം. ■






# ലഹരിവിപത്തിനെതിരെ ജ്വാലപോൽ പടർന്ന് കേരളം



**രമ്യ രാജൻ**
സബ് എഡിറ്റർ, പ്രിസം,
ഐപിആർഡി

ഭാവിതലമുറയുടെ ജീവിതവും സ്വപ്നങ്ങളും തകർക്കാൻശേഷിയുള്ള മാരകമായ ലഹരിവിപത്തിനെതിരെ പഴുതുകളില്ലാത്ത പ്രതിരോധം തീർക്കുകയാണ് കേരളം. ഇതിനായി നാടെങ്ങും പടരുന്നവിധം ബഹുമുഖ കർമ്മപദ്ധതി ആവിഷ്കരിച്ചുനടപ്പാക്കിവരികയാണ് സംസ്ഥാനസർക്കാർ. നോ ടു ഡ്രഗ്സ് ക്യാംപെയിനിന്റെ ഒന്നാംഘട്ടവിജയമുണർത്തിയ ആവേശം രണ്ടാംഘട്ടത്തിലേക്കും പകരുകയാണ് കേരളം. നവംബർ 14 മുതൽ ജനുവരി 26 വരെയാണ് രണ്ടാംഘട്ട ക്യാംപെയിൻ.

നോ ടു ഡ്രഗ്സ് ക്യാമ്പെയിന്റെ ഒന്നാം ഘട്ടം വിദ്യാർഥികൾ ഉൾപ്പെടെയുള്ള പൊതുസമൂഹം ഏറ്റെടുത്തത് ആവേശമുണർത്തുന്ന അനുഭവമായി. ഗാന്ധിജയന്തി ദിനത്തിൽ തുടക്കം കുറിച്ച ക്യാംപെയിനിന്റെ ആദ്യഘട്ടം കേരളപ്പിറവി ദിനമായ നവംബർ ഒന്നിനു സമാപിച്ചു. ആദ്യഘട്ടത്തിന്റെ വലിയ വിജയത്തിനും വിപുലമായ ബോധവൽക്കരണ



"കേരളത്തിന്റെ മുഖ്യമന്ത്രിയെന്നതിനെക്കാൾ കുഞ്ഞുങ്ങളോട് അവരുടെ ഒരു മുത്തച്ഛൻ എന്ന നിലയിലും അവരുടെ രക്ഷകർത്താക്കളോട് മുതിർന്ന ഒരു സഹോദരനെന്ന നിലയിലുമാണ് സംസാരിക്കുന്നത്. സ്നേഹനിർഭരവും ആരോഗ്യമുള്ളതുമായ തലമുറയെ കാണണമെന്ന മുതിർന്നവരുടെ ആഗ്രഹത്തെ തകർത്തുകളയുന്ന വിപത്താണ് മയക്കുമരുന്ന്. ഇതിൽ നിന്ന് കുഞ്ഞുങ്ങളെ രക്ഷിക്കാനാകുന്നില്ലെങ്കിൽ വരും തലമുറകളാകെ എന്നേക്കുമായി തകരും. സർവനാശം ഒഴിവാക്കാൻ ഒരു നിമിഷം പോലും വൈകാതെ ജാഗ്രതയോടെ ഇടപെടണം. കേരളത്തെ മയക്കുമരുന്നുമുക്ത സംസ്ഥാനമാക്കി മാറ്റുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതു നമുക്ക് വിജയിപ്പിച്ചേ തീരൂ. അസാധ്യമെന്നു പലരും കരുതുന്നുണ്ടാവും. എന്നാൽ നമ്മൾ ഇതു സാധ്യമാക്കുക തന്നെ ചെയ്യും."

**മുഖ്യമന്ത്രി പിണറായി വിജയൻ**

പരിപാടികൾക്കും ശേഷം ക്യാംപെയിനിന്റെ രണ്ടാം ഘട്ടത്തിന് തുടക്കമായിരിക്കുകയാണ്.

## ലഹരിവിരുദ്ധശൃംഖലയും ദീപം തെളിയിക്കലും

ലഹരിക്കെതിരെയുള്ള ചെറുത്തുനില്പ് കൂടുതൽ ശക്തമാക്കുന്നതിനായി ആദ്യഘട്ട പ്രചാരണത്തിൽ സംസ്ഥാനത്തൊട്ടാകെ ഒരു കോടി പേർ അണിനിരന്ന ലഹരി വിരുദ്ധ ശൃംഖല സംഘടിപ്പിച്ചു. വിദ്യാർഥികൾ, പൗരപ്രമുഖർ, കായികതാരങ്ങൾ, പൊതുജനങ്ങൾ എന്നിവർ ഉൾപ്പെടെ കേരളത്തിലെ വിവിധ മേഖലയിലെ ജനങ്ങൾ പങ്കെടുത്തു. ശൃംഖലയിൽ അണിനിരന്ന പോരാളികൾ ലഹരി വസ്തുക്കൾ കത്തിച്ചുകൊണ്ട് 'സേ നോ ടു ഡ്രഗ്സ്' എന്ന് പ്രഖ്യാപിച്ചു. ഒക്ടോബർ 22ന് സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ലഹരിക്കെതിരെ ദീപം തെളിയിച്ചു. നിയമസഭാസാമാജികരുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. സംസ്ഥാനത്താകെ ഒക്ടോബർ 23, 24 തീയതികളിൽ എല്ലാ ഗ്രന്ഥശാലകളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു. 24ന് വീടുകളിൽ ലഹരിക്കെതിരെ ദീപം തെളിയിച്ചു.

## ലഹരിയുടെ ലഭ്യത തടയാം

മയക്കുമരുന്ന് ലഭ്യത പൂർണമായി ഇല്ലാതാക്കുമെന്നും വിവരം നൽകുന്നവരുടെ ഐഡന്റിറ്റി രഹസ്യമായി സൂക്ഷിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ രണ്ടാം ഘട്ടത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പറഞ്ഞിരുന്നു. സ്കൂൾ പരിസരങ്ങളിലും സ്കൂളിലേക്കുള്ള വഴിയിലും വാഹനങ്ങളിലും എവിടെയെങ്കിലും മയക്കുമരുന്ന് വിൽപനയോ കൈമാറ്റമോ ഉപയോഗമോ ശ്രദ്ധയിൽപ്പെട്ടാൽ അതേക്കുറിച്ചും വിവരം കൈമാറാൻ തയാറാകണം. ഇതിനുള്ള ഫോൺ നമ്പറും മേൽവിലാസവും നോ ടു ഡ്രഗ്സ് ക്യാംപെയിനിന്റെ ഒന്നാം ഘട്ടത്തിൽ ലഭ്യമാക്കിയിരുന്നു. രണ്ടാം ഘട്ടത്തിലും ഇത് തുടരും.

## കുട്ടികൾക്ക് കൗൺസലിങ്

മയക്കമരുന്നിനെതിരായ പോരാട്ടം ശക്തിപ്പെടുത്തുന്നതിന് വലിയ തോതിൽ കൗൺസലിങ് സംഘടിപ്പിക്കും. ആവശ്യത്തിനു കൗൺസലർമാരുടെ സേവനം ലഭ്യമാക്കും. ലഹരിമോചന കേന്ദ്രങ്ങൾ ആവശ്യത്തിനുണ്ടെന്ന് സാമൂഹികനീതി വകുപ്പ് ഉറപ്പാക്കും. മൂന്ന് മാസത്തിലൊരിക്കൽ ലഹരിവിരുദ്ധ ജനജാഗ്രത സമിതിയോഗം ചേർന്ന് പ്രവർത്തനങ്ങളും ലഹരി ഉപയോഗം സംബന്ധിച്ച കാര്യങ്ങളും അവലോകനം ചെയ്യും. ഇതു സംബന്ധിച്ച റിപ്പോർട്ട് ജില്ലാതലത്തിൽ ക്രോഡീകരിച്ച് സംസ്ഥാന സമിതിക്ക് കൈമാറും.



"ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ കേരളം പുതിയ ചരിത്രം സൃഷ്ടിക്കുകയാണ്. കക്ഷിരാഷ്ട്രീയ- ജാതിമത- സ്ത്രീപുരുഷ വ്യത്യാസമില്ലാതെ, ലിംഗഭേദമില്ലാതെ മലയാളികൾ ഒറ്റക്കെട്ടായി മയക്കമരുന്നിനെതിരായ പോരാട്ടത്തിലാണ്. ആ പോരാട്ടത്തിന്റെ ഒന്നാംഘട്ടം ഒക്ടോബർ 2 മുതൽ നവംബർ ഒന്ന് വരെ സംഘടിപ്പിച്ചു. കേരളമാകെ ബോധവത്ക്കരണ പരിപാടികൾ, സൈക്കിൾ റാലികൾ, കലാ-കായിക മത്സരങ്ങൾ സംഘടിപ്പിച്ചു. മാത്രമല്ല പോലീസിന്റെയും എക്സൈസിന്റെയും നേതൃത്വത്തിൽ പ്രത്യേകമായ മയക്കമരുന്ന് വേട്ടയും നടത്തി. അതിന്റെ ഫലമായി കഴിഞ്ഞവർഷം പിടിച്ചെടുത്തതിനേക്കാൾ അധികം മയക്കമരുന്ന് ഈ വർഷം ഇതുവരെയുള്ള സമയം കൊണ്ട് പിടിച്ചെടുത്തു. കഴിഞ്ഞ വർഷം എടുത്തതിനേക്കാൾ കൂടിതൽ കേസുകൾ രജിസ്റ്റർ ചെയ്തു. ഒരേ സമയം എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയും ജനങ്ങളെയാകെ അണിനിരത്തിയുമാണ് മയക്കമരുന്നിനെതിരെയുള്ള പോരാട്ടം കേരളം നടത്തുന്നത്."

**മന്ത്രി എം.ബി രാജേഷ്**

ലഹരി മുക്തിക്കായി അഞ്ച് മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി സംസ്ഥാന വിമുക്തി മിഷനും എസ്.സി.ഇ.ആർ.ടിയും ചേർന്നു ലഹരി വിരുദ്ധ സന്ദേശമടങ്ങിയ 'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. മലയാളത്തിനു പുറമേ ഇംഗ്ലീഷ്, കന്നഡ, തമിഴ്, ഹിന്ദി ഭാഷാ പതിപ്പുകളും ഇറക്കും. വിവിധ ആദിവാസി ഭാഷകളിലും പുസ്തകം തയ്യാറാക്കും.

നാടാകെ ഒറ്റമനസ്സായി ഉണരുന്ന മുന്നേറ്റമുണ്ടായാൽ ഉപയോഗിക്കുന്ന വ്യക്തിയുടെ മാത്രമല്ല, കുടുംബങ്ങളുടെയും സമൂഹത്തിന്റെതന്നെയും സ്വാസ്ഥ്യം നശിപ്പിക്കുന്ന ലഹരിവിപത്തിനെ തുടച്ചുനീക്കാനാവും. ■

വിദ്യാർഥികൾ ഉൾപ്പടെയുള്ളവരുടെ ലഹരി ഉപയോഗത്തെക്കുറിച്ച് നിരവധി മാർഗങ്ങളിലൂടെ പരാതികൾ നൽകാം

| | |
|---|---|
| യോദ്ധാവ് | 9995966666 |
| ചിരി കേരള പോലീസ് | 9497900200 |
| വിമുക്തി എക്സൈസ് | 14405, 9061178000 |
| നേർവഴി എക്സൈസ് | 9656178000 |
| ദിശ ആരോഗ്യവകുപ്പ്: | 1056, 104, 0471255056 |
| ചൈൽഡ് ലൈൻ: | 1098 |





# ലഹരിക്കെതിരെ രണ്ടുകോടി ഗോൾ

**ലഹരിക്കെതിരെ രണ്ടുകോടി ഗോൾ ക്യാംപെയിനിന്റെ ഉദ്ഘാടനച്ചടങ്ങിൽ മന്ത്രിമാരായ വി.അബ്ദുറഹിമാൻ, എം.ബി.രാജേഷ് എന്നിവർ**


ലോകമാകെ ഖത്തർ ലോകകപ്പിന്റെ ആവേശത്തിലാണ്. ലോകകപ്പ് ആവേശത്തിനൊപ്പം മയക്കമരുന്നിനെതിരായ പോരാട്ടവും സംയോജിപ്പിക്കുകയാണ്. ഇതിന്റെ ഭാഗമായി ലഹരിവിരുദ്ധ സന്ദേശം മുൻനിർത്തി സംസ്ഥാനത്താകെ രണ്ടുകോടി ഗോൾ അടിക്കുന്ന പദ്ധതിക്കു രൂപം നൽകിയിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും ബസ്സ് സ്റ്റാൻഡുകളിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും സർക്കാർ ഓഫിസുകളിലും സ്വകാര്യ കമ്പനികളിലും തൊഴിൽശാലകളിലും ഐടി പാർക്കുകളിലും പൊതുവിടങ്ങളിലുമെല്ലാം ഗോൾ അടിക്കുന്നതിനുള്ള സൗകര്യമുണ്ടാകും. ഡിസംബർ 18ന് ഗോൾ ചലഞ്ച് അവസാനിക്കും.

ഗോൾപോസ്റ്റിലും സമീപത്തും മയക്കമരുന്നിനെതിരെയുള്ള പ്രചാരണം ഒരുക്കുന്നുണ്ട്. ഫുട്ബോളിലും നോ ടു ഡ്രഗ്സ് എന്ന് പതിപ്പിക്കും. ഓരോ പോസ്റ്റിലും ഗോൾ ചലഞ്ച് ഉദ്ഘാടനവും പെനാൾട്ടി ഷൂട്ടൗട്ട് ഉൾപ്പെടെയുള്ള മത്സരങ്ങളും സംഘടിപ്പിക്കും. ഗോളടിക്കുന്ന ആളിന്റെ പേരും ഗോളുകളുടെ എണ്ണവും രേഖപ്പെടുത്താനും സംവിധാനം ഒരുക്കുന്നുണ്ട്. ചലഞ്ച് അവസാനിക്കുമ്പോൾ ആകെ അടിച്ച ഗോളുകളുടെ എണ്ണം ഓരോ കേന്ദ്രത്തിലും പ്രദർശിപ്പിക്കും.

ലോകകപ്പ് മത്സരങ്ങളുടെ പൊതു പ്രദർശന കേന്ദ്രങ്ങൾക്ക് സമീപം പോസ്റ്റുകളൊരുക്കും. തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ലോകകപ്പ് മത്സരങ്ങളുടെ പ്രദർശനം സംഘടിപ്പിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ വീഡിയോകൾ പ്രദർശിപ്പിക്കും. കളിക്ക് മുൻപും ഇടവേളയിലും മയക്കമരുന്നുവിരുദ്ധചർച്ചകൾ നടത്തും. പെൺകുട്ടികളുടെയും യുവതികളുടെയും പ്രാതിനിധ്യം ഗോൾചലഞ്ചിൽ ഉറപ്പാക്കും. പെനാൾട്ടി ഷൂട്ടൗട്ട് മത്സരം, ഫുട്ബോൾ ക്വിസ് തുടങ്ങിയവയും സംഘടിപ്പിക്കും. സ്കൂൾ/കോളേജ് ഹോസ്റ്റലുകളിലും പ്രത്യേകം പോസ്റ്റ് ഒരുക്കണം. ബസ് സ്റ്റാൻഡുകളിലും പൊതുസ്ഥലങ്ങളിലും ഡിസംബർ 10 മുതൽ 18 വരെ ഫ്ളാഷ് മോബിന്റെ അകമ്പടിയോടെ ഗോൾ ചലഞ്ച് സംഘടിപ്പിക്കും. ■

# മികവിന്റെ മഹായാനം

കെഎസ്ആർടിസിയുടെ 'സിറ്റി സർക്കുലർ' ബസ്സുകളും 'ഗ്രാമവണ്ടികളും രാജ്യത്തെ പൊതുഗതാഗത സംവിധാനത്തിലെ മികവിനുള്ള പുരസ്കാരങ്ങൾ നേടിയിരിക്കുന്നു.



**ഗിപ്സൺ എ.സി**
അസിസ്റ്റന്റ് എഡിറ്റർ,
ഐപിആർഡി




കെ.എസ്.ആർ.ടി.സി ബസ്സിലെ യാത്രയെക്കുറിച്ചു പറയുമ്പോൾ മലയാളിയുടെ ആവേശം ഇന്നും ടോപ് ഗിയറിലാണ്. എട്ടര പതിറ്റാണ്ടിന്റെ ചരിത്രത്തിനിടെ കെ.എസ്.ആർ.ടി.സിയുടെ എത്രയെത്ര രൂപമാറ്റങ്ങൾ കേരളം കണ്ടു. തിരുവിതാംകൂർ രാജാവ് ഇംഗ്ലണ്ടിൽനിന്ന് ഇറക്കുമതിചെയ്ത കോമറ്റ് ഷാസി ബസ്സുകളിൽ തുടങ്ങി പല രൂപത്തിലും വലിപ്പത്തിലും നിറത്തിലും പേരിലുമൊക്കെ 'ആനവണ്ടികൾ' മാറിമാറി വന്നു. ചെറിയ ദൂരത്തിലോടുന്ന ഓർഡിനറി, ദീർഘയാത്രയ്ക്കു ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ടൗൺ ടു ടൗൺ, സൂപ്പർ എക്സ്പ്രസ്, ഇന്റർസ്റ്റേറ്റ്...ഇവയൊക്കെ അനന്തപുരി, രാജധാനി, തിരുകൊച്ചി, മലബാർ, ശബരി, ഡീലക്സ്, മിന്നൽ, ഗരുഡ മഹാരാജ് തുടങ്ങിയ പേരുകളിൽ മലയാളിക്കു സുപരിചിതമായി. രണ്ടു കംപാർട്ട്മെന്റുകളുള്ള വെസ്റ്റിബ്യൂൾ, ഡബിൾ ഡെക്കർ, ലോഫ്ളോർ എന്നിവ വരെയും... ഓരോ ബസ്സും യാത്രികർക്കു കൗതുകമായിരുന്നു. വെല്ലുവിളികൾക്കിടയിലും പൊതുഗതാഗതത്തിന്റെ ജീവനാഡിയായി, മലയാളിയുടെ ജീവിതത്തിനൊപ്പം കെ.എസ്.ആർ.ടി.സിയും ഓടിക്കൊണ്ടിരിക്കുന്നു.

ഒടുവിൽ എത്തിയത് തിരുവനന്തപുരം നഗരത്തിലെ സിറ്റി സർക്കുലർ സർവീസും ജില്ലയിലെ ഗ്രാമവണ്ടികളുമായിരുന്നു. ഈ നവസംരംഭങ്ങൾ കെഎസ്ആർടിസിയെ ഇപ്പോൾ അഭിമാനത്തിന്റെ നെറുകയിലെത്തിച്ചിരിക്കുകയാണ്. രാജ്യത്തെ നഗരങ്ങളിലെ ഏറ്റവും മികച്ചതും അനുകരണീയവുമായ ഗതാഗതമാതൃകകളായാണ് കെ.എസ്.ആർ.ടി.സിയുടെ ഈ പുതുസംരംഭങ്ങളെ കേന്ദ്ര ഭവന - നഗര കാര്യ മന്ത്രാലയം വിലയിരുത്തുന്നത്.

## നഗരയാത്രയെ മാറ്റിമറിച്ച സിറ്റി സർക്കുലർ

തിരുവനന്തപുരം നഗരത്തിലാണ് കെ.എസ്.ആർ.ടി.സി. സിറ്റി സർക്കുലർ തുടങ്ങിയത്. ഇവിടുത്തെ സർക്കാർ ഓഫിസുകൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ എന്നിവയെയെല്ലാം ബന്ധിപ്പിച്ച് ഹോപ് ഓൺ - ഹോപ് ഓഫ് മാതൃകയിലാണു തുടക്കം. ഈ മാതൃകയിൽ കേരളത്തിലെ ആദ്യ യാത്രാസംവിധാനവുമാണിത്. ബ്ലൂ, ഗ്രീൻ, യെല്ലോ, റെഡ്, മജന്ത, ബ്രൗൺ, വയലറ്റ്, എയർ - റെയിൽ എന്നിങ്ങനെ എട്ടുപേരുകളിലാണു നഗരത്തിലെ

സിറ്റി സർക്കുലറിനും ഗ്രാമവണ്ടിക്കും ലഭിച്ച ദേശീയ പുരസ്കാരങ്ങൾ കെഎസ്ആർടിസിയുടെ കിരീടത്തിലെ പൊൻതൂവലുകളാണ്. പുതിയ പരീക്ഷണങ്ങളിലൂടേയും കാതലായ മാറ്റങ്ങളിലൂടേയും കൂടുതൽ ജനങ്ങളിലേക്കും മേഖലകളിലേക്കും പൊതുഗതാഗതസംവിധാനം എത്തിക്കുന്നതിനാണ കെഎസ്ആർടിസി ശ്രമിക്കുന്നത്. അഖിലേന്ത്യാതലത്തിലുള്ള ഈ പുരസ്കാരങ്ങൾ കെഎസ്ആർടി സിയുടെയും സംസ്ഥാനത്തിന്റെയും നവഗതാഗത പരിഷ്കാരങ്ങൾക്കു വർധിത ഊർജം പകരുന്നതാണ്.



ആന്റണി രാജു
ഗതാഗത വകുപ്പ് മന്ത്രി

സർക്കുലർ ബസ്സ് റൂട്ടുകൾ. ഓരോ റൂട്ടിലും ക്ലോക്ക് വൈസ്, ആന്റി ക്ലോക്ക് വൈസ് ദിശകളിൽ ബസ്സുകൾ ഓടും. ഒരു സർക്കുലറിൽ കയറി 10 രൂപ ടിക്കറ്റെടുത്ത് ആഗ്രഹിക്കുന്ന എവിടെയും ഇറങ്ങാമെന്നതാണ പ്രത്യേകത. പിന്നാലെ വരുന്ന ബസ്സിൽ കയറിയാൽ ഇതേ റൂട്ടിൽത്തന്നെ യാത്ര തുടരാനുമാകും. സിറ്റി സർക്കുലർ ബസ്സുകളിൽ ഏതുറൂട്ടിലും ദിവസം മുഴുവൻ പരിധിയില്ലാതെ യാത്ര ചെയ്യാൻ കഴിയുന്ന ടുഡേ ടിക്കറ്റുമുണ്ട്. 30 രൂപയ്ക്ക് ഈ ടിക്കറ്റ് ഏതു ബസ്സിൽനിന്നും വാങ്ങാം.

സർക്കുലർ റൂട്ടിലെ ഏതു സ്റ്റോപ്പിലും പീക് ടൈമിൽ ഓരോ 15 മിനിറ്റിലും ബസ്സ് വരുമെന്നാണ കെ.എസ്.ആർ.ടി.സിയുടെ ഉറപ്പ്. ഒന്നിലധികം റൂട്ടുകൾ സംഗമിക്കുന്ന പ്രധാന സ്റ്റോപ്പുകൾ ഇന്റർചേഞ്ച് പോയിന്റുകളായി നിശ്ചയിച്ചിട്ടുണ്ട്. ഇവിടെനിന്നു വ്യത്യസ്തറൂട്ടുകളിലേക്കു യാത്രക്കാർക്കു മാറിക്കയറാം. നിലവിൽ ഏഴുറൂട്ടുകളിലായി 24 ഇന്റർചേഞ്ച് പോയിന്റുകളാണ തിരുവനന്തപുരം നഗരത്തിലുള്ളത്.

ആദ്യമൊക്കെ ഈ പുതുമകളെ സംശയത്തോടെ നോക്കിനിന്ന യാത്രക്കാർ പതിയെപ്പതിയെ സർക്കുലർ യാത്ര തുടങ്ങി. ഇന്നു പ്രതിദിനം 34,000 യാത്രക്കാർ



ഇവയെ ആശ്രയിക്കുന്നുണ്ടെന്നാണ കെ.എസ്.ആർ.ടി.സിയുടെ കണക്ക്. 2021 നവംബർ 29ന് 64 ലോ ഫ്ളോർ ഡീസൽ ബസ്സുകൾ ഉപയോഗിച്ചാണ സിറ്റി സർക്കുലർ ആരംഭിച്ചത്. ഇപ്പോൾ ഇലക്ട്രിക് ബസ്സുകളിലേക്കു ചുവടുമാറി. 50 ഇലക്ട്രിക് ബസ്സിന് ഓർഡർ നൽകിയിട്ടുണ്ട്. 35 ബസ്സുകൾ ഇതിനോടകം സർവീസ് ആരംഭിച്ചുകഴിഞ്ഞു. ഇലക്ട്രിക് ബസ്സുകളിൽ വൈദ്യുതി, ജീവനക്കാരുടെ ശമ്പളം എന്നിവയടക്കം കിലോമീറ്ററിന് 23 രൂപയേ ചെലവുവരൂ. വരുമാനം ശരാശരി 35 രൂപയും. ഇത് ഇന്ധനച്ചെലവിലും വലിയ ആശ്വാസമാവും

രാജ്യത്തെ ഏറ്റവും മികച്ച പൊതുഗതാഗത സംവിധാനമുള്ള നഗരം എന്ന വിഭാഗത്തിലാണ സിറ്റി സർക്കുലറിന് കേന്ദ്ര ഭവന - നഗരകാര്യ മന്ത്രാലയം പുരസ്കാരം സമ്മാനിച്ചിരിക്കുന്നത്. സിറ്റി സർക്കുലറിന്റെ അനുബന്ധമായി 150 ഓളം സിറ്റി ഷട്ടിൽ സർവീസുകളും സിറ്റി റേഡിയൽ സർവീസുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇതും പുരസ്കാരലബ്ധിക്ക് അകമ്പടിയായി.

## ഗ്രാമത്തിന്റെ സ്വന്തം വണ്ടികൾ

ഗ്രാമീണറോഡുകൾ പലതും നഗരവുമായി ബന്ധപ്പെട്ട പൊതുഗതാഗത നെറ്റ് വർക്കിൽനിന്ന് അകലെനിൽക്കുന്ന അവസ്ഥയ്ക്കു ശാശ്വതപരിഹാരമുണ്ടാക്കണമെന്ന ദൃഢനിശ്ചയമാണ് സർക്കാരിനെ 'ഗ്രാമവണ്ടി' എന്ന ആശയത്തിലേക്ക് എത്തിച്ചത്. പേരുപോലെതന്നെ ഗ്രാമത്തിന്റെ സ്വന്തം വണ്ടിയാണ ഗ്രാമവണ്ടി.

സർവീസ് നടത്താനുള്ള ബസ്സും ജീവനക്കാരെയും കെ.എസ്.ആർ.ടി.സി. നൽകും. ഡീസൽ, പാർക്കിങ് സൗകര്യം, ജീവനക്കാരുടെ റെസ്റ്റ് റൂം തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കണം. ശമ്പളം, സ്പെയർപാർട്സ്, ഇൻഷ്വറൻസ് അടക്കമുള്ള മറ്റു ചെലവുകളും കെ.എസ്.ആർ.ടി.സി വഹിക്കും. ഗ്രാമവണ്ടി പുറത്തിറക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനം നിർദേശിക്കുന്ന റൂട്ടിലും സമയത്തും സർവീസ് നടത്തും. ഒരു പഞ്ചായത്തിൽ ബസ്സ് പോകാൻ കഴിയുന്ന എല്ലാവഴികളിലൂടെയും ഓടുമെന്നതും ഗ്രാമവണ്ടികളുടെ പ്രത്യേകത.

കഴിഞ്ഞ ജൂലൈ 29നു തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിലാണ് കെ.എസ്.ആർ.ടി.സിയുടെ ആദ്യ ഗ്രാമവണ്ടി ഓടിത്തുടങ്ങിയത്. ഇതു വലിയ വിജയമായതോടെ ആലപ്പുഴ, മലപ്പുറം, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ തുടങ്ങി വിവിധ ജില്ലകളിലെ പഞ്ചായത്തുകളിൽ ഗ്രാമവണ്ടികൾ തുടങ്ങി. നിരവധി പഞ്ചായത്തുകൾ സ്വന്തം ഗ്രാമവണ്ടി നിരത്തിലിറക്കാനുള്ള ഒരുക്കത്തിലാണ്. തദ്ദേശസ്വയംഭരണസ്ഥാപനത്തിനു പുറമേ പൊതുസേവനം ആഗ്രഹിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കും കൂട്ടായ്മകൾക്കുമൊക്കെ ഗ്രാമവണ്ടി സ്പോൺസർ ചെയ്യാം. സ്പോൺസർ ചെയ്യുന്നവരുടെ പരസ്യം ബസ്സുകളിൽ പതിപ്പിക്കും. പൊതുജനങ്ങളും സ്ഥാപനങ്ങളും വ്യക്തികളും ചേർന്നു പൊതുസേവനത്തിനായി മുതൽമുടക്കുന്നത് രാജ്യത്തെ ഗതാഗത സംവിധാനത്തിലെ അതിനൂതന ചുവടുവയ്പാണെന്ന വിലയിരുത്തലിലാണ് ഗ്രാമവണ്ടിക്ക് പുരസ്കാരം ലഭിച്ചത്. ■

# ഉരുവിൽ പൊന്ന് നിറച്ച് കേരളം




ഡൽഹിയിൽ നടന്ന ഇന്ത്യാ അന്താരാഷ്ട്ര വ്യാപാര മേളയിൽ കേരള ടീമിന് സ്വർണ്ണമെഡൽ. കോവിഡ് നിയന്ത്രണങ്ങൾ നീക്കിയ ശേഷം നടന്ന ആദ്യത്തെ പൂർണസമയ വ്യാപാര മേളയിൽ സ്റ്റേറ്റ് & യൂണിയൻ ടെറിട്ടറി പവിലിയൻ വിഭാഗത്തിലാണ് കേരളത്തിന്റെ നേട്ടം. കേരളത്തിന്റെ തനതു വാസ്തുകലയും ഉരുവും മാതൃകയാക്കിയ പവിലിയനാണ് സ്വർണ്ണ മെഡൽ നേടിയത്. പ്രഗതി മൈതാനിയിൽ 6000 ചതുരശ്ര അടിയിൽ ഒരു മിനി കേരളം തന്നെയാണ് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സംഘാടനത്തിൽ സജ്ജമാക്കിയത്.


'വോക്കൽ ഫോർ ലോക്കൽ, ലോക്കൽ ടു ഗ്ലോബൽ' എന്ന മേളയുടെ ആശയത്തെ അന്വർത്ഥമാക്കി പവിലിയൻ തയ്യാറാക്കിയത് പ്രശസ്ത ഡിസൈനർ ജിനൻ സി.ബിയാണ്. വിവിധ വകുപ്പുകളുടെ ആകർഷകമായ സ്റ്റാളുകളും കലാകാരൻമാരുടെ തത്സമയ കരവിരുതും ചുവർ ചിത്രകലയും കഥകളി രൂപങ്ങളും കളിമൺ പ്രതിമകളും പായ നെയ്ത്തും ഉൾപ്പെടെ നിരവധി കാഴ്ചകൾ സന്ദർശകരുടെ മനം നിറച്ചു. അന്തർദ്ദേശീയ തലത്തിൽ 'കേരളം' എന്ന ബ്രാൻഡിനുള്ള പ്രാധാന്യം വിളിച്ചോതുന്ന തരത്തിലാണ് കേരളത്തിന്റെ പവിലിയൻ സജ്ജീകരിച്ചത്. സുഗന്ധവ്യഞ്ജനങ്ങളുമായി തിരകൾ മുറിച്ചു നീങ്ങുന്ന കൂറ്റൻ ഉരുവായിരുന്നു പ്രവേശന കവാടത്തിലെ മുഖ്യ ആകർഷണം. ടൂറിസം, കൃഷി, സഹകരണം, കയർ, തദ്ദേശ സ്വയംഭരണം, ഫിഷറീസ്, വനം, കുടുംബശ്രീ, ഹാൻഡ്‌ലൂം എന്നിവയുടെ സ്റ്റാളുകളും പ്രത്യേകമായി ഒരുക്കിയിരുന്നു.




ചിത്രങ്ങൾ:
സി.എസ്. രവികുമാർ
കെ.കെ. സന്തോഷ് കുമാർ
(ഐപിആർഡി)








KERALA











# ഉയരങ്ങളിൽ പൊതുവിദ്യാഭ്യാസം

## സ്കൂൾ വിദ്യാഭ്യാസമികവിന്റെ ദേശീയ വിലയിരുത്തൽ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്



**മിനി സുകുമാർ**
ആസൂത്രണബോർഡ് അംഗം

രണ്ടുവർഷം നീണ്ട സ്കൂൾ അടച്ചിടലിനും ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ അനവധി വെല്ലുവിളികൾക്കിടയിലും സ്കൂൾ വിദ്യാഭ്യാസമികവിന്റെ ദേശീയ വിലയിരുത്തൽ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിനും കേരളസർക്കാരിനും കേരളത്തിനാകെയും അഭിമാനകരമായ നേട്ടമാണിത്. ആകെയുള്ള 1000 സ്കോറിൽ 928 എന്ന ഉയർന്ന സ്കോർ നേടി ലെവൽ 2- ൽ തുടർന്നുകൊണ്ടാണ് കേരളം ഈ നേട്ടം കൈവരിച്ചത്. (ലെവൽ 1 ൽ ഒരു സംസ്ഥാനവും എത്തിയിട്ടില്ല). ആന്ധ്രപ്രദേശ്, ഛണ്ഡിഗഢ്, ഗുജറാത്ത്, മഹാരാഷ്ട്ര, പഞ്ചാബ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളാണ്



2016-2017 മുതൽ 2021-2022 വരെ പൊതുവിദ്യാലയങ്ങളിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർഥികൾ

| മാനേജ്മെന്റ് | ക്ലാസ്സുകൾ | | | |
|---|---|---|---|---|
| | I-IV | V-VII | VIII-X | Total I-X |
| 2016-2017 മുതൽ 2017-2018 വരെ | | | | |
| ഗവ. | 15,588 | 5,475 | 38,789 | 59,852 |
| ഗവ.എയ്ഡഡ് | 25,199 | 58,670 | 12,844 | 96,713 |
| ആകെ | 40,787 | 64,145 | 51,633 | 1,56,565 |
| 2017-2018 മുതൽ 201-82019 വരെ | | | | |
| ഗവ. | 22,931 | 12,229 | 35,484 | 70,644 |
| ഗവ.എയ്ഡഡ് | 29,186 | 67,483 | 18,658 | 1,15,327 |
| ആകെ | 52,117 | 79,712 | 54,142 | 1,85,971 |
| 2018-2019 മുതൽ 2019-2020 വരെ | | | | |
| ഗവ. | 16,223 | 12,616 | 36,376 | 65,215 |
| ഗവ.എയ്ഡഡ് | 19,412 | 63,312 | 15,619 | 98,343 |
| ആകെ | 35,635 | 75,928 | 51,995 | 1,63,558 |
| 2019-2020 മുതൽ 2020-2021 വരെ | | | | |
| ഗവ. | 21,339 | 9,659 | 3,859 | 34,857 |
| ഗവ.എയ്ഡഡ് | 32,493 | 57,844 | 3,310 | 93,647 |
| ആകെ | 53,832 | 67,503 | 7,169 | 1,28,504 |
| 2020-2021 മുതൽ 2021-2022 വരെ | | | | |
| ഗവ. | 50,124 | 20,018 | 37,316 | 1,07,458 |
| ഗവ.എയ്ഡഡ് | 56,196 | 77,094 | 15,700 | 1,48,990 |
| ആകെ | 1,06,320 | 97,112 | 53,016 | 2,56,448 |
| കഴിഞ്ഞ അഞ്ച് വർഷത്തെ പുതിയ കുട്ടികളുടെ ആകെ എണ്ണം | | | 8,91,046 | |

2019-20 ൽ കേരളത്തിലെ പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ (ജില്ല തിരിച്ച്) കൊഴിഞ്ഞുപോക്ക് അനുപാതം

| ജില്ല | SC | ST | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 0.17 | 0.52 | 0.14 | 0.15 |
| കൊല്ലം | 0.04 | 1.04 | 0.06 | 0.06 |
| പത്തനംതിട്ട | 0.00 | 0.11 | 0.00 | 0.00 |
| ആലപ്പുഴ | 0.02 | 0.00 | 0.02 | 0.02 |
| കോട്ടയം | 0.12 | 0.50 | 0.10 | 0.11 |
| ഇടുക്കി | 0.44 | 1.58 | 0.18 | 0.30 |
| എറണാകുളം | 0.14 | 1.04 | 0.19 | 0.19 |
| തൃശ്ശൂർ | 0.02 | 0.15 | 0.02 | 0.02 |
| പാലക്കാട് | 0.19 | 1.03 | 0.12 | 0.15 |
| മലപ്പുറം | 0.04 | 2.32 | 0.06 | 0.07 |
| കോഴിക്കോട് | 0.10 | 1.57 | 0.09 | 0.10 |
| വയനാട് | 0.06 | 1.77 | 0.11 | 0.50 |
| കണ്ണൂർ | 0.01 | 0.34 | 0.05 | 0.06 |
| കാസർഗോഡ് | 0.28 | 0.32 | 0.10 | 0.12 |
| ആകെ | 0.11 | 1.17 | 0.08 | 0.11 |

കേരളത്തോടൊപ്പം ലെവൽ രണ്ടിൽ സ്ഥാനം പിടിച്ചിട്ടുള്ളത്.

സ്കൂൾ വിദ്യാഭ്യാസനിലവാരസൂചിക (Performance Grade Index - PGI) കണക്കാക്കുന്നത് അഞ്ച് വ്യത്യസ്തമേഖലകളിൽ നേടിയ പുരോഗതിയുടെ അടിസ്ഥാനത്തിലാണ്. പഠനത്തിലെ പുരോഗതി (learning outcomes), ഭൗതിക സാഹചര്യങ്ങൾ (Infrastructure), വിദ്യാലയങ്ങളുടെ ലഭ്യത(Access), തുല്യത (Equity), ഭരണപ്രക്രിയകൾ (Governance Process) എന്നിങ്ങനെ അഞ്ചുമേഖലകളിലെ പുരോഗതി വിലയിരുത്തി അവയുടെ ആകെയുള്ള സ്കോർ കണക്കാക്കിയാണ് സ്കൂളുകളിലെ വിദ്യാഭ്യാസനിലവാരസൂചിക കണക്കാക്കുന്നത്. ഇതിൽ പഠനത്തിലെ പുരോഗതിയിൽ 150 ൽ 135



ഉം സ്കോറുകൾ കേരളം നേടി.

വിദ്യാലയങ്ങളുടെ നടത്തിപ്പിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗവും ധനവിനിയോഗത്തിന്റെ നിരീക്ഷണസംവിധാനങ്ങളുടെ ഉപയോഗവുമെല്ലാം വിലയിരുത്തുന്ന ഭാഗമാണിത്. 2017-18 ൽനിന്നും വലിയൊരു മുന്നേറ്റം ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്.

## എല്ലാവർക്കും വിദ്യാഭ്യാസം മികവോടെ

വിദ്യാഭ്യാസപ്രാപ്യത/ലഭ്യത നിർണ്ണയിക്കുന്ന സൂചിക എട്ട് ഉപസൂചികകളുടെ പോയിന്റുകളുടെ ആകെത്തുകയാണ്. ഇതിൽ കുട്ടികളുടെ വിദ്യാഭ്യാസപ്രവേശനം, കൊഴിഞ്ഞുപോക്കില്ലാതെ വിദ്യാഭ്യാസം തുടരുന്നവർ, ഉയർന്ന ക്ലാസുകളിലേക്കുള്ള, ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള തുടർച്ച, സാമൂഹികമായും സാമ്പത്തികമായും അരികുവൽക്കരിക്കപ്പെട്ടവരുടെ ഉൾച്ചേർക്കൽ തുടങ്ങിയ ഘടകങ്ങൾ  ഉൾപ്പെടുന്നു. ഈ വിഭാഗത്തിൽ ഏറ്റവും ശ്രദ്ധേയമായ രീതിയിൽ 80 ൽ 79 പോയിന്റുകളാണ് സംസ്ഥാനം നേടിയത്. കോവിഡ്കാലപ്രതിസന്ധികൾ മൂലവും മറ്റുകാരണങ്ങളാലും പല സംസ്ഥാനങ്ങളുടേയും പ്രകടനം മോശമായപ്പോഴും കേരളം കഴിഞ്ഞ വർഷങ്ങളിലെ നേട്ടം നിലനിർത്തി.

ഭൗതികസൗകര്യങ്ങളുടെ ലഭ്യത വിലയിരുത്തുന്ന വിഭാഗത്തിൽ 150 ൽ 135 ആണ് സംസ്ഥാനത്തിന്റെ സ്കോർ. ഇവിടെയും 2017-18 ൽ നിന്നും വലിയൊരു മുന്നേറ്റം സംസ്ഥാനം നടത്തിയിട്ടുണ്ട്. ഈ നേട്ടങ്ങളെല്ലാം വിരൽചൂണ്ടുന്നത് വർഷങ്ങളായി വിദ്യാഭ്യാസമേഖലയിൽ പ്രത്യേകിച്ച് സ്കൂൾ വിദ്യാഭ്യാസമേഖലയിൽ കേരളം നടത്തുന്ന മുതൽമുടക്കും ലക്ഷ്യബോധത്തോടെയുള്ള ഇടപെടലുകളും ഫലപ്രദമാണ് എന്ന വസ്തുതയിലേക്കാണ്.

IT@School  മുതൽ KITE വരെ വളർന്നെത്തിയ സ്കൂൾ വിദ്യാഭ്യാസരംഗത്തെ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം അധ്യാപകരെ സജ്ജരാക്കുകയും വൻതോതിൽ സ്കൂളുകളിൽ സൗകര്യങ്ങൾ ഒരുക്കുകയും വിദ്യാഭ്യാസത്തിനായി ടെലിവിഷൻ ചാനൽ ആരംഭിക്കുകയും ചെയ്തു. അതിനാൽ മഹാമാരികാലത്ത് ക്ലാസ്സുകൾക്ക് മുടക്കം കൂടാതെ അവയുടെ തുടർച്ച ഉറപ്പാക്കാൻ സാധിച്ചു.

സർക്കാർ പദ്ധതിത്തുകയിലൂടെയും കിഫ്ബി ധനസഹായത്തോയെയും പൊതുവിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. പാർശ്വവൽകൃതവിഭാഗങ്ങളിലെ വിദ്യാർഥികളുടെ സ്കൂൾപ്രവേശനം ഉറപ്പാക്കുകയും കൊഴിഞ്ഞുപോക്ക് തടയാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിലും സാങ്കേതിക വിദ്യയുടെ സഹായം വളരെ പ്രയോജനം ചെയ്യുന്നു. ഉച്ചഭക്ഷണം, സൗജന്യയൂണിഫോം വിതരണം എന്നിവയും കൃത്യമായി നടത്താൻ ശ്രമിക്കുന്നു. ഇങ്ങനെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളെയും അവരെ സ്കൂളിലേക്കയയ്ക്കുന്ന മാതാപിതാക്കളെയും കരുതലോടെ കാണുന്ന സമീപനമാണ് പൊതുവിദ്യാഭ്യാസ വകുപ്പും സംസ്ഥാനസർക്കാരും പിൻതുടരുന്നത്. അതിനു ലഭിച്ച അംഗീകാരമാണ് വിദ്യാഭ്യാസ നിലവാരസൂചികയിലെ ഈ ഉയർന്ന സ്കോർ എന്ന് നമുക്ക് അഭിമാനിക്കാം. ■

# തിയേറ്ററിന്റെ കലയാണ് സിനിമ



മലയാളസിനിമയ്ക്ക് ആഗോളചലച്ചിത്രഭൂപടത്തിൽ അഭിമാനാർഹമായ ഇടം നൽകിയ വിഖ്യാതചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണന്റെ ആദ്യ ഫീച്ചർഫിലിമായ സ്വയംവരത്തിന് അരനൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. മലയാളസിനിമയിൽ പുതുവഴി വെട്ടിത്തുറന്ന സ്വയംവരത്തിന്റെ പശ്ചാത്തലത്തിൽ അടൂർ തന്റെ സിനിമാദർശനത്തെയും സിനിമയിലെ മാറുന്ന പ്രവണതകളെയുംകുറിച്ച് സംസാരിക്കുന്നു.



**അടൂർ ഗോപാലകൃഷ്ണൻ/**
**എൻ.പി.മുരളീകൃഷ്ണൻ**

**സ്വയംവരത്തിന്റെ 50 വർഷം അടൂർ ഗോപാലകൃഷ്ണൻ എന്ന ചലച്ചിത്ര സംവിധായകന്റെയും 50 വർഷമാണ്. ഈ അരനൂറ്റാണ്ട് കാലത്തെ സ്വന്തം സിനിമാ ജീവിതത്തെ എങ്ങനെ നോക്കിക്കാണുന്നു?**

എന്റെ സിനിമകളെ മറ്റുള്ളവർ എങ്ങനെ നോക്കിക്കാണുന്നുവെന്നതിനെക്കുറിച്ചോ അല്ലെങ്കിൽ എന്റെ സിനിമാ ജീവിതത്തെ കുറിച്ചോ ഞാൻ അങ്ങനെയൊരു വിലയിരുത്തലൊന്നും നടത്താറില്ല. ഞാൻ സാമാന്യം ഭേദപ്പെട്ട രീതിയിൽ പഠിച്ച ഒരു തൊഴിലാണ് ഫിലിം മേക്കിംഗ്. അത് ചെയ്യുന്നു. അല്ലാതെ വേറൊരു പ്രവർത്തനവും എനിക്കില്ല. വായനയുണ്ട്, അത്യാവശ്യത്തിന് എഴുത്തും. സിനിമ എടുക്കാത്തപ്പോഴും സിനിമയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യുകയായിരിക്കും. അങ്ങനെ സിനിമയുമായി ചേർന്നുള്ള ഒരു യാത്രയാണ് എന്റെ ജീവിതം. വളരെ മനോഹരമായ സിനിമകളും മോശം സിനിമകളും ഒരുപോലെ നമ്മളെ പഠിപ്പിക്കുന്നുണ്ട്. നല്ല സിനിമകൾ നമ്മളെ പ്രചോദിപ്പിക്കും. അതുപോലെ തന്നെ ഒരു മോശം സിനിമ ഇങ്ങനെ സിനിമ എടുക്കരുത് എന്ന പാഠമാണ് നൽകുന്നത്.

**ഈ അമ്പതുവർഷം കൊണ്ട് മലയാള സിനിമയ്ക്ക് ഉണ്ടായ സർഗാത്മകവും സാങ്കേതികപരവുമായ മാറ്റത്തെയും വളർച്ചയെയും കുറിച്ച്?**

മലയാള സിനിമയിൽ സംഭവിച്ച മാറ്റങ്ങളെക്കുറിച്ച് പറയേണ്ടത് സിനിമാ നിരൂപകരാണ്. എന്റെ സിനിമയെക്കുറിച്ചേ എനിക്ക് പറയാനാകൂ. ഈ കാലയളവിൽ വ്യക്തമായ മാറ്റങ്ങളുണ്ടാക്കിയ സിനിമയാണ് സ്വയംവരം. ഈ സിനിമ കൊണ്ടുവന്ന മാറ്റത്തിന്റെ ഗുണമെല്ലാം മലയാള സിനിമയ്ക്കുള്ളതാണ്. മലയാള സിനിമയുടെ മുന്നോട്ടുള്ള വളർച്ചയിൽ വലിയ സംഭാവനയാണ് സ്വയംവരം നൽകിയത്.

**മലയാള സിനിമയെ സൗന്ദര്യശാസ്ത്രപരമായി മാറ്റിമറിച്ച സിനിമയാണ് സ്വയംവരം. ഈ സിനിമയുടെ സ്രഷ്ടാവ് എന്ന നിലയിൽ ഇതിനെ എങ്ങനെ കാണുന്നു?**

ഒരേപടി നിലനിന്നുപോന്ന ഒരു ചലച്ചിത്ര മേഖലയെ അടിമുടി ഉണർത്തുകയായിരുന്നു സ്വയംവരം. അതിൽ പ്രധാനം പ്രമേയപരമായി ഉണ്ടാക്കിയ മാറ്റമാണ്. ഒരു പ്രണയം, അതിനെ തുടർന്നുണ്ടാകുന്ന പ്രതിബന്ധങ്ങൾ, ഒന്നുകിൽ അതിന് സാഫല്യമുണ്ടാകും, അല്ലെങ്കിൽ നൈരാശ്യത്തിൽ അവസാനിക്കും. ഇതായിരുന്നു മലയാള സിനിമയിൽ അതുവരെ നിലനിന്ന പ്രമേയം. ഇത് തിരിച്ചും മറിച്ചും വരും. മുഴുവൻ സംഭാഷണമായിരിക്കും. സംസാരത്തിലൂടെയായിരിക്കും എല്ലാ കാര്യങ്ങളും അതിൽ കടന്നു വരുന്നത്. സ്വയംവരത്തിൽ അങ്ങനെയല്ല. നമ്മൾ ആ ജീവിതം അനുഭവിക്കുന്നു. ഇതു തന്നെയാണ് വലിയ വ്യത്യാസം. സിനിമയിൽ ആരെങ്കിലും പറഞ്ഞല്ല, നമ്മൾ എല്ലാ കാര്യവും അറിയേണ്ടത്. അനുഭവിച്ചറിയുകയാണ് ചെയ്യേണ്ടത്. ഇനി സാങ്കേതികമായി നോക്കുകയാണെങ്കിൽ ലൊക്കേഷനിൽ തന്നെ ശബ്ദം റെക്കോർഡ് ചെയ്തെടുക്കുന്ന രീതി സ്വയംവരത്തിലൂടെയാണ് വരുന്നത്. ഒരുപക്ഷേ ഇന്ത്യയിൽ തന്നെ ആദ്യമായിട്ടായിരിക്കും ഇത്. അന്ന് തിരുവനന്തപുരം വലിയ നഗരമായിരുന്നില്ല. ശാസ്തമംഗലത്ത് ഓഫീസിനു പിറകുവശത്തെ സ്ഥലത്താണ് സെറ്റിട്ടത്. ഷൂട്ടിംഗ് കാണാൻ വരുന്നവർ പോലും ശബ്ദമുണ്ടാക്കാതെ സഹകരിച്ചിരുന്നു. അവിടെ നന്നായി

ഷൂട്ട് ചെയ്യാനായി. സിനിമയിൽ സംഭാഷണവും പശ്ചാത്തല സംഗീതവുമല്ലാത്ത ശബ്ദങ്ങൾ കേൾപ്പിക്കുന്നത് സ്വയംവരത്തിലാണ്. കൂടാതെ മറ്റ് സ്വാഭാവിക ശബ്ദങ്ങളും റെക്കോർഡ് ചെയ്ത് ചേർത്തിരുന്നു.

**ഗാനങ്ങളില്ലാത്ത, നാടകീയതയും കൃത്രിമത്വവുമില്ലാത്ത, മന്ദതാളത്തിലുള്ള, കഥാപാത്രങ്ങൾ അത്യാവശ്യത്തിനു മാത്രം സംസാരിക്കുന്ന, നീണ്ട ഷോട്ടുകളുള്ള, പശ്ചാത്തലശബ്ദങ്ങൾക്ക് വലിയ പ്രാധാന്യം നൽകിയ, യഥാർഥ ലൊക്കേഷനുകളിൽ ചിത്രീകരിച്ച സ്വയംവരം ആ കാലത്തെ ഏറ്റവും വലിയ പരീക്ഷണ സിനിമയായിരുന്നു. കച്ചവട സിനിമയുടെ ബഹളമയത്തിൽ മലയാള സിനിമ മുങ്ങിനിന്ന കാലമായിരുന്നു അത്. എന്തെല്ലാം വെല്ലുവിളികളായിരുന്നു ഇതിനു പിന്നിൽ നേരിട്ടത്?**

അടൂർ ഭാസിയില്ലാതെ, പാട്ടുകളില്ലാതെ ഒരു സിനിമ ആലോചിക്കാൻ പറ്റാത്ത കാലമായിരുന്നു അത്. അപ്പോഴാണ് ഇതൊന്നുമില്ലാതെ സ്വയംവരം വരുന്നത്. ആദ്യത്തെ റിലീസിൽ സിനിമ വേണ്ടത്ര ഓടിയില്ല. ആളുകൾ വന്നില്ല എന്നല്ല. കുറച്ചുപേർ വന്നു. എന്നാൽ വലിയ രീതിയിൽ അംഗീകരിക്കപ്പെട്ടില്ല. ഇതിന് ഒരു പരിഹാരമായി വന്നത് നാഷണൽ അവാർഡാണ്. നാഷണൽ അവാർഡ് സ്വയംവരത്തിന് വലിയ പബ്ലിസിറ്റിയായി. അതിന്റെ ഫലമായി ആൾക്കാർക്ക് കാണാൻ താത്പര്യം വന്നു. ഞങ്ങൾ വീണ്ടും തിയേറ്ററിൽ റിലീസ് ചെയ്തു. തിയേറ്ററിൽ ഒന്നുരണ്ടു മാസം നിറഞ്ഞോടി. അങ്ങനെ പടത്തിന് ലാഭം കിട്ടി. നാഷണൽ അവാർഡിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രധാനം മെച്ചപ്പെട്ട സിനിമകളെ കാഴ്ചക്കാരിൽ എത്തിക്കുക എന്നതാണ്. ഇതാണ് ഒരു നല്ല പടം. ഇതാണ് നിങ്ങൾ കാണേണ്ടത് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയാണ് നാഷണൽ അവാർഡ് ചെയ്യുന്നത്. ഇപ്പോൾ അതൊക്കെ മാറി. ഇപ്പോൾ രാഷ്ട്രീയ സ്വാധീനമുള്ളവരുടെ പടങ്ങൾക്ക് അവാർഡ് കിട്ടും എന്ന രീതിയിലേക്ക് നമ്മൾ എത്തി. ഏറ്റവും മോശം പടങ്ങൾക്കും അവാർഡ് കിട്ടും. സ്വയംവരത്തിന്റെ കാര്യത്തിൽ ഇവിടത്തെ ജൂറി അന്ന് തീരുമാനമെടുത്തിരുന്നു. അതിന് അവാർഡൊന്നും നൽകരുതെന്ന്. ദേശീയ തലത്തിൽ പരിഗണനയ്ക്ക് വരാതിരിക്കാൻ ഇവിടെ നിന്ന് ഇടപെടലുണ്ടായി. ദേശീയ ജൂറിക്ക് മുന്നിലേക്ക് സ്വയംവരം അയക്കപ്പെട്ടില്ല. അതിനെ പ്രാദേശിക തലത്തിൽ തന്നെ തടഞ്ഞു. അക്കാരണത്താൽ ദേശീയ ജൂറി പടം കാണണമെന്ന അപേക്ഷ ഞങ്ങൾ കേന്ദ്രത്തിലേക്ക് അയച്ചു. പ്രഗത്ഭരായ ജൂറിയായിരുന്നു അത്. നല്ല ജൂറിയാണെങ്കിൽ നല്ല തീരുമാനങ്ങൾ വരും. അവർ പടം കണ്ടു. അങ്ങനെ സ്വയംവരം കാര്യമായി അംഗീകരിക്കപ്പെടുകയും ചെയ്തു.

**ഒരു വ്യത്യസ്ത സംരംഭമായിരുന്നു സ്വയംവരം. ഫണ്ടിങ്ങിന്റെ കാര്യത്തിലുൾപ്പെടെ. 50 വർഷത്തിനിപ്പുറം സിനിമയിൽ വന്ന മാറ്റങ്ങളെ എങ്ങനെ കാണുന്നു?**


ഫണ്ടിംഗിനായി പല ശ്രമങ്ങളും നടത്തിയിരുന്നു. സ്വകാര്യ മൂലധനം കിട്ടില്ലെന്ന് ഉറപ്പുള്ളതുകൊണ്ട് ഫിലിം ഫൈനാൻസ് കോർപ്പറേഷനിൽ നിന്ന് ഒന്നര ലക്ഷം കടമെടുത്താണ് സ്വയംവരം പൂർത്തിയാക്കിയത്. രണ്ടര ലക്ഷമായിരുന്നു സ്വയംവരത്തിന്റെ ബജറ്റ്.

### താരമൂല്യവും പ്രേക്ഷകരും

**സ്വയംവരം എന്ന സിനിമയിൽ അന്നത്തെ താരമൂല്യമുള്ള അഭിനേതാക്കളെ അഭിനയിപ്പിച്ചിട്ടുണ്ട്. പിന്നീടും സൂപ്പർതാരങ്ങൾ താങ്കളുടെ സിനിമകളിൽ പ്രധാന വേഷങ്ങളിൽ വന്നു. താരമൂല്യം സിനിമയ്ക്ക് എത്രമാത്രം ഗുണകരമാണ്?**

താരങ്ങൾ ഉള്ളതിന്റെ ഗുണം തുടക്കത്തിൽ പടത്തിന് ആളെ കിട്ടും. സ്വയംവരത്തിനും അങ്ങനെയായിരുന്നിരിക്കണം. മധുവും ശാരദയുമായിരുന്നു അതിലെ പ്രധാന ആകർഷണം. ജനങ്ങളെ സംബന്ധിച്ച് അവർക്ക് നേരിട്ടറിയാവുന്നത് ഇവരെ രണ്ടു പേരെ മാത്രമാണ്. അല്ലാതെ മറ്റ് ആകർഷണങ്ങൾ ഒന്നുമില്ലല്ലോ. പക്ഷേ തുടക്കത്തിൽ ആളെ കിട്ടാൻ വേണ്ടിയല്ല ഞാൻ ഇവരെ കാസ്റ്റ് ചെയ്യുന്നത്. അവർ കഥാപാത്രത്തിന് യോജിച്ചവർ ആയതുകൊണ്ടാണ്. പിന്നീട് വലിയ താരങ്ങളെ അഭിനയിപ്പിച്ചതും അവർ എന്റെ കഥാപാത്രത്തിന് യോജിച്ചവരായതു കൊണ്ടാണ്. പക്ഷേ ഈ താരമൂല്യം രണ്ടോ മൂന്നോ ദിവസത്തേക്കേ ഗുണം ചെയ്യൂ. പിന്നീട് പടത്തിന്റെ ഭാവി അതിന്റെ ഉള്ളടക്കത്തെ ആശ്രയിച്ചിരിക്കും. നല്ല പടമാണെങ്കിൽ ആളു വരും. അല്ലെങ്കിൽ പടം തിയേറ്ററിൽ നിന്ന് പുറത്താകും. താരങ്ങൾ ഇല്ലാത്ത സിനിമയായിരുന്നു കൊടിയേറ്റം. താരങ്ങളില്ലാത്ത കാരണം തിയേറ്ററുകാർ താല്പര്യം കാണിച്ചില്ല. വെറും രണ്ടു തിയേറ്ററിലാണ് കൊടിയേറ്റം പ്രദർശനം തുടങ്ങിയത്. പടത്തിന് ആളു കയറാൻ തുടങ്ങിയതോടെ ഓരോരുത്തരും പടം ചോദിച്ചുവാങ്ങി. 14 തിയേറ്ററിലേക്ക് എത്തി. കോട്ടയത്തെ തിയേറ്ററിൽ മാത്രം

അടൂർ ഭാസിയില്ലാതെ, പാട്ടുകളില്ലാതെ ഒരു സിനിമ ആലോചിക്കാൻ പറ്റാത്ത കാലമായിരുന്നു അത്. അപ്പോഴാണ് ഇതൊന്നുമില്ലാതെ സ്വയംവരം വരുന്നത്. ആദ്യത്തെ റിലീസിൽ സിനിമ വേണ്ടത്ര ഓടിയില്ല. ആളുകൾ വന്നില്ല എന്നല്ല. കുറച്ചുപേർ വന്നു. എന്നാൽ വലിയ രീതിയിൽ അംഗീകരിക്കപ്പെട്ടില്ല. ഇതിന് ഒരു പരിഹാരമായി വന്നത് നാഷണൽ അവാർഡാണ്



അടൂർ ഗോപാലകൃഷ്ണൻ
ഫോട്ടോ: adoorgopalakrishnan.com



സ്വയംവരം സിനിമയിൽ മധുവും ശാരദയും

145 ദിവസമാണ് കൊടിയേറ്റം ഓടിയത്. ഒരു താരങ്ങളുമില്ലാതെയാണ് ഈ വലിയ വിജയം. അപ്പോൾ പിന്നെ താരങ്ങൾ ഉണ്ടായാലേ പടം ഓടൂ എന്നു പറയുന്നതിൽ അർഥമുണ്ടോ? പക്ഷേ താരങ്ങൾ ഉണ്ടെങ്കിൽ ഇനിഷ്യൽ പുൾ കിട്ടും. അത് വാസ്തവമാണ്.

സ്വയംവരത്തിന് നല്ല പരസ്യപ്രചാരണം നൽകിയിരുന്നു. എനിക്ക് അതിലൊക്കെ വലിയ നിർബന്ധമുണ്ടായിരുന്നു. ഒരു ആർട്ട് പടമായി ഇതിനെ കാണരുത്. എല്ലാവരും കാണേണ്ട പടമായി തന്നെയാണ് സ്വയംവരത്തിന് പരസ്യം നൽകിയത്. വലിയ സിനിമയ്ക്ക് നൽകുന്ന പ്രചാരണം തന്നെയായിരുന്നു സ്വയംവരത്തിനും. 14 തിയേറ്ററിൽ റിലീസ് ചെയ്തു. സ്ഥിരം പബ്ലിസിറ്റി മാർഗങ്ങൾ വേണ്ടെന്നു വച്ചു. എംവി ദേവന്റെ നേതൃത്വത്തിൽ നമ്പൂതിരിയും കരുണാകരനും ഉൾപ്പെടെ അറിയപ്പെടുന്ന ആധുനിക കലാകാരന്മാരാണ് സ്വയംവരത്തിന്റെ പോസ്റ്ററുകൾ വരച്ചത്.

## തൊഴിലില്ലായ്മ എന്ന പ്രശ്നം ചർച്ചചെയ്ത സിനിമയാണ് സ്വയംവരം. ഈ സിനിമ 50-ാം വർഷത്തിലെത്തി നിൽക്കുമ്പോൾ കേരളത്തിലെ യുവജനങ്ങളുടെ തൊഴിലില്ലായ്മ എന്ന പ്രശ്നം എത്രത്തോളം പരിഹരിക്കപ്പെട്ടുവെന്നാണ് സ്വയംവരത്തിന്റെ സംവിധായകൻ മനസ്സിലാക്കുന്നത്?

തൊഴിലില്ലായ്മയാണ് സ്വയംവരത്തിന്റെ പശ്ചാത്തലം. തൊഴിലില്ലായ്മ പഴയതു പോലെ രൂക്ഷമാണെന്നു തോന്നുന്നില്ല. ഏതെങ്കിലും തൊഴിൽ ചെയ്തു ജീവിക്കാൻ തയ്യാറാണെങ്കിൽ അതിനുള്ള സാഹചര്യം ഇപ്പോഴുണ്ട്. അന്ന് അതില്ല. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ അന്ന് രൂക്ഷമായിരുന്നു. മാറിയ തൊഴിൽ സാഹചര്യങ്ങളെയും പുതിയ തൊഴിൽ പ്രശ്നങ്ങളെയും സമീക്ഷിക്കുന്ന സിനിമകൾക്ക് ഇപ്പോഴും പ്രസക്തിയുണ്ട്.

## സ്വയംവരത്തിന്റെ സ്വാധീനവും തുടർച്ചയും പിന്നീടുള്ള സിനിമകളിൽ എങ്ങനെ പ്രകടമായി എന്നാണ് കാണുന്നത്?

സിനിമ എന്ന മാധ്യമത്തെ ഗൗരവമായി കാണുന്നവർക്ക് സ്വയംവരം ആത്മവിശ്വാസം പകർന്നു എന്നു തന്നെ പറയാം. സ്വയംവരത്തിന്റെ ചുവടുപിടിച്ച് പിന്നീട് സിനിമകളും ചലച്ചിത്രകാരന്മാരുമുണ്ടായി. അരവിന്ദൻ വന്നു, പിന്നീട് കെ ആർ മോഹനൻ, എം.പി. സുകുമാരൻ നായർ, കെ ജി ജോർജ്, ജോൺ എബ്രഹാം അങ്ങനെ ഒട്ടേറെ പേർ ഈ രീതിയിൽ വന്നു. ഇതിന്റെ തുടർച്ച പിന്നീടുമുണ്ടായി. ഇടയ്ക്കൊരു ഇടവേള വന്നിരുന്നു. ഇപ്പോൾ കുറേ ചെറുപ്പക്കാർ സ്ഥിരം രീതികളിൽ നിന്ന് മാറി സിനിമ എടുക്കാൻ തയ്യാറാകുന്നുണ്ട്. അര ഡസനോളം ചെറുപ്പക്കാർ ഇങ്ങനെ കാണുന്നുണ്ട്. ഇതെല്ലാം സ്വയംവരത്തിൽ തുടങ്ങിയ പ്രവണതകൾ തന്നെയാണ്. പുതിയ ജനറേഷന് പഴയ സിനിമകൾ കാണാൻ ഇപ്പോൾ ഒട്ടേറെ പ്ലാറ്റ്ഫോമുകളും അവസരവുമുണ്ട്. പുതിയ തലമുറ സംവിധായകർ പലരും എന്റെ സിനിമകളുടെ സ്വാധീനത്തെ കുറിച്ച് പറയാറുണ്ട്. അവരോട് എന്റേതിനേക്കാൾ മികച്ച സിനിമകളെടുക്കാനാണ് ഞാൻ ആവശ്യപ്പെടുന്നത്.

## 1972 ലെ സ്വയംവരത്തിൽ നിന്നും 2016 ലെ പിന്നെയും എന്ന സിനിമയിലെത്തുമ്പോഴേക്കും സിനിമയെക്കുറിച്ചുള്ള ദർശനത്തിലും സമീപനത്തിലും എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ?

ദർശനമൊന്നും മാറുന്നില്ല. പടത്തിന്റെ സ്വഭാവം ചിലപ്പോൾ മാറും. അത്രയേ ഉള്ളൂ. എന്റെ 76-ാം വയസ്സിൽ ഞാൻ സ്വയംവരം എടുക്കില്ലല്ലോ. നമ്മുടെ ലോകപരിചയം, ജീവിതം, അന്വേഷണം, വളർച്ച, പുതിയ കണ്ടെത്തലുകൾ തുടങ്ങിയവയെല്ലാം സിനിമയെ സ്വാധീനിക്കും.

## സെല്ലുലോയ്ഡും ഡിജിറ്റലും

**സെല്ലുലോയ്ഡിൽ നിന്ന് ഡിജിറ്റൽസങ്കേതത്തിലേക്ക സിനിമ മാറിയിരിക്കുന്നു. സാങ്കേതിക വിദ്യയിൽ വലിയ തോതിലുള്ള മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. ഈ മാറ്റങ്ങൾ നല്ല സിനിമകളുടെ സൃഷ്ടിക്ക് സഹായകമായതായി വിശ്വസിക്കുന്നുണ്ടോ?**

രണ്ട് രീതിയിലാണ് ഈ മാറ്റം. കലാപരമായ മാറ്റമല്ല, സാമ്പത്തികമായ സൗകര്യം അനുസരിച്ചാണ് ഈ മാറ്റമുണ്ടായത്. ഡിജിറ്റലാകുമ്പോൾ ഒരേ സമയം ഒട്ടേറെ തിയേറ്ററുകളിൽ സിനിമ പ്രദർശിപ്പിക്കാനാകും. ഡിജിറ്റലിൽ ഷൂട്ട് ചെയ്യുമ്പോൾ പഴയതു പോലെയുള്ള ലൈറ്റിംഗിന്റെ ആവശ്യമില്ല. പണ്ട് ഒരു വൈകുന്നേര സമയത്തെ തെരുവ് ഷൂട്ട് ചെയ്യണമെങ്കിൽ അതിനു യോജിക്കും വിധം അത്രയും സ്ഥലവും ലൈറ്റ് അപ് ചെയ്യണമായിരുന്നു. ഡിജിറ്റലിൽ ഇത്ര പ്രയാസമില്ല. അല്ലാതെ തന്നെ സ്വാഭാവിക ലൈറ്റിംഗ് സൗകര്യപൂർവ്വം ഉപയോഗിക്കാനാകും. സാങ്കേതികവിദ്യ സൃഷ്ടിച്ച സൗകരമാണിത്.

ദോഷത്തെപ്പറ്റി പറഞ്ഞാൽ ഡിജിറ്റലിൽ ആവശ്യത്തിലധികം ഷൂട്ട് ചെയ്തു കൂട്ടുകയാണ്. ചെലവ് കൂടുന്നു. ഫിലിം മേക്കിംഗിൽ അടിസ്ഥാനമായി അറിയേണ്ട ചില കാര്യങ്ങളുണ്ട്. ഡിജിറ്റൽ സങ്കേതം ഉപയോഗിക്കുമ്പോൾ അതുപോലും അറിയേണ്ടി വരുന്നില്ല. ഈയൊരു ലാഘവത്വമാണ് ഏറ്റവും വലിയ ദോഷം. ഇത് സിനിമയുമായി കലാകാരനുള്ള സമീപനത്തെ തന്നെ ബാധിക്കും.

ഇപ്പോൾ സിനിമ വാച്ചിലും മൊബൈൽ ഫോണിലുമെല്ലാം കാണാം. പക്ഷേ സിനിമ ആത്യന്തികമായി തിയേറ്ററിൽ ഇരുന്നു കാണേണ്ട കലയാണ്. ഒടിടി പ്ലാറ്റ്ഫോമുകൾ തിയേറ്ററുകൾ ഭീഷണിയാകുമെന്നു തന്നെയാണ് കരുതുന്നത്

## ഒടിടിയും സിനിമാക്കാഴ്ചയും

**തിയേറ്ററുകളിലാണ് സിനിമ എന്ന കലാരൂപം പൂർണത പ്രാപിക്കുന്നത് എന്ന് അങ്ങ് അഭിപ്രായപ്പെട്ടിരുന്നു. ഒടിടി പ്ലാറ്റ്ഫോമുകളുടെ ജനകീയത സിനിമാ തിയേറ്ററുകൾക്ക് ഭീഷണിയാകില്ലെന്നു തന്നെയാണോ വിശ്വസിക്കുന്നത്?**

ഇപ്പോൾ സിനിമ വാച്ചിലും മൊബൈൽ ഫോണിലുമെല്ലാം കാണാം. പക്ഷേ സിനിമ ആത്യന്തികമായി തിയേറ്ററിൽ ഇരുന്നു കാണേണ്ട കലയാണ്. ഒടിടി പ്ലാറ്റ്ഫോമുകൾ തിയേറ്ററുകൾ ഭീഷണിയാകുമെന്നു തന്നെയാണ് കരുതുന്നത്. ഹോളിവുഡ് സിനിമകൾ പോലും തിയേറ്ററിൽ ആളില്ലാതെ നഷ്ടം വരുന്നുണ്ട്. കോവിഡ് സമയത്ത് ആളുകൾ ഒടിടിയിൽ സിനിമ കണ്ടു തുടങ്ങി. അതൊരു പോപ്പുലർ കൾച്ചറായി. ഇപ്പോഴും അതു തുടരുന്നു. ചെറുതായി മാറിയെന്നു പറയുന്നു. ആളുകൾ പതിയെ തിയേറ്ററിലേക്ക് എത്തിത്തുടങ്ങിയിട്ടുണ്ട്. എങ്കിലും അത് മടിച്ചുമടിച്ചാണ്.

**സംവിധായകർ അതതുകാലത്തെ പുതിയ പ്രവണതകൾക്കും മാറ്റങ്ങൾക്കുമൊപ്പം എത്താൻ സ്വയം നവീകരിക്കേണ്ടതുണ്ടോ?**

അങ്ങനെ തോന്നുന്നില്ല. ഒരു ചലച്ചിത്രകാരൻ അയാളുടെ സിനിമയാണ് എടുക്കുന്നത്. അങ്ങനെയല്ല, ഇങ്ങനെയാണ് എടുക്കേണ്ടത് എന്നു പുറത്തു നിന്നുള്ളവർക്ക് എങ്ങനെ പറയാനാകും? ട്രെൻഡ് അനുസരിച്ചല്ല ഞാൻ പടമെടുക്കുന്നത്. ചിലപ്പോൾ എന്റെ പടമായിരിക്കും ട്രെൻഡ് ആയി മാറുന്നത്. സിനിമയിൽ മാറ്റം വരുത്തുന്നയാൾ സിനിമയെക്കുറിച്ച് ആഴത്തിലുള്ള അനുഭവവും അറിവുമുള്ളയാളായിരിക്കും. അയാൾ ഈ മാധ്യമത്തിൽ വലിയ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടായിരിക്കും. ഇത് ക്ലാസിൽ പോയി പഠിക്കണമെന്നില്ല. സ്വന്തം നിലയിൽ പഠിച്ചാലും മതി. സത്യജിത് റേ ഒക്കെ അങ്ങനെയായിരുന്നു. അദ്ദേഹം പഥേർ പാഞ്ചാലി എടുക്കുന്നതിനു മുമ്പ് ആഴത്തിലുള്ള പഠനങ്ങൾ നടത്തിയിരുന്നു. ഈ തയ്യാറെടുപ്പുകളെല്ലാം അദ്ദേഹത്തിന്റെ സിനിമയ്ക്ക് ഗുണം ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സിനിമകൾ സൃഷ്ടിക്കുന്നവരാണ് ട്രെൻഡ് സൃഷ്ടിക്കുന്നതെന്ന് പറയാനാകുന്നത്.

**പാൻ ഇന്ത്യൻ എന്നതാണ് നിലനിൽക്കുന്ന ഏറ്റവും പുതിയ ആസ്വാദന രീതി. ഈ ഗണത്തിൽ വിശേഷിപ്പിക്കപ്പെടുന്ന സിനിമകൾ പലതും വീരാരാധനയെയും നായകശരീരങ്ങളെയും പ്രോത്സാഹിപ്പിക്കുന്നവയാണ്. ബാഹുബലി, കെജിഎഫ്, ആർആർആർ, പുഷ്പ എന്നിവ ഉദാഹരണം. ഇത്തരം സിനിമാസ്വാദനരീതികളെ എങ്ങനെ കാണുന്നു?**


ഹിന്ദി സിനിമകൾ പണ്ടുചെയ്തിരുന്നതുതന്നെയാണ് ഇപ്പോൾ പാൻ ഇന്ത്യൻ എന്ന പേരിൽ വരുന്നത്. പ്രമേയത്തിലും സ്വഭാവത്തിലുമെല്ലാം ഇതുതന്നെയാണ് തുടരുന്നത്. ഇപ്പോൾ സൗത്ത് ഇന്ത്യയിൽ നിന്ന് ഇതുപോലുള്ള സിനിമകൾ വരുന്നു. ഹിന്ദി സിനിമയെപോലും അത് സ്വാധീനിക്കുന്നു. കൊമേഴ്സ്യൽ സാധ്യത എങ്ങനെയാണോ അങ്ങോട്ടുപോകും. അതാണ് ഏതുകാലത്തും നിലനിൽക്കുന്ന രീതി.

**ചലച്ചിത്രോത്സവങ്ങളുടെ കാലമാണ്. മലയാള സിനിമയ്ക്ക് ചലച്ചിത്രോത്സവങ്ങൾ എങ്ങനെയാണ് ഗുണകരമാകുന്നത്**

വലിയ വ്യത്യാസം ചെയ്തിട്ടുണ്ട്. ഫിലിം സൊസൈറ്റികളിൽ നിന്നാണ് ആദ്യം സിനിമ കണ്ടു ശീലിക്കേണ്ടത്. ഫിലിം സൊസൈറ്റികളിൽ നിന്ന് സിനിമ കണ്ടവരാണ് പിന്നീട് ഫിലിം ഫെസ്റ്റിവെലുകളിലേക്ക് പോകേണ്ടത്. മുമ്പൊക്കെ അങ്ങനെയായിരുന്നു. എന്തായാലും ഫിലിം ഫെസ്റ്റിവെലുകൾ ചലച്ചിത്രകാരന്മാരെ സ്വാധീനിക്കും. വിവിധ രാജ്യങ്ങളിൽ നിന്നുള്ള വ്യത്യസ്തങ്ങളായ സിനിമകൾ കാണാനുള്ള അവസരമല്ലേ ഫെസ്റ്റിവൽ ഉണ്ടാക്കുന്നത്. ഫിലിം ക്രിട്ടിക്സുകളെയും ഫിലിം ഫെസ്റ്റിവെൽ സൃഷ്ടിക്കേണ്ടതാണ്. ■

# നാം സ്വപ്നം കാണുന്ന ഭാഷ

ഓരോ ജനതയുടെയും ആത്മാവിഷ്കാരം അവരുടെ മാതൃഭാഷയിലാണ്. അതുകൊണ്ട് നമ്മുടെ ഭാഷയെ ഉയർത്തിപ്പിടിക്കുക. നമ്മുടെ ഭാഷ ഒട്ടും താഴെയല്ല എന്ന ആത്മാഭിമാനം നമുക്ക് ഉണ്ടാവണം



**എം.മുകുന്ദൻ**


നമ്മുടെ മലയാളഭാഷയ്ക്കുള്ളിൽ വേറെ ചില മലയാളങ്ങൾ ഉണ്ട്. അതാണ് പ്രാദേശിക ഭാഷകൾ. ഈ പ്രാദേശിക ഭാഷകളാണ് ഏതൊരു ഭാഷയ്ക്കും രുചിമുകുളങ്ങൾ നൽകുന്നത്. നമ്മുടെ മലയാളത്തിനുള്ളിലെ പ്രാദേശികഭാഷകളിൽ ഒന്നാണ് മയ്യഴി ഭാഷ, അല്ലെങ്കിൽ തലശ്ശേരിഭാഷ, അല്ലെങ്കിൽ കണ്ണൂർഭാഷ. തിരുവനന്തപുരത്ത് സംസാരിക്കുന്ന മലയാളമല്ല ഞങ്ങൾ മയ്യഴിയിൽ സംസാരിക്കുന്നത്. അവിടെയൊക്കെ സൂക്ഷിക്കുക എന്ന വാക്കിനു പകരം ചരേക്കുക എന്ന് പറയുമായിരുന്നു. അതുപോലെ എറിയുക എന്ന് പറയില്ല. ചാട്ടുക എന്നാണ് പറയുക. ഒരു പഴത്തൊലി ചാട്ടുക എന്നാണ് പറയുക. അങ്ങനെ നമ്മുടെ ഭാഷയ്ക്കുള്ളിൽ ചില പ്രാദേശികമായ പ്രയോഗങ്ങൾ ഉണ്ട്. നമ്മൾ സാധാരണ ഉപയോഗിക്കുന്ന ഒരു പദമാണ് ലാച്ചാർ എന്നുള്ളത്.

എല്ലാവരും പറയും ലാച്ചാർ പിടിച്ചുപോയി എന്ന്. കടലിന് ലാച്ചാർ പിടിച്ചു പോയി, മീനില്ല എന്നൊക്കെ പറയും. ഇങ്ങനെയുള്ള പദങ്ങളൊക്കെ ക്രമേണ ഇല്ലാതാവുകയാണ്. കാരണം ഭാഷ മാനകമാവുകയാണ്. മലയാളികൾ പലഭാഗത്തു സഞ്ചരിക്കുകയും ഇടകലരുകയും ചെയ്യുന്നതിന്റെ ഫലമായി ഇതുപോലുള്ള പ്രാദേശിക ഭാഷകൾ കുറേശ്ശെയായി ഇല്ലാതാവുകയാണ്. ഇവയൊക്കെ അടയാളപ്പെടുത്താനാണ് ചോയി പോലുള്ള കൃതികളിൽ ഞാൻ ശ്രമിച്ചത്.

ഞാൻ ഡൽഹിയിൽ ഉണ്ടായിരുന്ന കാലത്ത് ഒരു ദിവസം നാല് ഭാഷകൾ സംസാരിക്കുമായിരുന്നു. ഓഫീസിൽ ഫ്രഞ്ച്, ഓഫീസിനു പുറത്ത് ഇംഗ്ലീഷും ഹിന്ദിയും വീട്ടിലെത്തിയാൽ മലയാളം. ഇങ്ങനെ ഫ്രഞ്ചും ഹിന്ദിയും ഇംഗ്ലീഷും കൈകാര്യം ചെയ്യുമെങ്കിലും എനിക്ക് മലയാളത്തിൽ മാത്രമേ സ്വപ്നം കാണുവാൻ കഴിഞ്ഞിട്ടുള്ളൂ. ഇതുവരെ മറ്റൊരു ഭാഷയിൽ ഞാൻ സ്വപ്നം കണ്ടിട്ടില്ല. ഏതുഭാഷയിലാണോ നമ്മൾ സ്വപ്നം കാണുന്നത് അതാണു നമ്മുടെ മാതൃഭാഷ. അതുകൊണ്ട് എന്റെ മാതൃഭാഷ, എന്റെ അമ്മഭാഷ ഞാൻ സ്വപ്നം കാണുന്ന മലയാളമാണ്. യഥാർഥത്തിൽ ഒരു ഭാഷ എന്നത് കേവലം ഒരു വിനിമയമാധ്യമം മാത്രമല്ല. ഭാഷയ്ക്കുള്ളിലാണ് നമ്മളൊക്കെ ജീവിക്കുന്നത്. ഉദാഹരണത്തിന് മലയാള ഭാഷ ഇല്ലെങ്കിൽ എന്തുചെയ്യും എന്ന് നമുക്കൊന്ന് ആലോചിച്ചുനോക്കാം. മലയാളഭാഷ ഇല്ലായിരുന്നുവെങ്കിൽ ശ്രീനാരായണഗുരുദേവനും കുമാരനാശാനും ഉണ്ടാവുമായിരുന്നില്ല. കാരണം അവർ എഴുതിയതും പ്രഭാഷണം ചെയ്തതും മലയാളത്തിലാണ്. മലയാളം ഇല്ലെങ്കിൽ അവർ ഉണ്ടാവില്ലായിരുന്നു. അതുപോലെതന്നെ മലയാളം ഇല്ലെങ്കിൽ എം ടി വാസുദേവൻ നായരും വൈക്കം മുഹമ്മദ് ബഷീറുമൊന്നും ഉണ്ടാവില്ലായിരുന്നു. സാധാരണ ഫ്രഞ്ചുകാർ പറയുന്ന ഒരു



ഇ.എം.എസ്



ബഷീർ



എം.ടി

കാര്യമുണ്ട്. ഫ്രഞ്ച് ഭാഷ ഇല്ലായിരുന്നുവെങ്കിൽ വിക്ടർ ഹ്യൂഗോ ഉണ്ടാവുമായിരുന്നില്ല എന്ന്. അപ്പോൾ ഒരു ഭാഷയ്ക്കുള്ളിലാണ് നമ്മളൊക്കെ ജീവിക്കുന്നത്. നമ്മുടെ സംസ്കാരവും പൈതൃകവുമൊക്കെ.

അതുപോലെ സ്വപ്നം കാണുന്നത് നമ്മുടെ അമ്മഭാഷയിലാണ്. പഴയ കാലത്ത് എകെജിയും ഇഎംഎസുമൊക്കെ സമത്വത്തിന്റെ നീതിന്യായ വ്യവസ്ഥകൾ നിലനിൽക്കുന്ന ഭാവി കേരളം സ്വപ്നം കണ്ടിരുന്നു. അന്ന് എകെജിയും ഇഎംഎസും സ്വപ്നം കണ്ടിരുന്നത് മലയാളത്തിലായിരുന്നു. ഇംഗ്ലീഷിലല്ല. കാലാകാലങ്ങളിലായി നാം സ്വപ്നം കാണുന്ന ഈ ഭാഷയെ നാം നെഞ്ചോടു ചേർത്തുപിടിക്കേണ്ടതായുണ്ട്

## മലയാളത്തിനു കരുത്തുണ്ട്

ഇപ്പോൾ നാം കേൾക്കുന്ന ഒരു പരാതിയുണ്ട്. ശാസ്ത്രസാങ്കേതികവിദ്യയുടെ കാലമാണിത്. ഈ കാലത്ത് മലയാളഭാഷ കൊണ്ട് എന്ത് ഉപയോഗം എന്ന്. പക്ഷേ ഇപ്പോൾ എല്ലാവരും പറയുന്നത് മാതൃഭാഷയിൽ പഠിക്കുന്നതാണ് നല്ലതെന്ന്. നമ്മുടെ നാട്ടിൽ തന്നെ സിവിൽസർവീസിൽ മലയാളം പഠിച്ച് ഉന്നതവിജയം കരസ്ഥമാക്കിയവർ ഉണ്ട്. അപ്പോൾ മാതൃഭാഷ മോശമല്ല. മാതൃഭാഷയിൽ പഠിക്കുന്നതു തന്നെയാണു നല്ലത്. ശാസ്ത്രസാങ്കേതികഭാഷയുടെ കാലത്ത് മാതൃഭാഷയ്ക്ക് സ്ഥാനമില്ല എന്ന് നമുക്ക് പറയാൻ കഴിയില്ല. റഷ്യയിലേക്കു നോക്കൂ. ആദ്യമായിട്ട് ബഹിരാകാശത്ത് മനുഷ്യനെ-യൂറി ഗഗാറിനെ-പേടകത്തിൽ കയറ്റിയയച്ചത് സോവിയറ്റ് യൂണിയൻ ആയിരുന്നു. സങ്കീർണ്ണമായ ആ സാങ്കേതികവിദ്യ സോവിയറ്റ് യൂണിയൻ വികസിപ്പിച്ചെടുത്തത് ഇംഗ്ലീഷിലല്ല, റഷ്യൻഭാഷയിൽ ആയിരുന്നു. പിന്നീട് സോവിയറ്റ് യൂണിയൻ ചന്ദ്രനിൽ പേടകം ഇറക്കി. അതിസങ്കീർണ്ണമായ സാങ്കേതികവിദ്യയാണത്. ആ സാങ്കേതികവിദ്യയും റഷ്യ വികസിപ്പിച്ചത് അവരുടെ മാതൃഭാഷയിലായിരുന്നു. ഐടി



സമകാലിക ജനപഥം പ്രത്യേകഭാഷാപതിപ്പ് മന്ത്രി ആന്റണിരാജു എം മുകുന്ദന് നൽകി പ്രകാശനം ചെയ്യുന്നു

രംഗത്ത് അമേരിക്കയെ പോലും മറികടന്ന പ്രാഗല്ഭ്യം തെളിയിച്ച ചൈന ഐടി സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിരിക്കുന്നത് ഇംഗ്ലീഷിൽ അല്ല. ചൈനീസ് ഭാഷയിലാണ്. ഇതിൽനിന്നും മനസ്സിലാക്കേണ്ടത് മാതൃഭാഷ ഇംഗ്ലീഷിനേക്കാൾ ഒട്ടും താഴെയല്ല എന്നതാണ്. ഇന്ന് മലയാളത്തിൽ സാങ്കേതികമായി ഒരുപാട് പദങ്ങൾ ഉണ്ട്. പ്രയോഗങ്ങൾ ഉണ്ട്. പഴയകാലത്ത് ആധുനിക ചിത്രകലയെക്കുറിച്ച് ലേഖനം എഴുതാൻ ഒരു വാരിക ആവശ്യപ്പെട്ടപ്പോൾ എനിക്കത് സാധിച്ചില്ല. ആധുനിക മായിട്ടുള്ള പദാവലി നമുക്ക് ഉണ്ടായിരുന്നില്ലെന്നതിനാൽ ഞാൻ ആ ശ്രമം ഉപേക്ഷിക്കുകയായിരുന്നു. പക്ഷേ ഇന്നത് എളുപ്പമാണ്. ഇന്ന് എത്രയും സങ്കീർണ്ണമായ ആധുനിക കലയെക്കുറിച്ചും സിദ്ധാന്തത്തെക്കുറിച്ചും നമുക്ക് മലയാളത്തിൽ എഴുതാൻ സാധിക്കും. നമ്മുടെ സർവകലാശാലകളിൽ ദറിദയുടെയും ഫൂക്കോയുടെയും ഒക്കെ സങ്കീർണമായ സിദ്ധാന്തങ്ങൾ നമ്മുടെ പ്രൊഫസർമാർ പഠിപ്പിക്കുന്നത് മലയാളത്തിലാണ്. അതുകൊണ്ട് ഈ വലിയമാറ്റങ്ങൾ ഉൾക്കൊള്ളാൻ, ഈ സാങ്കേതികവിദ്യയെ ഉൾക്കൊള്ളാൻ മലയാളത്തിന് കരുത്തുണ്ട്.

## ആത്മാഭിമാനത്തിന്റെ ഭാഷ

ഇംഗ്ലീഷ് നമുക്ക് വേണം, ഇനിയുള്ള കാലത്ത് ഒരു ഭാഷകൊണ്ട് നമുക്ക് ജീവിക്കാൻ കഴിയില്ല. പല ഭാഷകൾ നമുക്ക് ആവശ്യമാണ് കാരണം വൈവിധ്യങ്ങളുടെ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. അതുകൊണ്ട് രണ്ടുമൂന്നു ഭാഷകൾ സംസാരിച്ചാലും എഴുതിയാലും തെറ്റില്ല. പക്ഷേ നമ്മൾ സ്വപ്നം കാണുന്ന ഭാഷ മലയാളം മാത്രമായിരിക്കണം. അടുത്തകാലത്തായിട്ട് നമ്മുടെ ഭാഷയെക്കുറിച്ച് ഒരു അവബോധം ഉണ്ടായിട്ടുണ്ട്. അപ്പോൾ ഇനിയങ്ങോട്ട് നമ്മുടെ ഭാഷയെ വികസിപ്പിക്കണം, എല്ലാതലങ്ങളിലും, ജീവിതത്തിന്റെ എല്ലാ മേഖലകളിലും മലയാളഭാഷ കടന്നുവരണം. ഭരണഭാഷ മലയാളമാക്കണം. അതിനുള്ള തടസ്സങ്ങൾ നീക്കാൻ നമ്മൾ ഒന്നിച്ച് പ്രവർത്തിക്കണം. വൈവിധ്യങ്ങളുടെ, ബഹുസ്വരതയുടെ ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. ചിലർ ചില ഭാഷകളെ നമ്മുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഒരു ജനതയുടെ ഭാഷ മറ്റൊരു ജനതയുടെ മേൽ അടിച്ചേൽപ്പിക്കാൻ പാടില്ല. കാരണം ഓരോ ജനതയുടെയും ആത്മാവിഷ്കാരം അവരുടെ മാതൃഭാഷയിലാണ്. അതുകൊണ്ട് നമ്മുടെ ഭാഷയെ ഉയർത്തിപ്പിടിക്കുക. നമ്മുടെ ഭാഷ ഒട്ടും താഴെയല്ല എന്ന ആത്മാഭിമാനം നമുക്ക് ഉണ്ടാവണം.

മലയാളഭാഷയുടെ സംരക്ഷണത്തിനും വ്യാപനത്തിനും വേണ്ടി നമ്മുടെ സർക്കാർ ഒരുപാട് പ്രവർത്തിക്കുന്നുണ്ട്. ആ പ്രവർത്തനങ്ങൾ നമ്മൾ മനസ്സിലാക്കുകയും അതിൽ അഭിമാനിക്കുകയും ചെയ്യണം. നമ്മുടെ മാതൃഭാഷയെ, നമ്മൾ സ്വപ്നം കാണുന്ന ഭാഷയെ വികസിപ്പിക്കാൻ ശ്രമിക്കുന്ന ഒരു സർക്കാർ ഇവിടെയുണ്ട് എന്നത് നമ്മുടെ ഭാഗ്യമാണ്. ഭാഷയ്ക്കും സംസ്കാരത്തിനും വേണ്ടിയുള്ള ഈ സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളെയും നമ്മൾ പിന്താങ്ങണം. നമ്മൾ കൂടെയുണ്ടാവണം. ■

*നവംബർ ഒന്നിന് മലയാളദിനാഘോഷത്തിന്റെയും ഭരണഭാഷാവാരാഘോഷത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിൽ നടത്തിയ പ്രഭാഷണത്തിൽനിന്ന്*

# സംസ്ഥാന സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരം (2022) ലഭിച്ച സേതുവിന്റെ രചനാലോകം




**എസ്.ആർ. ലാൽ**
കഥാകൃത്ത്


സേതുവിന്റെ എഴുത്ത് അതീവ ലാളിത്യമാർന്ന ഒന്നല്ല. ധാരാളം അടരുകളുള്ള, ഉള്ളറകളുള്ള എഴുത്താണ് അദ്ദേഹത്തിന്റേത്. നേരും സ്വപ്നവും ഭ്രമാത്മകതയുമെല്ലാംചേർന്ന രൂപഘടന അദ്ദേഹത്തിന്റെ രചനകളുടെ പൊതുസവിശേഷതയായി പറയാവുന്നതാണ്. മനുഷ്യമനസ്സിന്റെ ഇരുൾനിലങ്ങളിലേക്കാണ് സ്വപ്നങ്ങളിലും യാഥാർഥ്യങ്ങളിലും മാറിമാറിച്ചവിട്ടിയും കാലിടറിയും നിവർന്നുനിന്നും ഭീതിയോടെയും നെഞ്ചുനിവർത്തിയും സേതുവിന്റെ കഥാപാത്രങ്ങൾ സഞ്ചരിക്കുന്നത്. എങ്ങനെയാണ് ഈ ഭ്രമാത്മകതയുടെ ലോകം തന്റെ കഥകളിലേക്ക് കടന്നുവന്നതെന്ന് സേതു പറഞ്ഞിട്ടുണ്ട്- 'നന്നെ കുട്ടിക്കാലത്തെ ചില വിചിത്രമായ സങ്കല്പങ്ങളും നിറപ്പകിട്ടുള്ള മിത്തുകളും ലജന്റുകളും എന്റെ കഥകളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. ജ്യോത്സ്യന്മാരും മന്ത്രവാദികളും വെളുപ്പാടും സർപ്പക്കാവുകളും യക്ഷിപ്പാലകളും കളരി ദൈവങ്ങളുമൊക്കെ നിറഞ്ഞ അന്തരീക്ഷമാണവിടെ.' ഭ്രമാത്മകതയും യാഥാർഥ്യവും എഴുത്തിൽ എന്തുകൊണ്ട് മുന്തിനിൽക്കുന്നു എന്നതിന് ഉത്തരംകൂടിയാണ് ഇത്.

ആധുനികത കത്തിനിന്ന കാലത്താണ് സേതുവിന്റെ എഴുത്തിലേക്കുള്ള കടന്നുവരവ്. ആധുനികതയുടെ കടലിലൂടെ നീന്തിയെങ്കിലും സ്വന്തമായൊരു വൻകര അദ്ദേഹം വൈകാതെ കണ്ടെത്തി. അതുകൊണ്ടുതന്നെ സേതു മലയാളത്തിലെ തലപ്പൊക്കമുള്ള എഴുത്തുകാരനായി പരിണമിച്ചു. ജോലിസംബന്ധമായ പുറംനാടുമായുള്ള ബന്ധം അദ്ദേഹത്തിന്റെ എഴുത്തിന് ഒരു ലോകബോധം നിർമ്മിച്ചുനൽകി. എഴുത്തുകാരനെന്ന നിലയിൽ ഞാൻ തൊടാൻ നോക്കുന്നത് നാടിനെയല്ല, ലോകത്തെയാണ് എന്നദ്ദേഹം പറയുന്നത് അതുകൊണ്ടാണ്. പുതിയ ലോകം നിർമിക്കുന്ന സംഘർഷങ്ങൾ, അതിൽ നട്ടംതിരിയുന്ന മനുഷ്യർ അവർക്കുവന്നുചേരുന്ന ജീവിത ശൈഥില്യങ്ങൾ, സൈബർ ലോകം സൃഷ്ടിക്കുന്ന അന്തരാളഘട്ടം അശാന്തമായ മനസ്സിന്റെ വിദൂരസഞ്ചാരങ്ങൾ ഇവയൊക്കെ സേതുവിന്റെ എഴുത്തിന് ഇഷ്ടവിഷയമാണ്.

## പാണ്ഡവപുരം


സേതു എന്ന പേരിനൊപ്പം വായനക്കാരന്റെ മനസ്സിൽ പതിഞ്ഞ പുസ്തകമാണ് 'പാണ്ഡവപുരം' എന്ന

# കഥയുടെ ഭ്രമാത്മകലോകം

നോവൽ. 1979 ലാണ് 'പാണ്ഡവപുരം' പ്രസിദ്ധീകരിക്കുന്നത്. പാണ്ഡവപുരത്തെ ജാരന്റെ കഥ മലയാളസാഹിത്യത്തെ പിടിച്ചുകുലുക്കുകയും മാറ്റിപ്പണിയുകയും ചെയ്തു. ആൺപെൺബന്ധങ്ങളുടെ വിചിത്രമായ മനോനിലകളിലൂടെയുള്ള സഞ്ചാരമാണ് പാണ്ഡവപുരം പറയുന്നത്. ഭാവനയുടെ അതിരുകളില്ലാത്ത ആകാശമാണ് ആ നോവൽ തുറന്നിട്ടത്. ബഹുഭർത്തൃത്വം, ഭൂതകാല സ്വപ്നങ്ങൾ, മനുഷ്യരിൽ ഒരിക്കലും ഒടുങ്ങാത്ത കാമനകൾ, സമൂഹത്തിനുമുന്നിൽ സ്ത്രീ നേരിടുന്ന വിലക്കുകൾ തുടങ്ങി ഒരുപാട് തുറസ്സുകളിലേക്ക് ഈ കൃതി സഞ്ചരിക്കുന്നുണ്ട്. നോവലിനെ ആധാരമാക്കി അതേ പേരിൽ ജി.എസ്. പണിക്കർ സിനിമ സംവിധാനം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, അടയാളങ്ങൾ, കൈമുദ്രകൾ, നിയോഗം തുടങ്ങിയവ സേതുവിന്റെ ശ്രദ്ധേയമായ നോവലുകളാണ്. നവഗ്രഹങ്ങളുടെ തടവറ എന്നപേരിൽ പുനത്തിൽ കുഞ്ഞബ്ദുള്ളയുമായി ചേർന്ന നോവൽ എഴുതിയിട്ടുണ്ട്. തിങ്കളാഴ്ചകളിലെ ആകാശം, ഗുരു, വെളുത്ത കൂടാരങ്ങൾ, കടം, ജലസമാധി തുടങ്ങിയവ അദ്ദേഹത്തിന്റെ ഏറെ ചർച്ച ചെയ്യപ്പെട്ട കഥകളാണ്.

എറണാകുളം ജില്ലയിലെ ചേന്ദമംഗലത്താണ് 1942 ൽ സേതുവിന്റെ ജനനം. ശാസ്ത്രത്തിൽ ബിരുദംനേടിയ ശേഷം വടക്കേ ഇന്ത്യയിലെ പല സർക്കാർ വകുപ്പുകളിലും ജോലി നോക്കി. പിന്നീട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രൊബേഷനറി ഓഫീസറായി ചേർന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ്, കോർപ്പറേഷൻ ബാങ്ക് തുടങ്ങിയ ബാങ്കുകളിൽ ജോലിചെയതു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചെയർമാനായി ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചു. നാഷണൽ ബുക് ട്രസ്റ്റിന്റെ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

ഡൽഹിയിൽ ജോലിചെയ്യുന്ന കാലത്താണ് സേതു കഥയെഴുതാൻ തുടങ്ങിയത്. 1967 ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'ദാഹിക്കുന്ന ഭൂമി'യാണ് ആദ്യകഥ. കേന്ദ്രസാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി, വയലാർ പുരസ്കാരം തുടങ്ങി ഒട്ടനവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി. ഏറ്റവും ഒടുവിൽ ഇതാ, കേരളം നൽകുന്ന ഏറ്റവും സമുന്നതമായ സാഹിത്യപുരസ്കാരത്തിനും സേതു അർഹനായിരിക്കുന്നു. ■



സേതു






# ദൃശ്യോത്സവത്തിലേക്ക സ്വാഗതം

ഡിസംബർ ഒൻപത് മുതൽ 16 വരെ തിരുവനന്തപുരത്ത് നടക്കുന്ന 27-ാമത് കേരള രാജ്യാന്തര ചലച്ചിത്രോത്സവത്തിന് ഒരു തിരനോട്ടം



**സി. അജോയ്**
സെക്രട്ടറി, ചലച്ചിത്ര അക്കാദമി

മികച്ച സിനിമകളുടെ തിരഞ്ഞെടുപ്പ്, പാക്കേജുകളുടെ വൈവിധ്യം, സിനിമാസ്വാദകരുടെ സംതൃപ്തിക്ക് നൽകുന്ന പരിഗണന, സംഘാടനമികവ് എന്നിവക്കൊപ്പം ദൃശ്യചാരുതയാർന്ന കേരളത്തിന്റെ വേദിയിലാണ് അരങ്ങേറുന്നതെന്ന കാര്യം കൂടി കണക്കിലെടുക്കുമ്പോൾ ഇന്ത്യയിലെ ഏറ്റവും മികച്ച ചലച്ചിത്ര മേളയായി ഐ.എഫ്.എഫ്.കെ മാറിയിട്ടുണ്ട്. ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ സിനിമകൾക്ക് നൽകുന്ന പ്രാധാന്യം തുടക്കം മുതൽ കേരള ചലച്ചിത്രമേള ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയദർശനം കൂടിയാണ്. ഈ രാജ്യങ്ങളിൽനിന്നുള്ള സിനിമകൾ കൂടുതലായി കാണാനുള്ള അവസരം ലക്ഷ്യമിട്ടുകൂടിയാണ് മറ്റ സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഐ.എഫ്.എഫ്.കെയ്ക്കെത്തുന്നത്. ഇത്തവണയും അവർക്ക് ആഹ്ളാദമേകുന്ന നല്ല സിനിമകൾ മത്സരവിഭാഗത്തിലുൾപ്പെടെ തിരഞ്ഞെടുക്കാനായത് ചാരിതാർഥ്യമേകുന്നു.

മുൻവർഷങ്ങളെക്കാൾ മികച്ചതായിരിക്കും ഈ വർഷത്തെ ചലച്ചിത്രമേള എന്ന് ഉറപ്പാക്കാൻ ചലച്ചിത്ര അക്കാദമിയും സംഘാടകസമിതിയും എല്ലാ തയ്യാറെടുപ്പും നടത്തിക്കഴിഞ്ഞു. സംസ്ഥാന സർക്കാരും ആഗോളശ്രദ്ധ നേടിയ ചലച്ചിത്രമേളയുടെ വിജയം ഉറപ്പാക്കാൻ എല്ലാ പിന്തുണയും നൽകുന്നുണ്ട്.


14 തിയേറ്ററുകളിലായി 70 രാജ്യങ്ങളിൽനിന്നുള്ള 180ൽ പരം സിനിമകളാണ് മേളയിൽ പ്രദർശിപ്പിക്കുക. 30 വനിതാ സംവിധായകരുടെ ചിത്രങ്ങൾ പ്രദർശനത്തിനുണ്ടെന്നതും അഭിമാനാർഹമാണ്. 16,000 ത്തിലധികം പ്രതിനിധികൾ മേളയിൽ എത്തുമെന്ന് കരുതുന്നു. ഈ വർഷം മുതൽ അന്താരാഷ്ട്ര വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന ചിത്രങ്ങളുടെ പ്രതിനിധികൾ നിർബന്ധമായി സന്നിഹിതരായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മനുഷ്യരാശി ഏറ്റവും അധികം വെല്ലുവിളി നേരിട്ട രണ്ട് വർഷങ്ങളാണ് കടന്നുപോയത്. പ്രതിസന്ധികളുടെ കാറൊഴിഞ്ഞ അന്തരീക്ഷത്തിൽ കഴിഞ്ഞ വർഷങ്ങളിൽ പൊയ്പ്പോയ സൗഹൃദങ്ങളും സിനിമാസംവാദങ്ങളും മികച്ച സിനിമാ സംവിധായകരെ പരിചയപ്പെടലും വീണ്ടെടുക്കുന്ന വേദി എന്ന നിലയിൽ ഈ വർഷത്തെ മേള അതുല്യമായ അനുഭവം പ്രതിനിധികൾക്ക് സമ്മാനിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. നിരവധി മികച്ച ചിത്രങ്ങളാണ് ഈ വർഷത്തെ പട്ടികയിൽ ഉള്ളത്.

ഐ.എഫ്.എഫ്.കെയുടെ ചരിത്രത്തിൽ ആദ്യമായി ലോകസിനിമയിലെ അതുല്യസംവിധായകരുടെ ചിത്രങ്ങളുടെ ആദ്യപ്രദർശനം കാണാം. ഐ.എഫ്.എഫ്.കെ ചരിത്രത്തിൽ ഏറ്റവുമധികം ആരാധകരെ സൃഷ്ടിച്ച സംവിധായകൻ കിം കി ഡുക്കിന്റെ അവസാന ചിത്രം 'കാൾ ഓഫ് ഗോഡ്', ബഹ്മാൻ ഘോബാദിയുടെ ' ദി ഫോർ വാൾസ്' ഹിരോകോസു കൊരീദയുടെ 'ദി ബ്രോക്കർ'.








ഫാതി അകിന്റെ 'റയ്ൻ ഗോൾഡ്' എന്നിവ കാണാനുള്ള അവസരമാണ് ഒരുങ്ങുന്നത്.

## മത്സരവിഭാഗം

ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ സിനിമകളിലെ മികച്ച സംവിധായകരുടെ പുതിയ സൃഷ്ടികളും പുതിയ പ്രതിഭകളുടെ വരവും വിളിച്ചറിയിക്കുന്നതാകും അന്താരാഷ്ട്ര മത്സരവിഭാഗത്തിലെ സിനിമകൾ.

* ഹൂപോ (ഇറാൻ) സംവിധാനം: മെഹ്ദി ഗസൻഫാരി
* കെർ (തുർക്കി) സംവിധാനം: ടൈഫുൻ പിഴ്സലിമൊഗ്ലു
* കൺസേൺഡ് സിറ്റിസൺ (ഇസ്രയേൽ) സംവിധാനം: ഇഡാൻ ഹാഗ്വൽ
* കോർഡിയലി യുവേഴ്സ് (ബ്രസീൽ) സംവിധാനം: എയ്മർ ലബാകി
* ആലം (ടുണീഷ്യ) സംവിധാനം: ഫിറാസ് ഖൗരി
* കൺവീനിയൻസ് സ്റ്റോർ (റഷ്യ/ സ്ലൊവേനിയ) സംവിധാനം: മിഷേൽ ബോറോഡിൻ
* ഉതാമ (ബൊളീവിയ) സംവിധാനം: അലജന്ദ്രോ ലോയ്സ ഗ്രിസി
* മെമ്മറിലാന്റ് (വിയറ്റ്നാം) സംവിധാനം: കിം ഗുയ് ബ്യു
* ടഗ് ഓഫ് വാർ (ടാൻസാനിയ) സംവിധാനം: അമിൽ ശിവ്ജി
* ക്ലോൻഡികെ (ഉക്രയ്ൻ) സംവിധാനം: മരിന എർ ഗോർബച്ച്
* എ പ്ലേസ് ഓഫ് ഔവർ ഓൺ/ ഏക്ജഗാ അപ്നി (ഹിന്ദി) സംവിധാനം: ഏക്താര കളക്ടീവ്
* ഔവർ ഹോം (മണിപ്പൂരി) സംവിധാനം: റോമി മെയ്തെയ് മയൻഗ്ലംബം

ടൊറൊന്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ച സിനിമയാണ് 'ആലം'. ഉതാമ സൺഡാൻസ് ഫിലിം ഫെസ്റ്റിവലിൽ ഗ്രാന്റ് ജൂറി അവാർഡ് നേടിയിട്ടുണ്ട്. 'ടഗ് ഓഫ് വാർ' ആദം ഷാഫിയുടെ പുരസ്കാരം നേടിയ സ്വാഹിലി നോവലിന്റെ ചലച്ചിത്രാവിഷ്കാരമാണ്. റഷ്യ - ഉക്രയ്ൻ യുദ്ധത്തിന്റെ ആരംഭസമയത്ത് ഇരുരാജ്യങ്ങളുടേയും അതിർത്തിയിൽ കഴിയുന്ന ഉക്രയ്ൻ ദമ്പതികളുടെ കഥയാണ് 'ക്ലോൻഡികെ'. ലിജോ ജോസ് പെല്ലിശ്ശേരിയുടെ 'നൻപകൽ നേരത്തു മയക്കം', മഹേഷ് നാരായണന്റെ 'അറിയിപ്പ്' എന്നിവയാണ് മത്സരവിഭാഗത്തിലെ മലയാളസിനിമകൾ.

## സെർബിയയുടെ നിറഭേദങ്ങൾ

ആറ് സെർബിയൻ ചിത്രങ്ങളാണ് 'കൺട്രി ഫോക്കസ്' വിഭാഗത്തിൽ പ്രദർശിപ്പിക്കുന്നത്.

* വർക്കിംഗ് ക്ലാസ്സ് ഹീറോസ് - മിലോസ് പുസിച്
* ആസ് ഫാർ ആസ് ഐ കാൻ വോക്ക് - സ്റ്റെഫാൻ ആഴ്സെനിജെവിച്ച്
* ഫാദർ- സർദാൻ ഗോല്യബോവിച്
* ഒയാസിസ്- ഇവാൻ ഇകിച്
* എ ക്രോസ് ഇൻ ദി ഡിസർട്ട് - ഹദ്സി അലജാൻഡർ ജൂറോവിക്
* ദി ബിഹെഡിംഗ് ഓഫ് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ്- സിനിസ സ്വെറ്റിക്

'വർക്കിംഗ് ക്ലാസ്സ് ഹീറോസ്' ഈ വർഷം ബെർലിൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചിരുന്നു. 'ആസ് ഫാർ ആസ് ഐ കാൻ വോക്ക്', കാർലോവി വേരി അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ 2021ലെ മികച്ച ചിത്രത്തിനുള്ള ക്രിസ്റ്റൽ ഗ്ലോബ് അവാർഡ് നേടിയിട്ടുണ്ട്. 'ദി ബിഹെഡിംഗ് ഓഫ് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ്' ഈ വർഷത്തെ മോസ്കോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മത്സര വിഭാഗത്തിൽ പ്രദർശിപ്പിച്ചിരുന്നു.

## നിശ്ശബ്ദഭംഗികൾ

ഒരുകാലത്തെ ശബ്ദരഹിതമായിരുന്ന നിശ്ശബ്ദസിനിമകളുടെ വിഭാഗം ഈ വർഷത്തെ ആകർഷണമാകും. ഐ.എഫ്.എഫ്.കെ.യിൽ ആദ്യമായി തത്സമയസംഗീതത്തിന്റെ അകമ്പടിയോടെയാകും



നിശ്ശബ്ദസിനിമകളുടെ പ്രദർശനമെന്ന പുതുമയുമുണ്ട്. ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സൗത്ത് ബാങ്ക് തിയേറ്ററിലെ റസിഡന്റ് പിയാനിസ്റ്റ് ജോണി ബെസ്റ്റ് ആകും സംഗീത അകമ്പടിയൊരുക്കുക.

അഞ്ച് സിനിമകളാണ് ഈ വിഭാഗത്തിൽ ഉള്ളത്:

* നോസ്ഫെരാതു- സംവിധാനം: എഫ്.ഡബ്ല്യു മുർണോ
* ഫൂളിഷ് വൈഫ്സ്- സംവിധാനം: എറിക് വോൻ സ്ട്രോഹെയ്ം
* ദി ഫാന്റം കാരേജ് - സംവിധാനം: വിക്ടർ സിജോസ്ട്രോം
* ദി പാഴ്സൺസ് വിഡോ -സംവിധാനം: കാൾ തിയോഡർ ഡ്രയെർ
* ദ വുമൻ മെൻ യേൺ ഫോർ- സംവിധാനം: കർതിസ് ബെർണാഡ്

ഏറെ ശ്രദ്ധിക്കപ്പെട്ട 'നോസ്ഫെരാതു' എന്ന ഹൊറർ സിനിമ ബ്രോം സ്റ്റോക്കറുടെ 'ഡ്രാക്കുള' എന്ന നോവലിനെ അവലംബിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. 'നോസ്ഫെരാതു'വും ഹോളിവുഡിലെ ആദ്യ മില്യൺ ഡോളർ ചിത്രമായിരുന്ന 'ഫൂളിഷ് വൈഫ്സും' നൂറാം വാർഷികം ആഘോഷിക്കുന്ന സിനിമകളാണ്. അന്താരാഷ്ട്രതലത്തിൽ തന്നെ ഏറെ ശ്രദ്ധിക്കപ്പെട്ട സ്വീഡിഷ് മാസ്റ്റർപീസ് ചിത്രമാണ് 'ഫാന്റം കാരേജ്'.

## ഇന്ത്യൻ സിനിമ ഇന്ന്

ദേശീയ അവാർഡ് ജേതാക്കളായ അതാനു ഘോഷ്, ആനന്ദ് മഹാദേവൻ തുടങ്ങിയ സംവിധായകരുടേയും അൻമോൾ സിദ്ദു, സിദ്ധാർഥ് ചൗഹാൻ തുടങ്ങിയ പുതിയ സംവിധായകരുടേയും ചിത്രങ്ങൾ അണിനിരക്കുന്ന വിഭാഗമാണ് ഇന്ത്യൻ സിനിമ ഇന്ന്.

## മുർണോയുടെ നിഴലും നിലാവും

റെട്രോസ്പെക്ടീവ് വിഭാഗത്തിൽ ജർമ്മൻ സംവിധായകൻ എഫ്.ഡബ്ല്യു മുർണോയുടെ മികച്ച സിനിമകൾ പ്രദർശിപ്പിക്കും. സംഭാഷണങ്ങളില്ലാത്ത ചലച്ചിത്രങ്ങളുടെ ഒരു കാലത്തിന്റെ മാസ്റ്റർപീസുകളായി ഇന്നും സിനിമാ സ്വാദകർ ആരാധനയോടെ കാണുന്ന സിനിമകളാണ് മുർണോയുടേത്.

'തബു: ദി സ്റ്റോറി ഓഫ് സൗത്ത് സീസ്', 'സൺറൈസ് : എ സോങ്ങ് ഓഫ് ടു ഹ്യൂമൻസ്', 'ഫോസ്റ്റ്, ദി ലാസ്റ്റ് ലാഫ്', 'നോസ്ഫെരാതു' എന്നീ മുർണോ സിനിമകളാണ് പ്രദർശിപ്പിക്കുന്നത്.

## ശ്രദ്ധേയം ഈ സിനിമകൾ


* ബോയ് ഫ്രം ഹെവൻ - സംവിധാനം : താരിഖ് സലേഹ്
* ഐ ഹാവ് ഇലക്ട്രിക് ഡ്രീംസ് - സംവിധാനം: വാലന്റീന മൗറൽ
* ലൈലാസ് ബ്രദേഴ്സ് - സംവിധാനം: സയീദ് റുസ്തയി
* റൂൾ 34- സംവിധാനം : ജൂലിയ മുറാറ്റ്
* മൈ നെയ്ബർ അഡോൾഫ് - സംവിധാനം: ലിയോൺ പ്രുദോവ്സ്കി
* പ്രിസൺ 77 - സംവിധാനം: ആൽബർട്ടോ റോഡ്രിഗ്സ്
* നൈറ്റ് സൈറൻ- സംവിധാനം: തെരേസ വൊതോവ
* ഹർക്ക - സംവിധാനം : ലോട്ഫി നതാൻ
* പിയാഫെ- സംവിധാനം: ആൻ ഒറെൻ
* ആഫ്റ്റർ സൺ- സംവിധാനം: ഷാർലറ്റ് വെൽസ്

# ടോറി ആൻഡ് ലോകിത ഉദ്ഘാടന ചിത്രം

ദാർദൻ ബ്രദേഴ്സ് സംവിധാനം ചെയ്ത ടോറി ആൻഡ് ലോകിതയാണ് ഉദ്ഘാടന ചിത്രം. ഫ്രഞ്ച് ഭാഷയിലുള്ള ഈ ബെൽജിയൻ ചിത്രത്തിന്റെ ഇന്ത്യയിലെ ആദ്യ പ്രദർശനമാണിത്. ഈ വർഷത്തെ കാൻ ചലച്ചിത്ര മേളയിൽ പുരസ്കാരം നേടി. ചിത്രം ആഫ്രിക്കയിൽ ജനിച്ച് ബെൽജിയം തെരുവുകളിൽ വളരുന്ന അഭയാർഥികളായ ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും ആത്മബന്ധത്തിന്റെ കഥ പറയുന്നു.

## പ്രത്യേക പാക്കേജുകൾ

**ബേല താർ**



ലോക സിനിമയിലെ ഇതിഹാസമായ ഹംഗേറിയൻ സംവിധായകൻ ബേലാ താറിന് 27 ാമത് ഐ.എഫ്.എഫ്.കെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകും. പത്ത് ലക്ഷം രൂപയും ശിൽപവുമടങ്ങുന്നതാണ് അവാർഡ്.

ഇരുളും തീവ്രയാഥാർഥ്യങ്ങളും നിറഞ്ഞ ദൈനംദിനജീവിതങ്ങളെ ദാർശനികഗരിമയോടെ പകരുന്ന ആഖ്യാനങ്ങളാണ് ബേല താർ സിനിമകൾ. ദ ടൂറിൻ ഹോഴ്സ്, വെർക്ക്മീസ്റ്റർ ഹാർമണീസ് ഉൾപ്പെടെ ബേലാ താറിന്റെ ആറ് ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. ഇന്ത്യയിൽ ആദ്യമായെത്തുന്ന ബേലാ താറിന് ഡിസംബർ 16 ന് നടക്കുന്ന സമാപന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും.

**എമിർ കസ്തൂരിക**




അരികുവൽക്കരിക്കപ്പെട്ടവരുടെ ജീവിതങ്ങളെ സവിശേഷ ആഖ്യാനരീതിയിലൂടെ അവതരിപ്പിക്കുന്ന സെർബിയൻ സംവിധായകൻ എമിർ കസ്തൂരിക. കാൻ മേളയിൽ രണ്ടുതവണ പാംഡിഓർ നേടിയിട്ടുണ്ട് കസ്തൂരിക.

## പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ:

പ്രോമിസ് മി ദിസ്, അണ്ടർഗ്രൗണ്ട് , ലൈഫ് ഈസ് എ മിറക്കിൾ, ബ്ളാക്ക് ക്യാറ്റ്, വൈറ്റ് ക്യാറ്റ്

**അലഹാന്ദ്രോ ജൊദോറോവ്സ്കി**



സർറിയലിസ്റ്റ് സിനിമയുടെ ആചാര്യനെന്നറിയപ്പെടുന്ന ചിലിയൻ- ഫ്രഞ്ച് സംവിധായകൻ അലഹാന്ദ്രോ ജൊദോറോവ്സ്കിയുടെ പാക്കേജുമുണ്ടാകും. സറിയലിസത്തിന്റെയും സവിശേഷമായ ആത്മീയതയുടേയും കെട്ടുംനിറങ്ങളിൽ ചാലിച്ച സമ്മേളനമാണ് ജൊഡോറോവ്സ്കി സിനിമകൾ. ■



ടോറി ആൻഡ് ലോകിത

# ശബ്ദമില്ലാത്തവരുടെ ശബ്ദമാണ് ചലച്ചിത്രങ്ങൾ

ഐഎഫ്എഫ്കെയിൽ ഈ വർഷത്തെ സ്പിരിറ്റ് ഓഫ് സിനിമ അവാർഡിന് അർഹയായ ഇറാനിയൻ സംവിധായകയും ആക്ടിവിസ്റ്റും കൂടിയായ മഹ്നാസ് മൊഹമ്മദിയുമായി ഇ-മെയിൽ വഴി നടത്തിയ അഭിമുഖം



മഹ്നാസ് മൊഹമ്മദി /
ഡോ.അപർണ അജിത്

### സ്ത്രീകൾക്കുവേണ്ടി പോരാടാൻ ശക്തമായ ഒരു ഉപകരണമാണോ സിനിമ?

സ്ത്രീയവസ്ഥയുടെ യാഥാർഥ്യം വെളിവാക്കുന്ന ഒരു കണ്ണാടിയായി സിനിമയെ ഉപയോഗിക്കാമെങ്കിൽ അതൊരു ശക്തമായ ഉപകരണം തന്നെയെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പുരുഷാധിപത്യത്തിൽ കരങ്ങൾ കെട്ടിയിടപ്പെട്ടിരിക്കുന്ന പുരുഷന്മാരുടെയല്ലാതെ സ്ത്രീകളുടെ കാഴ്ചപ്പാടിൽനിന്നാകുമ്പോൾ പ്രത്യേകിച്ചും. അത് ശബ്ദമില്ലാത്തവരുടെ ശബ്ദമാണെന്നു ഞാൻ പറയും.

### ഈ കഴിഞ്ഞ രണ്ടു ദശാബ്ദ കാലയളവിൽ താങ്കളുടെ സിനിമകളിലുണ്ടായ മാറ്റത്തെക്കുറിച്ച് പങ്കുവെക്കാമോ?

ഏറ്റവും വലിയ മാറ്റം ഒരുപക്ഷെ സമൂഹത്തിൽ നിന്ന് അകറ്റിനിർത്തിയിരിക്കുന്ന, അഴികൾക്കുള്ളിലുള്ള സ്ത്രീ കഥാപാത്രങ്ങളെ ചിത്രീകരിക്കുന്ന 'വിമെൻ വിത്തോട്ട് ഷാഡോസി'ൽ നിന്നും സമൂഹത്തിനുള്ളിൽതന്നെ ഒറ്റപ്പെടൽ അനുഭവിക്കുന്ന കുട്ടികളുടെ കഥ പറയുന്ന 'സൺ മദറിൽ' ഞാൻ എത്തിയെന്നുള്ളതാണ്. ഈ ആഖ്യാനങ്ങളിലെയെല്ലാം മാറ്റിനിർത്താനാവാത്ത ഘടകം ഇറാനിലെ ജീവിതങ്ങളെ നിയന്ത്രിക്കുന്ന അക്ഷരാർഥത്തിലും രൂപകാർഥത്തിലുമുള്ള അഴികളാണ്.

### താങ്കൾ ഒരു സ്ത്രീയും സിനിമ സംവിധായകയുമാണെന്നത് ഈ രാജ്യത്ത് ഒരു കുറ്റവാളിയായി കരുതാനുള്ള മതിയായ കാരണങ്ങളാണെന്ന് താങ്കൾ പല അഭിമുഖങ്ങളിലും പരാമർശിച്ചിട്ടുണ്ട്. ഈ പ്രസ്താവനക്കുള്ള കാരണമെന്താണ് ?

നിങ്ങൾ ജനിക്കുന്നതിനുമുൻപുതന്നെ സമൂഹം നിങ്ങൾക്ക് വേണ്ടി നിർദേശിച്ചുവെക്കുന്ന




മഹ്നാസ് മൊഹമ്മദി

കർത്തവ്യങ്ങളുണ്ട്. അതിൽ നിന്ന് വ്യതിചലിക്കുകയാണെങ്കിൽ നിങ്ങൾ സ്വാഭാവികമായി ഒരു കുറ്റവാളിയാവുന്നു. അത്തരമൊരു സമൂഹം ഏൽപ്പിക്കുന്ന ആദർശമാതൃകകൾ ഒരു സ്ത്രീയെ അവളുടെ വാഞ്ഛകളിൽ നിന്ന് അകറ്റുകയും അവ നിഷേധിക്കുകയും ചെയ്യുന്നു. എന്നിട്ട് ഭരണകൂടപ്രത്യയശാസ്ത്രത്തിനുവേണ്ടി തന്റെ മകനെ ത്യജിക്കാൻ തയാറാകുന്ന ഒരമ്മയുടെ വേഷം നിങ്ങൾക്ക് ചാർത്തുന്നു. ഒരു സ്ത്രീയെന്ന നിലയിൽ നിങ്ങൾ ഈ വേഷത്തെ ചോദ്യം ചെയ്യുകയോ ആ വിധിയെ എതിർക്കുകയോ ചെയ്താൽ

നിങ്ങൾ ഒരു കുറ്റകൃത്യം നടത്തിയെന്നാവുന്നു.

**ജയിലിൽ അനുഭവിക്കാൻ ഇടയായ പീഡനം താങ്കളെ ഒരു നിർഭയയായ സംവിധായകയാക്കി മാറ്റിയോ?**

ഉത്തരം പറയാൻ തികച്ചും ബുദ്ധിമുട്ടുള്ള ചോദ്യമാണെങ്കിലും ഞാൻ വിശ്വസിക്കുന്നത് നിർഭയത്വമെന്നത് ഞാൻ സ്വായത്തമാക്കിയതാണ്, അത് എന്നിൽ അന്തർലീനമായതല്ലെന്നാണ്. കുറച്ചുകൂടി വ്യക്തതയോടെ പറയുകയാണെങ്കിൽ സാഹചര്യങ്ങളിൽ നിന്ന് സ്വന്തമായൊരു പാത കണ്ടെത്തുകയല്ലാതെ എനിക്കു വേറെ മാർഗമൊന്നുമുണ്ടായിരുന്നില്ല. സ്വയംകണ്ടെത്തലിന്റെയും സമൂഹത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെയും ചിത്രങ്ങളാണ് ഞാൻ തുടക്കത്തിലെടുത്തത്. എന്നാൽ ഇപ്പോൾ ഞാൻ വിശ്വസിക്കുന്നത് അവകാശവാദങ്ങളും പ്രതിബദ്ധതകളും ഇല്ലാതെ-എനിക്ക് അത് സഫലമാക്കാനാവണമെന്നില്ല- കേവലം ഞാൻ നിലകൊള്ളുന്നിടത്തുനിന്ന് സിനിമയെടുക്കുകയെന്നതാണ്.




ഏറ്റവും വലിയ മാറ്റം ഒരുപക്ഷെ സമൂഹത്തിൽ നിന്ന് അകറ്റിനിർത്തിയിരിക്കുന്ന, അഴികൾക്കുള്ളിലുള്ള സ്ത്രീ കഥാപാത്രങ്ങളെ ചിത്രീകരിക്കുന്ന 'വിമെൻ വിത്തോട്ട് ഷാഡോസി'ൽ നിന്നും സമൂഹത്തിനുള്ളിൽതന്നെ ഒറ്റപ്പെടൽ അനുഭവിക്കുന്ന കുട്ടികളുടെ കഥ പറയുന്ന 'സൺ മദറിൽ' ഞാൻ എത്തിയെന്നുള്ളതാണ്.

**സിനിമസംവിധാനത്തിലേക്കു താങ്കളെ നയിച്ചതെന്താണ് ?**

ഞാൻ വിശ്വസിക്കുന്നത് മനുഷ്യർ അവരുടെ അഭിലാഷങ്ങളുടെ സൃഷ്ടികളാണെന്നാണ് . എന്നാൽ ജീവിതാവസ്ഥകൾ ഈ അഭിലാഷങ്ങളെ സ്വാധീനിക്കാറുണ്ട്. ഞാൻ എപ്പോഴും എഴുതാനാഗ്രഹിച്ചു പക്ഷെ സാഹചര്യങ്ങൾ എന്നെയൊരു സംവിധായികയാക്കിമാറ്റി.

സ്ത്രീകേന്ദ്രിതമായ സിനിമകളും ഡോക്യുമെന്ററികളും സംവിധാനം ചെയ്യാൻ പ്രചോദിപ്പിച്ചതെന്താണ്

ലോകത്തെ സ്ത്രീകളുടെ അവസ്ഥ എന്നിലെപ്പോഴും ഞെട്ടലുണ്ടാക്കിയിട്ടുണ്ട്. ഞങ്ങൾ ഈ ലോകത്തെ ഏറ്റവും വലിയ ന്യൂനപക്ഷമാണ്. ഞങ്ങളുടെ കൂട്ടായ വേദനയെപ്പറ്റി സംസാരിക്കുന്നതിനും മാറ്റം ആവശ്യപ്പെടുന്നതിനും അത് ഒരു മതിയായ കാരണം തന്നെയല്ലേ.

**താങ്കളുടെ ആദ്യ മുഴുനീള ഫീച്ചർ ഫിലിം എടുത്ത അനുഭവം പങ്കുവെക്കാമോ?**

അത് വളരെ വിലപ്പെട്ട ഒരനുഭവംതന്നെയാണ്. അന്നത്തെ നിയന്ത്രണങ്ങളും പരിമിതികളും അവഹേളനങ്ങളും കാരണം ഒരു നിർമാതാവിനെ കണ്ടെത്താനും അനുമതികൾ നേടിയെടുക്കാനും അഞ്ചുവർഷമെടുത്തു. എങ്കിലും ഞങ്ങളുടേത് അത്രമേൽ ഉറച്ച കൂട്ടായ്മയായിരുന്നതിനാൽ ഈ അവസരം അത്ര അനായാസ മൊന്നുമായിരിക്കില്ലെന്നും സമൂഹത്തിന്റെ സ്പന്ദിക്കുന്ന ഹൃദയത്തിൽ നിന്നതന്നെ നേരിട്ട് വന്ന രചനയാണതെന്നും മനസ്സിലാക്കാനായിരുന്നു. അത് ഞങ്ങളോരോരുത്തർക്കും ആ സിനിമയോടു അഭിനിവേശവും പ്രതിജ്ഞാബദ്ധതയോടുമുണ്ടാക്കി. ഒരിക്കലും ബോക്സ്ഓഫീസ് വില്പനയായിരുന്നില്ല, ഈ വികാരമാണ് ഞങ്ങളെ ഒരുമിച്ചുനിർത്തിയതും മുന്നോട്ടുപോകാൻ പ്രചോദനമായതും. ഞങ്ങളുടെ വ്യക്തിപരവും സഞ്ചിതവുമായ വേദനകളും മാറ്റത്തിനുവേണ്ടിയുള്ള പ്രത്യാശയും പങ്കുവെച്ചു.

**താങ്കളുടെ ഇറാൻ ജീവിതം സിനിമ നിർമ്മിക്കുന്നതിന് ഒരുപാട് പ്രമേയങ്ങൾ നൽകുന്നുണ്ടോ ?**

മുൻപാണെങ്കിൽ ഞാൻ ഈ വീക്ഷണത്തോട് യോജിക്കുമായിരുന്നു. എന്നാൽ ഇന്ന്, എട്ട് വയസുള്ള കുട്ടികളെ വെടിയേറ്റ് കൊല്ലപ്പെടുമ്പോൾ സിനിമ നിർമിക്കുന്നത് പകരാനാവാത്തതും അസംബന്ധവുമായ ഒരാശയമായി മാറുന്നു.

**അബ്ബാസ് കിയാരോസ്തമി, മജീദ് മജീദി, ജാഫർ പനാഹി, ദര്ഇഷ് മെഹ്ര്ജ്യയ് , മനിജേ ഹെക്മത്, മൊഹ്സീൻ മകൽബഫ് , താമിനേഹ് മിലാനി, സമീറ മഖ്മൽബഫ് തുടങ്ങിയവരാൽ സമ്പന്നമായ ഇറാനിയൻ സംവിധായകരുടെ ഒരു താരസമൂഹം തന്നെയുണ്ട്. ഇവരുടെ സിനിമകൾ താങ്കൾക്കും ഭാവിസംവിധായകർക്കും പ്രചോദനമാണോ?**

നിങ്ങൾ ഇവിടെ ഉപയോഗിച്ച പദം താരസമൂഹമെന്നാണ്. എനിക്ക് പറയാനുള്ളത് ഇത്തരം പല നക്ഷത്രക്കൂട്ടങ്ങളെയും തിരിച്ചറിയാതെ പോവുകയോ ബലമായി കെടുത്തിക്കളയുകയോ ചെയ്യുന്നുണ്ടെന്നാണ്. പ്രചാരണ ചിത്രങ്ങളുടെ ആധിക്യം വീഴ്ത്തുന്ന അതിശക്തമായ നിഴൽ നക്ഷത്രമാലയിലെ പല ഏകാന്തതാരങ്ങളെയും കെടുത്തിക്കളയുന്നു.

ചോദ്യത്തിലേക്കുവരികയാണെങ്കിൽ തീർച്ചയായും ജാഫർ പനാഹിയും അദ്ദേഹത്തിന്റെ സിനിമകളും എല്ലായ്പ്പോഴും എനിക്ക് പ്രചോദനമാണ്. ■



FIFA WORLD CUP Qatar2022

**പിണറായി വിജയൻ**
മുഖ്യമന്ത്രി

# കേരളത്തിന്റെയും ലോകകപ്പ്

ഖത്തറിൽ അരങ്ങേറുന്ന ഫുട്ബോൾ ലോകകപ്പിന്റെ ആഘോഷത്തിലാണ് നാടാകെ. മലയാളികളുടെ ഫുട്ബോൾപ്രേമം പ്രസിദ്ധമാണ്. പെലെ, മറഡോണ, പ്ലാറ്റിനി, ബെക്കൻബോവർ പോലുള്ള മഹാരഥന്മാരുടെ പ്രകടനങ്ങൾകണ്ടു തളിർത്ത ആ ഫുട്ബോൾ ജ്വരം ഇന്ന് മെസ്സി, റൊണാൾഡോ, നെയ്മർ പോലുള്ള പ്രഗത്ഭരായ താരങ്ങളിലൂടെ ആകാശം മുട്ടെ വളർന്നിരിക്കുന്നു. കോഴിക്കോട് പുള്ളാവൂരിൽ കുറുങ്ങാട്ട്കടവ് പുഴയ്ക്ക് കുറുകെ ഉയർത്തിയ ഭീമാകാരങ്ങളായ കട്ട് ഔട്ടുകൾ അന്താരാഷ്ട്രശ്രദ്ധ നേടിയിരുന്നു. പൊതുവിടങ്ങളിലെല്ലാം ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ ചൂടു പിടിക്കുകയാണ്. സൗഹൃദമത്സരങ്ങളും ജാഥകളും തുടങ്ങിയ എണ്ണിയാൽ തീരാത്ത പരിപാടികൾ സംഘടിക്കപ്പെടുന്നു.

ലോകകപ്പിന് ഖത്തർ ആതിഥേയത്വം വഹിക്കുന്നുവെന്നത് മലയാളികളെ സംബന്ധിച്ച് ഏറെ ആവേശകരമായ കാര്യമാണ്. ധാരാളം മലയാളി പ്രവാസികളുള്ള രാജ്യമാണ് ഖത്തർ. ഇതുവഴി നമ്മുടെ ഫുട്ബോൾ പ്രേമികൾക്ക് ലോകോത്തര ഫുട്ബോൾമത്സരങ്ങൾ കാണാനുള്ള സുവർണാവസരം വന്നുചേർന്നിരിക്കുന്നു. ലോകകപ്പിന്റെ മുന്നൊരുക്കങ്ങളിലും മറ്റ് നിർമ്മാണ പ്രവൃത്തികളിലും നമ്മുടെ പ്രവാസി സഹോദരങ്ങൾ പങ്കുചേർന്നിട്ടുണ്ട്. അവരുടെ വിയർപ്പിന്റെയും കൂടി സാക്ഷാത്കാരമാണ് ഈ വിശ്വമാമാങ്കം.

ആ അർഥത്തിൽ കേരളത്തിന്റെ കൂടി ലോകകപ്പാണിത്. ഇഷ്ടടീമുകൾ ഏറ്റുമുട്ടാനൊരുങ്ങിക്കഴിഞ്ഞു. ആവേശവും ആർപ്പുവിളികളും കൂടുതൽ മുറുകട്ടെ. സ്പോർട്സ്മാൻ സ്പിരിറ്റ് ഉയർത്തിപ്പിടിച്ച് ഏറ്റവും സന്തോഷത്തോടു കൂടി ഈ ലോകകപ്പ് ഏവർക്കും ആസ്വദിക്കാൻ സാധിക്കട്ടെ. ഒരു മുൻവിധിയുമില്ലാതെ ലോകത്തെല്ലാവരും ആസ്വദിക്കുകയും ഹൃദയത്തിൽ ഏറ്റുവാങ്ങുകയും ചെയ്യുന്നവയാണ് ഫുട്ബോൾ മത്സരങ്ങൾ. അതിലേക്ക് പ്രതിലോമതയുടെയും സങ്കുചിതത്വത്തിന്റെയും വിഷകിരണങ്ങൾ കടന്നു ചെല്ലുന്നത് അനാശാസ്യകരമാണ്. ഇത്തരം ശ്രമങ്ങളെയെല്ലാം ഫുട്ബോൾ പ്രേമികൾ തള്ളിക്കളയുക തന്നെ ചെയ്യും. വിപുലമായ രീതിയിൽ ഈ ലോകകപ്പ് സന്നാഹങ്ങളൊരുക്കിയ ഖത്തറിനും അതിന് പിന്നിൽ പ്രവർത്തിച്ച മലയാളികളടക്കമുള്ളവർക്കും അഭിവാദ്യങ്ങൾ. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും വിജയാശംസകൾ.





ഫോട്ടോ: നിധീഷ് കൃഷ്ണൻ

Date of Publication: 01.11.2022
RNI No.2014/58028 Price: 12.00

NO TO DRUGS

## ഉപേക്ഷിക്കാം ലഹരിയെ

Printed and Published by H. Dineshan IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at Orange Printers Pvt Ltd, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of.Kerala, Government Secretariat, Thiruvananthapuram-695001.
Editor: H. Dineshan IAS